മാർച്ച് 2009

# പഞ്ചായത്ത് രാജ്

പുസ്തകം 48

ലക്കം 12




ചെറിയനാടിന് സ്വരാജ് ട്രോഫി



ദിശാബോധം നൽകുന്ന നീർത്തട പദ്ധതികൾ



ജനന–മരണ രജിസ്ട്രേഷൻ: കേരളത്തിന് ഒന്നാം സ്ഥാനം




## ജനസൗഹൃദ ഭരണവും ഫ്രണ്ട് ഓഫീസ് മാനേജ്മെന്റും

## അർത്ഥപൂർണ്ണമായി മാറിയ പഞ്ചായത്ത് ദിനാഘോഷം

ഊടും പാവും

വികസനത്തിന്റെ



# ഗ്രാമസഭയിൽ പങ്കെടുക്കുക!
# അധികാരം വിനിയോഗിക്കുക!

ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട്
പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

ഗ്രാമസഭ

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ
പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്


**പഞ്ചായത്ത് രാജ്**

വെബ്സൈറ്റ്
www.lsg.kerala.gov.in

**മാർച്ച് 2009**
**പുസ്തകം 48**
**ലക്കം 12**
**വാർഷിക വരിസംഖ്യ 90 രൂപ**


# പേജുകളിൽ


4 എഡിറ്ററുടെ പേജ്





**5 അർത്ഥപൂർണ്ണമായി മാറിയ പഞ്ചായത്ത് ദിനാഘോഷം**
- ജി. ഹരികൃഷ്ണൻ

- പഞ്ചായത്തീരാജിന്റെ സൽപ്പേര് നിലനിർത്തണം
- പാലോളി മുഹമ്മദ്കുട്ടി

- തൊഴിലുറപ്പു പദ്ധതി ശാസ്ത്രീയമായി നടപ്പാക്കണം
- പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ

- ഒരു പുതിയ തൊഴിൽ സംസ്ക്കാരത്തിന്റെ ഉദയം
- എസ്.എം. വിജയാനന്ദ്

- സാമൂഹ്യരംഗത്ത് അടിസ്ഥാനപരമായ മാറ്റം ഉണ്ടാകും
- സി. പി. നാരായണൻ

**14 ചെറിയനാട് മികച്ച ഗ്രാമപഞ്ചായത്ത്**
- പഞ്ചായത്ത് ന്യൂസ് സർവ്വീസ്

**18 ജനസൗഹൃദ ഭരണവും ഫ്രണ്ട് ഓഫീസ് മാനേജ്മെന്റും**
- എൻ. സുരാജ്

**21 ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്**
- വിനോദ് കുമാർ

**24 തൊഴിലുറപ്പ് പദ്ധതിയിലെ കേരളമാതൃകകൾ - ദിശാബോധം നൽകുന്ന നീർത്തട വികസനപദ്ധതികൾ**
- അജിത് വെണ്ണിയൂർ

**28 ഉന്മാദംപൂണ്ട അധികാരിവർഗ്ഗം**
- ഡോ. എം.എസ്. രാധാകൃഷ്ണപിള്ള

**31 നെല്ലനാട് മികച്ച പെർഫോമൻസ്**
- അഭിമുഖം

**34 തേഞ്ഞുമാഞ്ഞുപോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ**
- മുരളീധരൻ തഴക്കര

**37 ആസ്തമ**
- ഡോ. തോമസ് വർഗ്ഗീസ്

**38 തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ**
- റോയി ചാക്കോ ഇളമണ്ണൂർ

**39 ഭീകരവാദത്തോടുള്ള സാമൂഹിക പ്രതികരണം**
- എ.പി. മഹേശ്വരി



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
**ഡയറക്ടർ**
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്
**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**എം. വി. ഗിരീഷ് കുമാർ**
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ

കൺവീനർ
**ഡോ. വി.എം. ഗോപാലമേനോൻ**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**ഡോ. വി.എം. ഗോപാലമേനോൻ**, IAS
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail:pub.off@gmail.com
Ph: 0471-2321054

കവർ ഡിസൈൻ
**ഷംനാദ്**

ലേ ഔട്ട്
**ഐസൻ ജോസ്**



**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

## മികച്ച പഞ്ചായത്തുകൾക്ക് അഭിനന്ദനം

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്ത് 2006-07 ലെ മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നേടി. പാലക്കാടും, തൃശൂർ ജില്ലയിലെ മുല്ലശ്ശേരിയും യഥാക്രമം മികച്ച ജില്ല, ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള അവാർഡുകൾ കരസ്ഥമാക്കി. അവാർഡ് നേടിയ എല്ലാ സ്ഥാപനങ്ങളെയും അഭിനന്ദിക്കുന്നു.

നൂറ്റിയമ്പത് ഏക്കർ സ്ഥലത്ത് 400 വനിതകളുടെ നേതൃത്വത്തിൽ സമഗ്രപച്ചക്കറികൃഷി, പട്ടികജാതി സ്വയം സഹായസംഘത്തിന്റെ നേതൃത്വത്തിൽ തരിശുഭൂമിയിൽ നെൽകൃഷി എന്നിങ്ങനെ കാർഷിക മേഖലയിൽ ഭക്ഷ്യസുരക്ഷയ്ക്ക് പ്രാധാന്യം നൽകി ചെറിയനാട് ആവിഷ്ക്കരിച്ച നൂതന പദ്ധതികൾ അവാർഡിന് പരിഗണിച്ചിരുന്നു. സമ്മാനതുകയായി 5 ലക്ഷം രൂപയും പദ്ധതി സഹായധനമായി 25 ലക്ഷം രൂപയും ചെറിയനാടിന് ലഭിച്ചു. രാജ്യത്തെ പ്രഥമ വ്യവഹാര നിയന്ത്രിത പഞ്ചായത്തായും നിയമ സാക്ഷരതാ പഞ്ചായത്തായും മാറിയ ചെറിയനാടിന്റെ മാതൃകാപ്രവർത്തനങ്ങൾ ഇതിനു മുൻപും ഈ പംക്തിയിൽ ഇടം നേടിയിട്ടുണ്ട്.

ഇന്ന് ഇന്ത്യയിൽ അധികാരവും സമ്പത്തുംകൊണ്ട് ഏറ്റവും ശക്തമായ തദ്ദേശഭരണ സ്ഥാപനങ്ങളുള്ള സംസ്ഥാനം കേരളമാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്കിടയിൽ ആരോഗ്യകരമായ ഒരു മത്സരസ്വഭാവം വളർത്തിയെടുക്കുന്നത് ഭരണവികസന ക്ഷേമരംഗങ്ങളിൽ മികച്ചപ്രവർത്തനം കാഴ്ചവയ്ക്കുന്നതിന് അവസരമൊരുക്കും എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ എല്ലാ വർഷവും മികച്ച സ്ഥാപനങ്ങൾക്ക് അവാർഡ് ഏർപ്പെടുത്തിയത്. വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഗ്രാന്റിന്റെയും 75 ശതമാനം വിനിയോഗം, 90 ശതമാനം നികുതി പിരിവ്, ഓരോ വാർഡിലും നാല് ഗ്രാമസഭകൾ, 2005-06 വരെയുള്ള വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുക തുടങ്ങിയ മാനദണ്ഡങ്ങളായിരുന്നു അവാർഡുകൾക്ക് നിശ്ചയിച്ചിരുന്നത്. അവാർഡിനായി 97 ഗ്രാമപഞ്ചായത്തുകളാണ് അപേക്ഷിച്ചിരുന്നത്. ഇവയിൽ തന്നെ അർഹതാമാനദണ്ഡം പാലിച്ച് യോഗ്യതാ മാർക്ക് നേടിയത് 13 എണ്ണം മാത്രമായിരുന്നു! സംസ്ഥാനത്തെ മികച്ച ഗ്രാമപഞ്ചായത്തിനു പുറമേ ഓരോ ജില്ലയിലെയും ഒന്നും രണ്ടും സ്ഥാനക്കാർക്കും അവാർഡും സഹായധനവും നൽകുന്നുണ്ട്. എന്നാൽ നിശ്ചിത യോഗ്യതാ മാർക്ക് നേടാത്തതിനാൽ തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, വയനാട്, കാസർകോട് എന്നീ ജില്ലകളിൽനിന്നും ഒന്നും രണ്ടും സ്ഥാനത്തിന് അർഹതയുള്ള ഗ്രാമപഞ്ചായത്തുകളില്ലായിരുന്നു. സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അവാർഡ് തുകകളിൽ വച്ച് ഏറ്റവും ഉയർന്ന തുകയാണ് സ്വരാജ് ട്രോഫിയോടൊപ്പം നൽകുന്നത്. ജില്ലാതലത്തിൽ ഒന്നാം സ്ഥാനക്കാർക്ക് പത്ത് ലക്ഷം രൂപയും രണ്ടാംസ്ഥാനക്കാർക്ക് 5ലക്ഷം രൂപയും സഹായധനം ലഭിക്കും. ലളിതമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ട് പോലും മേല്പറഞ്ഞ ഒമ്പത് ജില്ലകളിലെ 585 ഗ്രാമപഞ്ചായത്തുകളിൽ ഒന്നിനുപോലും ഈ അവാർഡ് സമ്പാദിക്കുവാനോ സഹായധനം വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടുവാനോ കഴിയാതെ പോയത് ഖേദകരമാണ്. ഈ സ്ഥിതിക്ക് മാറ്റം ഉണ്ടാകണം.

ഫണ്ടുകളുടെ വിനിയോഗത്തിലും വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെയേറെ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ നിയമം അനുശാസിക്കും വിധം ഗ്രാമസഭകൾ മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരാത്തത് കാരണം മിക്ക ഗ്രാമപഞ്ചായത്തുകൾക്കും അവാർഡിന് അപേക്ഷിക്കുന്നതിനു പോലും കഴിഞ്ഞില്ല. ഭരണത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം നൽകുന്ന സംവിധാനമാണ് ഗ്രാമസഭ. ആസൂത്രണ നിർവഹണ ഭരണ പ്രക്രിയകളിൽ വൻതോതിലുണ്ടായിരുന്ന ജനപങ്കാളിത്തം നിലനിർത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടില്ല. തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ക്രിയാത്മകമായ ഇടപെടൽ ഉറപ്പുവരുത്തേണ്ടത് അധികാവികേന്ദ്രീകരണത്തിന്റെ ദീപശിഖയുടെ മുന്നോട്ടുള്ള പ്രയാണത്തിന് അത്യാവശ്യമാണ്. പ്രാദേശിക ഭരണകൂടങ്ങൾക്ക് അധികാരവും വിഭവവും നൽകിയത് ഇനിയും ദഹിക്കാത്ത ഒരു വിഭാഗം അവസരങ്ങൾക്കായി തക്കം പാർത്തിരിക്കുന്ന കാര്യം വിസ്മരിക്കരുത്. അവാർഡ് നേടിയവരെ മാതൃകയാക്കി മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനമായി മാറുന്നതിന് മത്സരബുദ്ധിയോടുകൂടി പ്രവർത്തിക്കാൻ എല്ലാ സ്ഥാപനങ്ങളും മുന്നോട്ടു വരുമെന്ന് പ്രതീക്ഷിക്കുന്നു.



**എഡിറ്റർ**





*തൃശൂരിൽ വച്ചു നടന്ന പഞ്ചായത്ത് ദിനാഘോഷം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഉദ്ഘാടനം ചെയ്യുന്നു.*

# അർത്ഥപൂർണ്ണമായി മാറിയ പഞ്ചായത്ത് ദിനാഘോഷം

**ജി. ഹരികൃഷ്ണൻ**

ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ അധികാരവികേന്ദ്രീകരണം നടപ്പിൽവരുത്തി ഭരണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തിയാൽ മാത്രമേ ഗ്രാമങ്ങളുടെ സമുദ്ധാരണം സാദ്ധ്യമാകൂവെന്ന് ആദ്യമായി ശുപാർശ ചെയ്ത യശഃശരീരനായ ബൽവന്ത്റായ് മേത്തയുടെ ജന്മദിനം (ഫെബ്രുവരി 19) കേരളം സമുചിതമായി ആഘോഷിച്ചു. ഫെബ്രുവരി 18,19 തീയതികളിൽ നടന്ന സംസ്ഥാനതല ആഘോഷപരിപാടികൾ സാംസ്കാരിക തലസ്ഥാനമായ തൃശൂരിലെ ജവഹർലാൽ കൺവെൻഷൻ സെന്ററിൽ വെച്ചാണ് നടന്നത്.

### "ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കേരളത്തിൽ"

ഫെബ്രുവരി 18 ന് വൈകുന്നേരം സെമിനാറോടുകൂടിയാണ് പരിപാടികൾ ആരംഭിച്ചത്. സെമിനാറിൽ, രാജ്യമൊട്ടാകെ വളരെയധികം ശ്രദ്ധപിടിച്ചു പറ്റിയതും ദേശീയതലത്തിൽ ചർച്ചചെയ്യപ്പെടുന്നതുമായ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് കേരള പശ്ചാത്തലത്തിൽ വിശകലനം ചെയ്തത് ഗ്രാമീണ ജനതയെ ഏറെ സ്നേഹിച്ച അവരുടെ ഉന്നമനം ആഗ്രഹിച്ച ബൽവന്ത് റായ് മേത്തയുടെ ജന്മദിനാഘോഷത്തെ അർത്ഥപൂർണ്ണമാക്കുന്നതും നീതീകരിക്കുന്നതുമായി.

സെമിനാറിൽ മോഡറേറ്ററായിരുന്ന പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ പ്രസക്തിയെക്കുറിച്ച് വിശദീകരിച്ചു. പദ്ധതി നടപ്പാക്കുമ്പോഴത്തെ പശ്ചാത്തലം, നേട്ടം, വെല്ലുവിളികൾ, ആപത്കരമായ പ്രവണതകൾ (Dangers) തുടർനടപടികൾ എന്നിവ ചുരുങ്ങിയ സമയത്തിനുള്ളിൽ സദസ്സിനുമുമ്പാകെ ലളിതമായി തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് അവതരിപ്പിച്ചു. ജില്ലയിലെ പദ്ധതിയുടെ പ്രോഗ്രാം കോർഡിനേറ്റർ കൂടിയായ ജില്ലാ കളക്ടർ ഡോ. വി.കെ. ബേബി തൃശൂരിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഉണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ച് പറഞ്ഞു. വേതനത്തിൽ നിലനിൽക്കുന്ന വ്യത്യാസം, വിതരണത്തിലെ കാലതാമസം തുടങ്ങി



*പഞ്ചായത്ത് ദിനാഘോഷം: തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പാലോളി മുഹമ്മദ് കുട്ടി പ്രതിനിധികളെ അഭിസംബോധന ചെയ്യുന്നു. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുബൈദ ഇസ്ഹാക്ക്, പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ, പ്ലാനിംഗ് ബോർഡംഗം സി. പി. നാരായണൻ, തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അമ്പാടി വേണു, പഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്. നാസറുദ്ദീൻ, പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ തുടങ്ങിയവർ വേദിയിൽ.*



*പഞ്ചായത്ത് ദിനാഘോഷം 2009 : പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ, തൃശൂർ ജില്ലാ കളക്ടർ, ഡോ. വി.കെ. ബേബി, തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അമ്പാടി വേണു, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ എന്നിവർ സെമിനാർ സമ്മേളന വേദിയിൽ.*

യവ പരിഹരിക്കപ്പെടേണ്ട വിഷയങ്ങളാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സാങ്കേതിക വിഭാഗം ജീവനക്കാരുടെ ദൗർലഭ്യം പലയിടങ്ങളിലും പദ്ധതി നടത്തിപ്പ് അവതാളത്തിലാക്കിയതായി കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്. നാസറുദ്ദീൻ അഭിപ്രായപ്പെട്ടു. സാങ്കേതിക വിഭാഗം ജീവനക്കാർക്കിടയിൽ നിലനിൽക്കുന്ന അഴിമതിക്കെതിരെ പൊരുതികൊണ്ടാണ് പഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതെന്ന് അദ്ദേഹം തുറന്നടിച്ചു. ദാരിദ്ര്യ ലഘൂകരണ യൂണിറ്റിന്റെ പ്രവർത്തനം ജനകീയവും കൂടുതൽ ചലനാത്മകവുമാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കും അദ്ദേഹം വിരൽചൂണ്ടി. വിഷയത്തെക്കുറിച്ചുള്ള വിവിധങ്ങളായ അവതരണത്തെ തുടർന്ന് വിവിധ പഞ്ചായത്ത് പ്രസിഡന്റുമാരുടെ പ്രതികരണങ്ങളിൽ പദ്ധതി നടത്തിപ്പിലുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പ്രതിഫലിച്ചു. സെമിനാർ സശ്രദ്ധം ശ്രവിച്ച പ്രതിനിധികൾ ഉന്നയിച്ച സംശയങ്ങൾക്ക് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അമ്പാടി വേണു സ്വാഗതം പറഞ്ഞ ചടങ്ങിൽ പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ കൃതജ്ഞത രേഖപ്പെടുത്തി.

ജയരാജ് വാര്യരുടെ നർമ്മ പരിപാടിയോടെയാണ് ഫെബ്രുവരി 18 ലെ പരിപാടികൾക്ക് വിരാമമായത്.

### പ്രതിനിധി സമ്മേളനം

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ രാവിലെ 10 മണിക്ക് പതാക ഉയർത്തിയതോടെ 19-ാം തീയതിയിലെ പരിപാടികൾ ആരംഭിച്ചു. രാവിലെ നടന്ന പ്രതിനിധി സമ്മേളനം കേരളത്തിൽ നടന്ന ജനകീ

# പഞ്ചായത്തീരാജിന്റെ സൽപ്പേര് നിലനിർത്തണം

പഞ്ചായത്തു ഭരണസംവിധാനത്തിന്റെ സമഗ്രമായ പരിശോധനയ്ക്കും ആവശ്യമായ തിരുത്തലുകൾക്കും വർഷാവർഷം ആചരിക്കുന്ന പഞ്ചായത്ത് ദിനാഘോഷ ചടങ്ങ് ഉപകരിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരിൽ അർപ്പിതമായ ചുമതലകൾ നിറവേറ്റുന്നതിൽ വലിയൊരളവുവരെ മുന്നോട്ടുപോയിട്ടുണ്ട്. എല്ലാം ശരിയായെന്ന് അവകാശപ്പെടുവാൻ സാധിക്കുകയില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേതുപോലെയുള്ള പ്രവർത്തനങ്ങളല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേത്. 1997ൽ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം ലഭിച്ചതിനെത്തുടർന്ന് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ടു സമർപ്പിച്ച സെൻകമ്മിറ്റി പഞ്ചായത്തുകൾക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലായെന്ന് അഭിപ്രായപ്പെട്ടു. അധികാരം വിട്ടുകൊടുത്ത മഖലകളിൽ സേവനം അനുഷ്ഠിക്കുന്നവരെ പഞ്ചായത്തുകളിൽ പുനർവിന്യസിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. ജോലി ചെയ്തിരുന്നവരെ തൊഴിൽ രഹിതരാക്കി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലാത്തതിനാൽ തത്വത്തിൽ ഈ നിർദ്ദേശത്തോട് ആർക്കും വിയോജിപ്പുണ്ടാകേണ്ട കാര്യമില്ലായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ പത്തുവർഷമായി പുനർവിന്യാസം നടന്നുവരുന്നു. ഇപ്പോഴും പൂർണ്ണമായിട്ടില്ല.



*മന്ത്രി പാലോളി മുഹമ്മദ്കുട്ടിയും സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം സി.പി. നാരായണനും പഞ്ചായത്ത് ദിനാഘോഷ ഉദ്ഘാടന വേദിയിൽ.*

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജോലിഭാരം നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. മാത്രമല്ല, കഴിഞ്ഞ കുറേക്കാലമായി കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതലായി ലഭിക്കുന്നു. അതു കൃത്യമായും ഭംഗിയായും നിർവ്വഹിക്കുന്നതിന് കൂടുതൽ ജീവനക്കാരെ ആവശ്യമാണ്. സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവാണ് ഏറ്റവുമധികം പ്രശ്നം സൃഷ്ടിക്കുന്നത്. പുനർവിന്യസിക്കപ്പെടുന്നവരുടെ ലിസ്റ്റ് വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചയുടൻതന്നെ അവരെ പഞ്ചായത്തുകളിൽ നിയമിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവെങ്കിലും സീനിയോറിട്ടിയുടെയും മറ്റും തർക്കത്തെത്തുടർന്ന് ഇക്കാര്യം കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. പദ്ധതി പ്രവർ ത്തനം അവസാന ഘട്ടത്തിലെത്തിനിൽ ക്കുന്ന സമയത്താണ് സാങ്കേതിക വിഭാഗം ജീവനക്കാർ ഇല്ലാത്ത ദുഃഖകരമായ അവസ്ഥ പഞ്ചായത്തുകളിലുണ്ടായിരിക്കുന്നത്.

പഞ്ചായത്തീരാജിന്റെ പ്രവർത്തനം ഇപ്പോഴും ശൈശവ ദശയിൽ തന്നെയാണ്. ബാലാരിഷ്ടതകൾ പലതും മാറാനുണ്ട്. അതു മനസ്സിലാക്കി പ്രവർത്തിക്കുകയാണ് വേണ്ടത്. ജനകീയാസൂത്രണം ആരംഭിച്ച വേളയിൽ ആവേശകരമായ പ്രതികരണമാണ് ജനങ്ങളിൽ നിന്നുണ്ടായത്. ആസൂത്രണത്തിലും നിർവ്വഹണത്തിലും പങ്കാളികളായ അവർ പദ്ധതികളുടെ രക്ഷിതാക്കളുമായി. ഫണ്ടിന്റെ കുറവ് പലയിടത്തും ജനങ്ങൾ പരിഹരിച്ചു. എന്നാൽ നിർഭാഗ്യവശാൽ ജനങ്ങളുടെ ആവേശം ഇന്ന് കുറഞ്ഞിരിക്കുന്നു. താത്പര്യകുറവ് എന്നു പറഞ്ഞു കുറ്റം അവരുടെമേൽ കെട്ടിവയ്ക്കുന്നതു ശരിയല്ല. ഓരോ വർഷവും നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണമായി വിജയിപ്പിച്ച് അതിന്റെ നേട്ടം ജനങ്ങളിലെത്തിക്കുവാനും, ജനങ്ങളെ കൂടെ നിർത്തുവാനും കഴിയണമെങ്കിൽ ഒരു പുതിയ രീതി അവലംബിക്കേണ്ടതുണ്ട്. താഴെത്തലം മുതൽ ഉന്നതാധികാര സമിതി വരെയുള്ള തലങ്ങളിൽ ചർച്ച ചെയ്ത് പന്ത്രണ്ട് വർ ഷത്തെ മുൻ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ചില മാറ്റങ്ങൾ വരുത്തി മുന്നോട്ടുപോകുവാനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

പദ്ധതി നടത്തിപ്പിൽ കുറ്റങ്ങളും കുറവുകളുമുണ്ട്. എന്നാൽ ഒറ്റപ്പെട്ട ചില തെറ്റായ പ്രവണതകളെ പർവ്വതീകരിച്ചും സാമാന്യവൽക്കരിച്ചും ഇതാണ് ഇവിടെ നടക്കുന്നതെന്ന് വരുത്തിതീർക്കാനുള്ള പ്രവർത്തനം ഇന്നും തുടരുന്നു. അവസരം പാർത്തിരിക്കുന്ന അധികാരവികേന്ദ്രീകരണത്തിന്റെ ശത്രുക്കളാണിവർ. ഇനിയുമൊരു തിരിച്ചുപോക്ക് ഉണ്ടാകില്ലെന്ന് വിചാരിക്കരുത്. അധികാരം താഴേയ്ക്ക് നൽകണമെന്ന് വിചാരിച്ചത് ജനനന്മ മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ്. ഇതിനെതിരെ ബോധപൂർവ്വം സംഘടിപ്പിക്കുന്ന എതിർപ്പിനേയും അവ മതിപ്പിനേയും ജാഗ്രതയോടെ നേരിടാൻ നമുക്ക് കഴിയണം. ചിലയിടങ്ങളിലെങ്കിലും ഇത്തരക്കാർക്ക് ചൂട്ടുപിടിക്കുന്ന രീതി നിലനിൽക്കുന്നുണ്ട്. ഇതിനൊരു മറുമരുന്ന് ജനപങ്കാളിത്തം വർദ്ധിപ്പിക്കലാണ്. സാധാരണ പ്രവർത്തനങ്ങൾക്കുപരിയായി ഇ.എം.എസ്സ് സമ്പൂർണ്ണഭവന പദ്ധതി, തൊഴിലുറപ്പ് പദ്ധതി, ഭക്ഷ്യസുരക്ഷ, ശുചിത്വ പദ്ധതി എന്നീ പരിപാടികൾ കൂടുതൽ പ്രാധാന്യം നൽകി നടപ്പാക്കണം.

ഗ്രാമീണ ജനതയുടെ പിന്നോക്കാവസ്ഥ മാറ്റാനും ജീവിത ചുറ്റുപാട് ഉയർത്തി പഞ്ചായത്ത് രാജിന്റെ സൽപ്പേര് മുന്നോട്ടുകൊണ്ടു പോകുവാനും കൂട്ടായി യത്നിക്കണം. നമ്മുടെ പ്രവർത്തി ആരിൽനിന്നും മറച്ചുവെയ്ക്കാതെ ഒരു തുറന്ന പുസ്തകം പോലെ മുന്നോട്ടു നയിക്കാൻ കഴിഞ്ഞാലെ പഞ്ചായത്തീരാജ് സംവിധാനം ഫലപ്രദമായി നടപ്പാക്കാനും ലക്ഷ്യപ്രാപ്തിയിലെത്തിക്കാനും നമുക്ക് സാധിക്കുകയുള്ളു.

*തൃശൂരിൽ നടന്ന പഞ്ചായത്ത് ദിനാഘോഷത്തിന്റെ പ്രതിനിധി സമ്മേളനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി നടത്തിയ പ്രസംഗത്തിൽനിന്ന്*

യാസൂത്രണമെന്ന നിശബ്ദ വിപ്ലവത്തിന് ചുക്കാൻ പിടിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഉദ്ഘാടനം ചെയ്തു. പഞ്ചായത്തീരാജിന്റെ കഴിഞ്ഞ പന്ത്രണ്ടു വർഷത്തെ അനുഭവങ്ങൾ വിലയിരുത്തിയ അദ്ദേഹം സമൂലമായി ഇനി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനിക്കുമെന്ന് പ്രതിനിധികളെ അറിയിച്ചു. തൊഴിലുറപ്പ് പദ്ധതി, ഭക്ഷ്യ സുരക്ഷ, ഇ.എം.എസ് ഭവന പരിപാടി, ശുചിത്വ പരിപാടി എന്നിവ നടപ്പാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകം പ്രാധാന്യം നൽകണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും വികസനരംഗത്ത് നല്ല ഫലമുളവാക്കിയെങ്കിലും പഞ്ചായത്തുകൾ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന ഈ ഘട്ടത്തിൽ ഉദ്യോഗസ്ഥ പുനർവിന്യാസത്തിലും, സാങ്കേതിക രംഗത്തും നിലനിൽക്കുന്ന ദൗർബല്യങ്ങൾ എത്രയും പെട്ടെന്ന് പരിഹരിക്കപ്പെടണമെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അമ്പാടി വേണു പറഞ്ഞു.

അഴിമതി രഹിതവും സുതാര്യവും സമയബന്ധിതവുമായി ജനങ്ങളുമായി മുഖാമുഖഭരണം നടത്തുന്ന കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ലോകത്തിനു തന്നെ മാതൃകയാണെന്നും ബൽവന്ത്റായ് മേത്ത ദിനത്തിൽ ഓരോ കേരളീയനും അഭിമാനിക്കാമെന്നും ആശംസകളർപ്പിക്കവെ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് കെ. നാരായണൻ പറഞ്ഞു. ചടങ്ങിൽ സ്വാഗതം ആശംസിച്ച അസോസിയേഷൻ ജനറൽസെക്രട്ടറി എസ്. നാസറുദ്ദീൻ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അക്കമിട്ട് നിരത്തി. പഞ്ചായത്തംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിക്കുക, പെൻഷൻ നടപ്പാക്കുക, ജനറൽ പർപ്പസ് ഗ്രാന്റ് വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന്റെ അനുകൂല നടപടി പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ നന്ദി പറഞ്ഞു.



*പഞ്ചായത്ത് ദിനാഘോഷം : സമാപന സമ്മേളനം തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.*

2006-07 വർഷത്തെ മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി മന്ത്രി പാലോളി മുഹമ്മദ്കുട്ടി വിതരണം ചെയ്തു. ട്രോഫി ഏറ്റുവാങ്ങുവാനും ഫോട്ടോയ്ക്ക് പോസ് ചെയ്യാനും ചിലർ കാണിച്ച തിടുക്കം സദസ്സിൽ ചിരിയുണർത്തി.

കൊടകര വികസന അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും പാർശ്വവൽകൃത ജനവിഭാഗങ്ങളെ വികസന പന്ഥാവിലെ





*പഞ്ചായത്ത് ദിനാഘോഷം 2009 : പ്രദർശന നഗരിയുടെ ഉദ്ഘാടനം പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ IAS നിർവ്വഹിക്കുന്നു. പഞ്ചായത്ത് അസോസിയേഷൻ ജില്ലാ സെക്രട്ടറി പി.വി. രവീന്ദ്രൻ മാസ്റ്റർ സമീപം.*





*ഘോഷയാത്രയിൽ പങ്കെടുക്കാനെത്തിയ കുടുംബശ്രീ പ്രവർത്തകർ.*

ത്തിക്കുന്നതിനും സഹായകരമാകുന്ന "കേരള വികസനത്തിന്റെ ഇരുളുകൾ" എന്ന എസ്.സി.പദവി പഠന ഗ്രന്ഥവും മന്ത്രി പ്രകാശനം ചെയ്തു. കായികരംഗത്ത് സംസ്ഥാന ദേശീയ തലങ്ങളിൽ മികവാർന്ന പ്രകടനം കാഴ്ചവെച്ചുകൊണ്ടിരിക്കുന്ന തൃശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബേബി പൗലോസിനും തിരുവനന്തപുരം നെല്ലനാട് പെർഫോമൻസ് ആഡിറ്റ് യൂണിറ്റിന് കീഴിലുള്ള 15 ഗ്രാമപഞ്ചായത്തുകളുടെ വാർഷിക ധനകാര്യ പത്രിക ജൂൺ 30 നകം ആഡിറ്റിന് നൽകുന്നതിന് പഞ്ചായത്തുകളെ സജ്ജമാക്കിയ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ കെ.പി സാബുക്കുട്ടൻ നായർക്കും ഉപഹാരം നൽകി.

## "എല്ലാവർക്കും പാർപ്പിടം"

പ്രതിനിധി സമ്മേളനത്തിനുശേഷം "എല്ലാവർക്കും പാർപ്പിടം- കേരള പശ്ചാത്തലത്തിൽ" എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടന്നു. 2011 ഓടെ കേരളത്തിലെ ഭവനരഹിതരായ എല്ലാ ദരിദ്രജനവിഭാഗങ്ങൾക്കും വീടും സ്ഥലവും നൽകുന്ന ഇ.എം.എസ് ഭവന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടന്നുവരുന്ന വേളയിൽ പഞ്ചായത്ത് പ്രതിനിധികൾക്ക് പദ്ധതിയെക്കുറിച്ച് നിലനിന്ന സംശയങ്ങളും ആശങ്കകളും ദുരീകരിക്കാൻ സെമിനാറിന് കഴിഞ്ഞു. പദ്ധതിയുടെ ലക്ഷ്യവും നടത്തിപ്പിലുണ്ടാകാനിടയുള്ള പ്രായോഗിക പ്രശ്നങ്ങളും, ഗുണഭോക്താക്കളുടെ പട്ടിക സംബന്ധിച്ചും വിഷയം അവതരിപ്പിച്ച് സംസാരിച്ച സംസ്ഥാന ആസൂത്രണ ബോർഡംഗം സി.പി. നാരായണൻ സവിസ്തരം പ്രതിപാദിച്ചു.

വിഷയാവതരണത്തെ തുടർന്ന് നടന്ന പ്രതികരണങ്ങളിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി നാസറുദ്ദീന്റെ അഭിപ്രായപ്രകടനം ശ്രദ്ധേയമായി. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും പദ്ധതിക്ക് വായ്പയെടുക്കുന്നതിലും ബഹുദൂരം മുന്നോട്ടുപോകാൻ കഴിഞ്ഞുവെങ്കിലും മുൻകാലങ്ങളിൽ പാർപ്പിട പദ്ധതികൾ നടപ്പിൽ വന്നപ്പോൾ ബാങ്ക് വായ്പയുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങൾ ഇപ്രാവശ്യം ആവർത്തിക്കാതിരിക്കാൻ വേണ്ടത്ര മുൻകരുതലുകൾ ഉണ്ടാകണമെന്നും പഴുതുകൾക്ക് ഇടനൽകരുതെന്നും അദ്ദേഹം പറഞ്ഞു. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് അട്ടിമറിക്കപ്പെട്ടാൽ അത് ദൂരവ്യാപകമായ ഫലമുളവാക്കുമെന്നും അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്ക് തന്നെ കോട്ടമുണ്ടാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.



ബൃഹത്തായ പൊതുജനസമ്പർക്ക പരിപാടിയായി പദ്ധതിയെ മാറ്റണമെന്ന് 'കില' ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ ആഹ്വാനം ചെയ്തു. ഗുണഭോക്തൃ പട്ടികയിലെ അനർഹരെ ഒഴിവാക്കിയില്ലെങ്കിൽ നാലായിരത്തോളം കോടി രൂപ പൊതുപണം ദുർവ്യയം ചെയ്യുന്ന സാഹചര്യമുണ്ടാകുമെന്നും അതൊഴിവാക്കാൻ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി ലിസ്റ്റ് കുറ്റമറ്റതാക്കുവാൻ പഞ്ചായത്ത് ഭരണ സമിതികൾ മുന്നോട്ടു വരണമെന്നും പ്രതിനിധികളോട് അദ്ദേഹം അഭ്യർത്ഥിച്ചു. വീട് എന്ന സങ്കല്പം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വ്യത്യസ്തമാണെന്നും 'എല്ലാവർക്കും പാർപ്പിടം' എന്ന മുദ്രാവാക്യം നടപ്പാകണമെങ്കിൽ ദരിദ്ര ജനവിഭാഗങ്ങൾക്ക് പുറമേ ചെറുവരുമാനക്കാരെകൂടി പദ്ധതിയിലുൾപ്പെടുത്തണമെന്ന് ബ്ലോക്ക് പഞ്ചാ


ശേഷം പേജ് 33

# ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളിൽ

പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് ഫെബ്രുവരി 18 ന് 'ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളിൽ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ മോഡറേറ്റർ പ്രൊഫ. സി. രവീന്ദ്രനാഥ് M L A, വിഷയാവതാരകൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് ഐ.എ.എസ് എന്നിവരുടെ അവതരണങ്ങളിലെ പ്രസക്തഭാഗങ്ങൾ.

## പദ്ധതി ശാസ്ത്രീയമായി നടപ്പാക്കണം

– പ്രൊഫ. സി. രവീന്ദ്രനാഥ് എം.എൽ.എ



ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി (NREGP) ഇന്ത്യയിൽ നടപ്പാക്കിയിട്ടുള്ള തൊഴിൽദാന പദ്ധതികളിൽ സുപ്രധാനമായ ഒന്നാണ്. ഇന്ന് നിലനിൽക്കുന്ന ആഗോള സാമ്പത്തിക സാഹചര്യത്തിൽ ഈ പദ്ധതിക്ക് വളരെയധികം പ്രസക്തിയുണ്ട്. അമേരിക്ക പോലെയുള്ള വികസിതരാജ്യങ്ങളെ സാമ്പത്തിക പ്രതിസന്ധി ബാധിച്ചിരിക്കുകയാണ്. ജനങ്ങളുടെ മൊത്തം വാങ്ങൽ ശേഷി നശിച്ചതാണ് ഈ പ്രതിസന്ധിക്ക് കാരണം. 1929 ലും, 1975 ലും ഇതു സംഭവിച്ചിട്ടുണ്ട്. നമ്മുടെ രാജ്യം പ്രതിസന്ധി നേരിടുന്നില്ലെങ്കിലും ഒരു മാന്ദ്യത്തിന്റെ ഘട്ടത്തിലാണ്. ജനങ്ങളിൽ പണമെത്തിച്ച് അവരുടെ ക്രയശേഷി വർദ്ധിപ്പിച്ചുകൊണ്ടുമാത്രമേ ഈ പ്രതിസന്ധി മറികടക്കുവാൻ കഴിയുകയുള്ളൂ. ഇവിടെയാണ് തൊഴിലുറപ്പ് പദ്ധതി പ്രസക്തമാകുന്നത്.

പരിധിയില്ലാത്ത തുകയാണ് തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രസർക്കാർ അനുവദിക്കുന്നത്. ഇപ്രകാരം അനുവദിക്കുന്ന പണം സാദ്ധ്യമാകുന്നിടത്തോളം നമ്മുടെ സംസ്ഥാനത്ത് വിനിയോഗിക്കുവാനുള്ള ചുമതല നമുക്കുണ്ട്. ഇന്ത്യയിൽ സാമ്പത്തിക മാന്ദ്യം ഏറ്റവും കൂടുതൽ ബാധിക്കുന്നത് കേരളത്തെയാണ്. പണത്തിന്റെ മൂല്യത്തകർച്ച സംസ്ഥാനത്തിന് ഗുണകരമാകുമെന്ന് വാദിച്ചവർ ഇപ്പോൾ അത് മാറ്റി പറയുകയാണ്. വിദേശങ്ങളിൽ നിന്നും ധാരാളം പേർ തൊഴിൽരഹിതരായി മടങ്ങിവന്നുകൊണ്ടിരിക്കുന്നു. നാണ്യവിളകളടക്കമുള്ളവയുടെ കയറ്റുമതിയെയും സാമ്പത്തിക പ്രതിസന്ധി വഷളാക്കിയിരിക്കുകയാണ്. അതുകൊണ്ട്തന്നെ തൊഴിലുറപ്പ് പദ്ധതിയിലൂടെ അനിയന്ത്രിതമായി ലഭിക്കുന്ന പണം ശാസ്ത്രീയമായി വിനിയോഗിക്കുവാൻ നമുക്ക് കഴിയണം. 100 ദിവസത്തെ തൊഴിലാണ് ഒരു വർഷം ഒരു കുടുംബത്തിന് പദ്ധതിമുഖേന നൽകേണ്ടത്. ഇത് ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്താൽ നൂറു ദിവസത്തെ പണിയിൽ നിന്നും മറ്റൊരു നൂറു ദിവസത്തെ പണി പുനരുല്പാദിപ്പിക്കുവാൻ കഴിയും. തൊഴിലിന്റെ പുനരുല്പാദനത്തിലൂടെ ക്രയശേഷി വർദ്ധിപ്പിക്കുവാൻ കഴിയും. അതിനായി ഉല്പാദനമേഖലയിലടക്കമുള്ള വിവിധ പദ്ധതികളുമായി തൊഴിലുറപ്പ് പദ്ധതിയെ സംയോജിപ്പിക്കുന്നതിന് കഴിയണം. സംയോജനമാണ് (Integration) പ്രാദേശികാസൂത്രണത്തിന്റെ ഏറ്റവും വലിയ ശക്തി.

ഇതിന് പുറമേ നീർത്തടാധിഷ്ഠിതമായി പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കണം. നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കുന്നതിനുള്ള ചെലവ് പഞ്ചായത്തുകൾക്ക് താങ്ങാവുന്നതിനുമപ്പുറമാണ്. അതുകൊണ്ട് സംസ്ഥാനത്തിനാകെ നീർത്തടാധിഷ്ഠിത പദ്ധതിക്കുള്ള പ്ലാൻ സർക്കാർ തലത്തിൽ തയ്യാറാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

# ഒരു പുതിയ തൊഴിൽ സംസ്ക്കാരത്തിന്റെ ഉദയം

**എസ്.എം. വിജയാനന്ദ്**



### പശ്ചാത്തലം

മുൻകാലങ്ങളിൽ നടപ്പിലാക്കിയ തൊഴിൽദാനപദ്ധതികൾ കേരളവികസന ചരിത്രത്തിലെ കറുത്ത അദ്ധ്യായങ്ങളായി ഇന്നും നിലനിൽക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിക്ക് തൊട്ടുമുൻപ് വയനാട്ടിൽ നടപ്പാക്കിയ "ഫുഡ് ഫോർ വർക്ക്" പ്രോഗ്രാമിൽ പുറത്തു പറയാൻ കൊള്ളാത്ത അഴിമതിയായിരുന്നു ദർശിച്ചത്. ഈ സാഹചര്യത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആവിഷ്ക്കരിച്ചപ്പോൾ വൻ ആശയക്കുഴപ്പമാണ് സംസ്ഥാനത്ത് നിലനിന്നിരുന്നത്. പലരും പദ്ധതിയെ അപ്രായോഗികം എന്ന് എഴുതിത്തള്ളി. ആരംഭഘട്ടത്തിലുണ്ടായ കാലതാമസം വളരെയധികം വിമർശനങ്ങൾക്കും വഴിയൊരുക്കി. എന്നാൽ അത്തരം വിമർശനങ്ങൾക്കൊന്നും കഴമ്പില്ലായെന്നു തെളിയിച്ചുകൊണ്ട് മുന്നോട്ടുപോകാൻ ഇന്ന് കഴിഞ്ഞിരിക്കുകയാണ്.

### നേട്ടം

ഇൻഡ്യയിൽ ആന്ധ്രാപ്രദേശ്, കേരളം, രാജസ്ഥാൻ എന്നിവയാണ് തൊഴിലുറപ്പു പദ്ധതിയുടെ മൂന്ന് മാതൃകാ സംസ്ഥാനങ്ങൾ. ആന്ധ്രാപ്രദേശ് സുതാര്യതയിലും സോഷ്യൽ ഓഡിറ്റിംഗിലുമാണ് മാതൃക. തൊഴിൽ തേടിയുള്ള പലായനം ഗണ്യമായി കുറയ്ക്കുവാനും ദാരിദ്ര്യം ലഘൂകരിക്കാനും രാജസ്ഥാന് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുകളുടേയും സ്ത്രീ തൊഴിലാളികളുടേയും പ്രാതിനിധ്യം പദ്ധതി നടത്തിപ്പിൽ കൊണ്ടുവരാൻ കഴിഞ്ഞതാണ് കേരളത്തിന്റെ പ്രധാന നേട്ടം.

### സ്ത്രീ ശാക്തീകരണം

കേരളത്തിൽ 5.02 ലക്ഷം കുടുംബങ്ങളാണ് പണി ചെയ്യുവാനായി മുന്നോട്ടു വന്നിട്ടുള്ളത്. പഞ്ചായത്തുകൾ ശ്രമിച്ചാൽ ഇത് എട്ടു ലക്ഷമായി ഉയർത്തുവാൻ നിഷ്പ്രയാസം കഴിയും. തൊഴിലുറപ്പ് പദ്ധതിയിൽ പണി ചെയ്യുന്നവരിൽ 82% പേർ സ്ത്രീകളാണ്. തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തത്തിൽ ദേശീയ ശരാശരിക്കും പിറകിലായിരുന്ന കേരളം തൊഴിലുറപ്പ് പദ്ധതിയിലൂടെ അതിന് മാറ്റം വരുത്തിയിരിക്കുകയാണ്. ഒരിക്കലും കൂലിപ്പണി ചെയ്യാതിരുന്ന സ്ത്രീകൾപോലും തൊഴിലുറപ്പു പദ്ധതിയെ അന്തസ്സുള്ള തൊഴിലായിക്കണ്ട് ഇന്ന് മുന്നോട്ടു വന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെ സാമൂഹിക പദവിയും സുരക്ഷയും ഉയർത്തുന്നതിന് പദ്ധതി ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്.കേരളത്തിൽ മാതൃകാപരമായി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിവരുന്ന വയനാട് ജില്ലയിൽ സ്ത്രീ തൊഴിലാളികൾ ബാങ്കു മുഖേന ലഭിക്കുന്ന വേതനം മുഴുവൻ പിൻവലിക്കാതെ ആവശ്യത്തിന് മാത്രം എടുക്കുന്നതായും ബാക്കി നിക്ഷേപമായി സൂക്ഷിക്കുന്നതായും കണ്ടു. കൂടാതെ ഈ ജില്ലയിലെ കർഷക ആത്മഹത്യ ഗണ്യമായി കുറയ്ക്കുവാനും പ്രാദേശിക സാമ്പത്തിക വികസനത്തിന് ആക്കം കൂട്ടുവാനും തൊഴിലുറപ്പ് പദ്ധതിക്കു കഴിഞ്ഞിട്ടുണ്ട്.

### പുതിയ തൊഴിൽസംസ്ക്കാരം

പുതിയൊരു തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും പദ്ധതി സഹായകമായിട്ടുണ്ട്. ആരോഗ്യമുള്ളവൻ ആരോഗ്യമില്ലാത്തവന് വേണ്ടി പണിചെയ്യുക, കാഠിന്യമുള്ള ജോലികൾ ഭാര്യക്കു വേണ്ടി ഭർത്താവു ചെയ്യുക, അലസന്മാരെ മറ്റുള്ളവർ ചേർന്ന് പണി ചെയ്യിപ്പിക്കുക തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിലെ കാഴ്ചകളാണ്. ജനകീയാസൂത്രണ കാലഘട്ടത്തേക്കാൾ പഞ്ചായത്തുകൾ ശാക്തീകരിക്കപ്പെട്ടത് തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ്. പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണം, ഇ-ഗവേർണൻസ്, സോഷ്യൽ ഓഡിറ്റ് എന്നിവയും വ്യാപകമായി നടപ്പാക്കിയത് പദ്ധതിയുടെ നേട്ടങ്ങളിൽ ചിലതാണ്. ഇതിനെക്കാൾ പരമപ്രധാനം 99.9% അഴിമതിരഹിതമായി പദ്ധതി നടപ്പാക്കുവാൻ കഴിയുന്നു എന്നുള്ളതാണ്.

### വെല്ലുവിളികൾ

തൊഴിലുറപ്പു പദ്ധതി നേരിടുന്ന പ്രധാന വെല്ലുവിളികൾ ചുവടെ പറയുന്നവയാണ്.

1. ബോധവല്ക്കരണം: പദ്ധതിയെ സംബന്ധിച്ചുള്ള അറിവ് ജനങ്ങൾക്കിടിൽ കുറവാണ്. പ്രത്യേകിച്ച് ആദിവാസിമേഖലകളിൽ. അതിനാൽ കൂടുതൽ ബോധവത്ക്കരണ പരിപാടികളിലൂടെ പദ്ധതിയുടെ വിശദാംശം ജനങ്ങളിലെത്തിക്കേണ്ടിയിരിക്കുന്നു.
2. തൊഴിൽ ആവശ്യപ്പെടുമ്പോൾ തന്നെ നൽകുവാൻ സാധിക്കണം.
3. തൊഴിലുറപ്പു പദ്ധതിയുടെ കീഴിൽ നടപ്പാക്കാവുന്ന പദ്ധതികളുടെ ശേഖരം (Shelf of projects) പഞ്ചായത്തുകൾ ഇനിയും തയ്യാറാക്കിയിട്ടില്ല.
4. കൂടുതൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാരെ എൻറോൾ ചെയ്ത് തൊഴിൽ കാർഡ് വിതരണം ചെയ്യണം.
5. നീർത്തടാധിഷ്ഠിതമായി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കണം.
6. വിവിധ മേഖലകളിലെ പദ്ധതികളുമായിട്ടുള്ള സംയോജനം (Integration).

   ജനകീയാസൂത്രണ പദ്ധതിയിലെ എല്ലാ പ്രവർത്തികളുടെയും മൺപണി NREGA യ്ക്ക് കീഴിൽ കൊണ്ടുവരാൻ കഴിയണം.
7. പ്ലാന്റേഷൻ / തീരദേശ മേഖലകളിൽ തൊഴിൽ കണ്ടെത്തണം.
8. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളെ അപേക്ഷിച്ച് പദ്ധതി നടത്തിപ്പിൽ ഗ്രാമപഞ്ചായത്തുകളുടെ വർദ്ധിച്ച ജോലിഭാരം.
9. ഉദ്യോഗസ്ഥരുടെ താല്പര്യകുറവ്.
10. പദ്ധതി നടത്തിപ്പിൽ ആക്ടിവിസ്റ്റുകളുടെ മേൽനോട്ടക്കുറവ്.
11. മാധ്യമങ്ങളുടെ താല്പര്യക്കുറവ്.
12. സാധനസാമഗ്രികളുടെ ഘടകം. (Material component)

### ആപത്കരമായ പ്രവണതകൾ

തൊഴിൽ നിയമസാധുതയുള്ള ഒരവകാശമാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തെ അടിസ്ഥാനമാക്കിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നത്. നിയമ പിൻബലമുള്ള പദ്ധതിയായതിനാൽ ആർക്കും അത്ര എളുപ്പം അതിനെ തകർക്കാൻ കഴിയില്ല. എന്നാൽ തൊഴിലുറപ്പ് പദ്ധതിയിൽ ആപത്ക്കരമായ ചില പ്രവണതകൾ കടന്നുകൂടിയിട്ടുണ്ട്.

1. വേതനം വിതരണം ചെയ്യുന്നതിലെ കാലതാമസം : ഒറീസയിൽ പോലും ഒരാഴ്ചയ്ക്കകം വേതന വിതരണം നടക്കുമ്പോൾ കേരളത്തിൽ 25 ദിവസം വരെ അത് നീണ്ടുപോകുന്നു.
2. അളവ് രേഖപ്പെടുത്തുന്നതിലെ കാലതാമസം.
3. എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവർത്തി ആരംഭിക്കുക.
4. ഇല്ലാത്ത ആളുകളെ പട്ടികയിൽപ്പെടുത്തി കാശ് മാറുക.
5. പണി ചെയ്യാതെ തന്നെ ബില്ലെഴുതി വേതനം പങ്കുവയ്ക്കുക.

### തുടർ നടപടികൾ

1. ബെയർഫൂട്ട് എഞ്ചിനീയർമാർ: ചെറിയ പ്രവർത്തികളുടെ അളവ് രേഖപ്പെടുത്തുന്നതിനും മോണിറ്റർ ചെയ്യുന്നതിനും പന്ത്രണ്ടാം ക്ലാസിൽ ഫിസിക്സ് കണക്ക് ഐച്ഛിക വിഷയമായി പഠിച്ച കുടുംബശ്രീ അംഗങ്ങളെ ദിവസക്കൂലിക്ക് ബെയർഫുട്ട് എഞ്ചിനീയർമാരായി നിയമിക്കും.
2. ടൈം & മോഷൻ സ്റ്റഡി (Time & motion study): ഒരു സാധാരണ മനുഷ്യൻ തൊഴിലുറപ്പ് പ്രവൃത്തി ചെയ്യാൻ എടുക്കുന്ന സമയം ശാസ്ത്രീയമായി പ്രാദേശികാടിസ്ഥാനത്തിൽ കണക്കാക്കി, അതിന്റെ സഹായത്തോടെ പദ്ധതി തയ്യാറാക്കും.

3. ഇലക്ട്രോണിക് ഡിസൈൻ (Electronic Design): അളവുകൾ സംബന്ധിച്ച ഡാറ്റ നൽകുമ്പോൾ പ്രവർത്തിയുടെ സ്കെച്ച് ലഭിക്കും. 40- 80% പ്രവർത്തികൾക്ക് ഇത് ഉപയോഗിക്കാം. ഇതിനു വേണ്ടിയുള്ള സോഫ്റ്റ്വെയർ തയ്യാറായിട്ടുണ്ട്.
4. തൊഴിലാളി കൂട്ടായ്മ: സംസ്ഥാനത്തൊട്ടാകെ തൊഴിൽ കാർഡ് ലഭിച്ചവരുടെ കൂട്ടായ്മ ഉണ്ടാകണം. ലേബർ ബാങ്ക് എന്ന ആശയത്തിലേക്ക് നീളുന്ന ഒരു കൂട്ടായ്മ.
5. സോഷ്യൽ ഓഡിറ്റ്: കുറ്റം കണ്ടുപിടിക്കാനല്ല, മറിച്ച് പദ്ധതി കൂടുതൽ വിജയപ്രദമാക്കുന്നതിന് എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കണം എന്ന് കണ്ടുപിടിക്കാൻ വിപുലമായ രീതിയിൽ സോഷ്യൽ ആഡിറ്റ് സംഘടിപ്പിക്കും.
6. വിഭവം പങ്കുവയ്ക്കൽ: വനം വകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തനങ്ങൾ അതാതിടങ്ങളിലെ റേഞ്ച് ആഫീസർമാരുമായി സഹകരിച്ച് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാം. ഇത്തരമൊരു സംരംഭം ഇന്ത്യയിലാദ്യമായാണ്.
7. ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ദേശീയ തൊഴിലുറപ്പ് പദ്ധതി ഒരു പ്രധാന മാനദണ്ഡമാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

കേരളത്തിൽ അഴിമതിരഹിതമായാണ് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നത്. എന്നാൽ നടത്തിപ്പിൽ എന്തെങ്കിലും ന്യൂനതകൾ ഉണ്ടോയെന്ന് പരിശോധിക്കുന്നതിനും കൂടുതൽ മികവുറ്റ രീതിയിൽ നടപ്പാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി അരുണാറോയ്, യാൻഡ്രേയ്സ് (സന്നദ്ധ പ്രവർത്തകർ), സായ്നാഥ് ( മാദ്ധ്യമ പ്രവർത്തകൻ) എന്നീ പ്രമുഖരടങ്ങിയ സംഘം വയനാട്, പാലക്കാട് ജില്ലകളിൽ സന്ദർശനം നടത്തും. പദ്ധതിയുടെ കുറഞ്ഞ വേതനം 160/- രൂപയായി ഉയർത്തുന്നതിനും നിർദ്ദേശ്മായിട്ടുണ്ട്.

തുടക്കത്തിലുണ്ടായിരുന്ന എല്ലാ ആശങ്കകളും അകറ്റി തൊഴിലുറപ്പ് പദ്ധതി കേരളത്തിന് ഒരു പുതിയ തൊഴിൽ സംസ്ക്കാരം സംഭാവന ചെയ്തിരിക്കുകയാണ്. നാല്പതിനായിരം കോടി രൂപയാണ് കേന്ദ്രം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പണമായി നേരിട്ട് വിതരണം ചെയ്യാവുന്നതല്ലേയെന്ന് അഭിപ്രായം ഉയർന്നിട്ടുണ്ട്.എന്നാൽ ഇന്നത്തെ രീതി തുടരുന്നതാണ് നല്ലത്. അത് രാജ്യത്തിനു മുമ്പാകെ തെളിയിക്കുന്നതിനുള്ള പരീക്ഷണശാലയായി കേരളത്തിന് മാറാൻ കഴിയണം.

## എല്ലാവർക്കും പാർപ്പിടം കേരള പശ്ചാത്തലത്തിൽ

# ഇ എം എസ് സമ്പൂർണ്ണ ഭവന പദ്ധതി

## സാമൂഹ്യരംഗത്ത് അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കും

**– സി.പി. നാരായണൻ**

ഫെബ്രുവരി 19ന് 'എല്ലാവർക്കും പാർപ്പിടം കേരള പശ്ചാത്തലത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ സംസ്ഥാന പ്ലാനിംങ് ബോർഡ് അംഗം സി.പി. നാരായണൻ നടത്തിയ അവതരണത്തിലെ പ്രസക്തഭാഗങ്ങൾ.

അധികാരവികേന്ദ്രീകരണത്തിന്റെ അത്രതന്നെ പ്രാധാന്യമുള്ള ഇഎംഎസ് സമ്പൂർണ്ണ ഭവന പദ്ധതി കേരളത്തിന്റെ സാമൂഹ്യരംഗത്ത് അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കും.നമുക്ക് സ്വയം അഭിമാനിക്കാനും മറ്റുള്ളവരാൽ പ്രകീർത്തിക്കപ്പെടുവാനുമുള്ള ഈ പരിപാടി നടപ്പാക്കുമ്പോൾ വേണ്ടത്ര ഗൃഹപാഠം ചെയ്യാതിരുന്നാൽ നിരവധി പോരായ്മകൾ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. സംസ്ഥാന ആസൂത്രണബോർഡിന്റെ പാർപ്പിടവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നടത്തിയ പഠനവും 2007 ലെ പ്രൊഫ. എ. അച്യുതന്റെ റിപ്പോർട്ടും കേരളത്തിൽ 10 ലക്ഷം വീടുകളുടെ കുറവാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഈ കണക്കുകളുടെ അടിസ്ഥാനത്തിലാണ് വിവിധ പദ്ധതികൾ ക്രോഡീകരിച്ചും വായ്പ സമാഹരിച്ചും വീടില്ലാത്തവർക്ക് വീടും, വീടും സ്ഥലവും ഇല്ലാത്തവർക്ക് ഭൂമി വാങ്ങി വീടുവച്ചു നൽകുന്നതിനുമായി ഇ.എം.എസ് പാർപ്പിട പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

### ഗുണഭോക്തൃ ലിസ്റ്റ്

പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ലിസ്റ്റ് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നിരിക്കുകയാണ്. ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുമ്പോൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരേയും കുറഞ്ഞ വരുമാനക്കാരേയും തമ്മിൽ നാം കൂട്ടിക്കുഴയ്ക്കുന്നുണ്ടോ? കൂട്ടിക്കുഴച്ചിൽ നടന്നിട്ടുണ്ടെന്നും പരമദരിദ്രരായവരെ മനുഷ്യരായിപോലും പരിഗണിക്കുന്നില്ലായെന്നും അതിനാൽ പല ആവശ്യങ്ങൾക്കായുള്ള ഗുണഭോക്തൃ ലിസ്റ്റിൽ അവർ ഉൾപ്പെട്ടിട്ടില്ലായെന്നുമാണ് ഇത് സംബന്ധിച്ച പരിശോധന നടത്തിയ സർവ്വേകൾ പറയുന്നത്. ഇ എം എസ് ഭവനപദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിലെ പ്രശ്നവും മറ്റൊന്നല്ല. ചിലയിടങ്ങളിൽ സമ്പന്നർ ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെടുകയും നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരെ ഒഴിവാക്കുകയും ചെയ്തിട്ടുള്ളതായി ഉത്തരവാദപ്പെട്ടവർ തന്നെ പറഞ്ഞിട്ടുണ്ട്. പാർലമെന്റായാലും, നിയമസഭയായാലും തെറ്റ് കാണിച്ചാൽ അത് ചൂണ്ടിക്കാണിക്കാതിരിക്കുവാൻ കഴിയില്ല. ഉത്തരവാദപ്പെട്ടവർ വേണ്ടത്ര ശ്രദ്ധയോടെയല്ല ഗ്രാമസഭാ ലിസ്റ്റ് തയ്യാറാക്കിയതെന്ന് അത്തരം സഭകളോടുള്ള ആദരവ് വെച്ച് തന്നെ പറയേണ്ടിവരും. അത് പരിശോധിക്കണം. ഗ്രാമസഭയുടെ പരമാധികാരം ആരും നിഷേധിക്കുന്നില്ല. പക്ഷേ തങ്ങാനാവാത്ത സാമ്പത്തിക ഭാരം പഞ്ചായത്തുകളുടെയും സർക്കാരിന്റെയും മേൽ അടിച്ചേൽപ്പിക്കാൻ കഴിയില്ല. ഈ സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ അപ്രകാരം നടപ്പാക്കി തതകാലം ഇതിനുപരിഹാരം കാണാം. എന്നാൽ ഗ്രാമസഭാ ലിസ്റ്റിലെ അനർഹരെ ഒഴിവാക്കിയിരിക്കണം. അല്ലെങ്കിൽ അവരെ ഉൾപ്പെടുത്തിയവരാരെങ്കിലും അതിന്റെ ഉത്തരവാദിത്വം ഏൽക്കേണ്ടിവരും.

ഗുണഭോക്തൃ ലിസ്റ്റിന്റെ പരിശോധന ഉദ്യോഗസ്ഥരെ ഏല്പിച്ചതു ജനപ്രതിനിധികളുടെ മേൽ ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നതിന് വേണ്ടിയല്ല. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെയുള്ളവർ യോഗം ചേർന്ന് സംസ്ഥാനതലത്തിൽ കൈക്കൊണ്ട തീരുമാനമാണത്. അർഹരായവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയും അനർഹരെ ഒഴിവാക്കിയും ഈ പ്രശ്നം പരിഹരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗം, മത്സ്യതൊഴിലാളികൾ തുടങ്ങി പലരും പട്ടികയിൽ വന്നിട്ടില്ല. ആരെയാണോ പദ്ധതി ലക്ഷ്യമിടുന്നത് അവർക്കു പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പാക്കി പദ്ധതി നടപ്പാക്കണം. നൽകിയ ഉത്തരവിന്റെ അക്ഷരത്തിൽ/വാച്യാർത്ഥത്തിൽ പിടിച്ചല്ല പദ്ധതി നടപ്പാക്കേണ്ടത്. എന്താണോ ഇ.എം.എസ് പാർപ്പിട പദ്ധതി മുന്നോട്ടുവച്ച ആശയം അതു ഫലപ്രദമായ രീതിയിൽ നടപ്പാക്കുവാൻ കഴിയണം. ഗുണഭോക്താക്കളുടെ വിഷയം മാത്രമല്ല പ്രശ്നം. അതിനേക്കാൾ സങ്കീർണ്ണങ്ങളായ നിരവധി വെല്ലുവിളികളാണ് പദ്ധതി അഭിമുഖീകരിക്കുന്നത്.



*പഞ്ചായത്ത് ദിനാഘോഷം : എല്ലാവർക്കും പാർപ്പിടം കേരള പശ്ചാത്തലത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ പ്ലാനിംഗ് ബോർഡ് അംഗം സി.പി. നാരായണൻ വിഷയം അവതരിപ്പിക്കുന്നു.*

### വെല്ലുവിളികൾ

- ★ കൊടുത്ത പണം കൊണ്ട് വീട് നിർമ്മിച്ച് ഗുണഭോക്താക്കൾ അതിൽ താമസിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം.
- ★ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതയും ആവശ്യമേറുമ്പോഴുണ്ടാകാൻ സാദ്ധ്യതയുള്ള വില വർദ്ധനവും ഗൗരവമായി കണക്കാക്കേണ്ട വിഷയമാണ്. അതിനായി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും സമിതികൾ രൂപീകരിച്ച് കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള മെറ്റീരിയലുകൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തണം.
- ★ സാങ്കേതിക ജോലിക്കാരുടെ ലഭ്യത- ഇതു പരിഹരിക്കുന്നതിന് സ്ത്രീകളടക്കമുള്ള ആളുകളെ പരിശീലിപ്പിക്കണം.
- ★ പദ്ധതി 3 വർഷം കൊണ്ട് പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഓരോ സ്ഥലത്തും വീടുകളുടെ എണ്ണം വ്യത്യസ്തമായിരിക്കും. ഓരോ വർഷവും എത്ര വീട് നിർമ്മിക്കേണ്ടി വരും എന്നത് സംബന്ധിച്ച് ആസൂത്രണം നടത്തേണ്ടിവരും. പദ്ധതി നടത്തിപ്പിന് കാമ്പയിൻ രീതി ഇല്ലാതെ സർക്കാർ കാര്യം പോലെയാണെങ്കിൽ പദ്ധതി അവതാളത്തിലാകും. ജനപ്രതിനിധികൾ, ജനങ്ങൾ, ഉദ്യോഗസ്ഥർ എല്ലാവരും കൂട്ടായി പ്രവർത്തിച്ചാൽ, ജനകീയാസൂത്രണ മാതൃകയിലെ പ്രവർത്തനങ്ങളിലൂടെ പദ്ധതി വിജയിപ്പിക്കുവാൻ കഴിയും.
- ★ ഭൂമിയുടെ ലഭ്യത അനുസരിച്ച് വേണം വീട് നിർമ്മിക്കേണ്ടത്. ഭൂമി ലഭിക്കുവാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ഫ്ളാറ്റ് നിർമ്മിക്കാവുന്നതാണ്. വീടുകൾക്ക് 25-40 ച.മീറ്റർ വരെ വിസ്തീർണ്ണമേ പാടുള്ളു. അല്ലെങ്കിൽ പണിതീരാത്ത വീടുകളായിരിക്കും ഫലം. ഇതു ഒഴിവാക്കണം.
- ★ വീട് നിർമ്മാണത്തിനായി ഗുണഭോക്താവിനെ പഞ്ചായത്തുകൾക്ക് സഹായിക്കുവാൻ കഴിയും- കക്കൂസ് നിർമ്മാണം-പുകയില്ലാത്ത അടുപ്പ്, വയറിംഗ് എന്നിവയ്ക്ക് പ്രത്യേകം പണം നൽകുവാൻ കഴിയും. കേവലം ഒരു വീട് മാത്രമല്ല, താമസിക്കുവാൻ സൗകര്യമുള്ള വീട് തന്നെ നൽകാം.
- ★ കുറെ വീടുകൾ ഒരുമിച്ച് പണിയുമ്പോൾ വൈദ്യുതി, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി കൊടുക്കുവാൻ പഞ്ചായത്തിന് കഴിയും.

ഫോട്ടോ അടക്കമുള്ള വിവിധ ഘട്ടത്തിലുള്ള രേഖകൾ ആവശ്യമാണ്. SC/ST വിഭാഗത്തിൽപെട്ടവർക്ക് പണം നൽകാതെ വീട് നിർമ്മിച്ച് തന്നെ നൽകണം. നാനാതരത്തിലുള്ള ശാരീരിക മാനസിക അവശതയുള്ളവരെ തീർച്ചയായും പദ്ധതിയിൽ ഉൾപ്പെടുത്തണം. വീട് നൽകുമ്പോൾ അതിന്റെ ആധാരം ഗുണഭോക്താവിനെ ഏല്പിക്കാതെ സർക്കാർ സൂക്ഷിക്കണം.

ഇ.എം.എസ് ഭവന പദ്ധതി ചില വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ നടപ്പാക്കുവാൻ കഴിയൂ. അതിനായി എല്ലാ തലത്തിലും വിശദാംശങ്ങൾ ചർച്ച ചെയ്തു ധാരണയുണ്ടാക്കേണ്ടത് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.



2006-07 ലെ മികച്ച പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി

# ചെറിയനാട് മികച്ച ഗ്രാമപഞ്ചായത്ത്

## മുല്ലശ്ശേരി മികച്ച ബ്ലോക്ക് പഞ്ചായത്ത്
## പാലക്കാട് മികച്ച ജില്ല പഞ്ചായത്ത്

2006-07 സാമ്പത്തിക വർഷത്തിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്ത് കരസ്ഥമാക്കി. സ്വരാജ് ട്രോഫിയും 5 ലക്ഷം രൂപ സമ്മാനവും 25 ലക്ഷം രൂപ പ്രത്യേക പദ്ധതി സഹായവും ചെറിയനാട് ഗ്രാമപഞ്ചായത്തിന് ലഭിച്ചു.

ജില്ലാതലത്തിൽ നെടുമ്പന (കൊല്ലം) തച്ചമ്പാറ (പാലക്കാട്) അടാട്ട് (തൃശ്ശൂർ) മങ്ങാട്ടിടം (കണ്ണൂർ) നാദാപുരം (കോഴിക്കോട്) എന്നിവ ഒന്നാം സ്ഥാനവും വേളുക്കര (തൃശ്ശൂർ) ചെമ്പിലോട് (കണ്ണൂർ) കുറ്റ്യാടി (കോഴിക്കോട്) എന്നിവ രണ്ടാം സ്ഥാനവും നേടി. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫിക്കു പുറമേ 1 ലക്ഷം രൂപ സമ്മാനവും 10 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി സഹായവും ലഭിച്ചു. രണ്ടാം സ്ഥാനം നേടിയവർക്കു സ്വരാജ്ട്രോഫിയും സാക്ഷ്യപത്രവും 5 ലക്ഷം രൂപ പ്രത്യേക പദ്ധതി സഹായവും ലഭിച്ചു.

തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും അർഹമായ അപേക്ഷകൾ ലഭിക്കാത്തതിനാൽ സമ്മാനത്തിനു പരിഗണിച്ചിട്ടില്ല.

സമഗ്ര പച്ചക്കറി, പട്ടികജാതി വനിതാ സ്വയംസഹായ സംഘത്തിന്റെ നേതൃത്വത്തിലുള്ള നെൽകൃഷി പദ്ധതി എന്നിവയുടെ നടത്തിപ്പ്, ഇന്ത്യയിലാദ്യത്തെ വ്യവഹാരനിയന്ത്രിത പഞ്ചായത്തായി പ്രഖ്യാപിക്കൽ എന്നിവ കണക്കിലെടുത്താണ് ചെറിയനാടിന് ഒന്നാം സ്ഥാനം ലഭിച്ചത്. നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിൽ ചെറിയനാട് കാണിച്ച ശുഷ്കാന്തി പ്രത്യേകം പരിഗണിക്കപ്പെട്ടു. 999 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് മികച്ച ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തത്.

മികച്ച ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ഒന്നാം സ്ഥാനം തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്കും രണ്ടാം സ്ഥാനം കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്കും മൂന്നാം സ്ഥാനം ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ബ്ലോക്കും നേടി.



*സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം : ചെറിയനാട് ഗ്രാമപഞ്ചായത്ത്*



*ജില്ലാ പഞ്ചായത്ത് - ഒന്നാം സ്ഥാനം : പാലക്കാട്*





*കൊല്ലം ജില്ല : ഒന്നാം സ്ഥാനം – നെടുമ്പന ഗ്രാമ പഞ്ചായത്ത്*



*തൃശൂർ ജില്ല : ഒന്നാം സ്ഥാനം – അടാട്ട് ഗ്രാമ പഞ്ചായത്ത്*



*പാലക്കാട് ജില്ല : ഒന്നാം സ്ഥാനം – തച്ചമ്പാറ ഗ്രാമ പഞ്ചായത്ത്*



*കോഴിക്കോട് ജില്ല : ഒന്നാം സ്ഥാനം – നാദാപുരം ഗ്രാമ പഞ്ചായത്ത്*



*കണ്ണൂർ ജില്ല : ഒന്നാം സ്ഥാനം – മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത്*



*തൃശൂർ ജില്ല : രണ്ടാം സ്ഥാനം – വേളൂക്കര ഗ്രാമ പഞ്ചായത്ത്*

ഒന്നാം സമ്മാനം നേടിയ ബ്ലോക്ക് പഞ്ചായത്തിന് സ്വരാജ് ട്രോഫിയും 25 ലക്ഷം രൂപയുടെ പദ്ധതി സഹായവും രണ്ടാം സ്ഥാനത്തിന് 15 ലക്ഷം രൂപ പദ്ധതി സഹായവും മൂന്നാം സ്ഥാനത്തിന് 10 ലക്ഷം രൂപയുടെ പദ്ധതി സഹായ ധനവും ലഭിച്ചു.

ഏറ്റവും മികച്ച ജില്ല പഞ്ചായത്തിനുള്ള ഒന്നാം സ്ഥാനം പാലക്കാടും രണ്ടാം സ്ഥാനം ആലപ്പുഴയും മൂന്നാം സ്ഥാനം തിരുവനന്തപുരവും കരസ്ഥമാക്കി. ഫെബ്രുവരി 18, 19 തീയതികളിൽ തൃശ്ശൂർ ജവഹർ ലാൽ കൺവെൻഷൻ സെന്ററിൽ (ജില്ലാ സഹകരണ ബാങ്ക് ആഡിറ്റോറിയം) വെച്ചു നടന്ന പഞ്ചായത്തു ദിനാഘോഷത്തിൽ വെച്ച് മികച്ച പഞ്ചായത്തുകൾക്കുള്ള പുരസ്കാരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ് കുട്ടി വിതരണം ചെയ്തു.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും പഞ്ചായത്ത് ഡയറക്ടർ കൺവീനറുമായി രൂപീകരിച്ച പത്തംഗ



കോഴിക്കോട് ജില്ല : രണ്ടാം സ്ഥാനം – കുറ്റ്യാടി ഗ്രാമ പഞ്ചായത്ത്



കണ്ണൂർ ജില്ല : രണ്ടാം സ്ഥാനം – ചെമ്പിലോട് ഗ്രാമ പഞ്ചായത്ത്




ബ്ലോക്ക് പഞ്ചായത്ത് : ഒന്നാം സ്ഥാനം – മുല്ലശ്ശേരി (തൃശൂർ ജില്ല)



ബ്ലോക്ക് പഞ്ചായത്ത് : രണ്ടാം സ്ഥാനം – ചിറ്റുമല (കൊല്ലം ജില്ല)



ജില്ലാ പഞ്ചായത്ത് : രണ്ടാം സ്ഥാനം – ആലപ്പുഴ



ജില്ലാ പഞ്ചായത്ത് : മൂന്നാം സ്ഥാനം – തിരുവനന്തപുരം

കമ്മിറ്റിയാണു മികച്ച പഞ്ചായത്തുകളെ തെരഞ്ഞെടുത്തത്.

**ചെറിയനാടിന്റെ സവിശേഷതകൾ**

- 2006–07 വർഷം വികസന ഫണ്ടിന്റെ 97% ചെലവഴിച്ചു.
- നികുതി പിരിവിൽ 100% കൈവരിച്ചു.
- 4 ഗ്രാമസഭകൾ വീതം ഓരോ വാർഡിലും ചേർന്നു.
- മെയിന്റനൻസ് ഗ്രാന്റ് 100% ചെലവഴിച്ചു.
- 2005–06 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് നൽകി.

**നൂതന പദ്ധതി**

1. വേനൽക്കാല പച്ചക്കറി കൃഷി : 150 ഏക്കർ സ്ഥലത്ത് 400 വനിതകളെ കൊണ്ട് വിവിധതരം പച്ചക്കറി കൃഷി നടത്തി ഏകദേശം 300 ടൺ പച്ചക്കറി ഉല്പാദിപ്പിക്കുന്നു.
2. നെൽ കൃഷി വികസനം (മാതൃകാ കൃഷി) : പട്ടികജാതിയിൽപ്പെട്ട അയൽക്കൂട്ടം വനിതകളെ കൊണ്ട് തരിശായി കിടക്കുന്ന 25 ഏക്കർ സ്ഥലത്ത് നെൽ കൃഷി നടത്തുന്നു.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



# ജനന മരണ രജിസ്ട്രേഷൻ : കേരളത്തിന് അംഗീകാരം

ജനന–മരണ രജിസ്ട്രേഷൻ രംഗത്തെ പ്രശംസനീയമായ പ്രവർത്തനത്തിന് അഖിലേന്ത്യാ തലത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. 2009 മാർച്ച് 5,6 തീയതികളിൽ ന്യൂഡൽഹിയിൽ നടന്ന ജനന മരണ ചീഫ് രജിസ്ട്രാർമാരുടെ വാർഷിക സമ്മേളനത്തിൽ കേരളത്തിന്റെ ജനന മരണ ചീഫ് രജിസ്ട്രാർ ആയ പഞ്ചായത്ത് ഡയറക്ടർ ഡോ. വി. എം. ഗോപാലമേനോൻ പുരസ്കാരം ഏറ്റുവാങ്ങി. ഇന്ത്യയുടെ 2000 ലെ ദേശീയ ജനസംഖ്യാ നയത്തിലെ പ്രഖ്യാപിത ലക്ഷ്യമായ 2010 ഓടെ സമ്പൂർണ്ണ ജനന മരണ രജിസ്ട്രേഷൻ എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ മുൻപന്തിയിലുള്ള കേരളത്തിൽ ജനനം 100 ശതമാനവും മരണം 98 ശതമാനവും രജിസ്റ്റർ ചെയ്യപ്പെടുന്നതായി കണക്കാക്കുന്നു. ദേശീയ തലത്തിൽ ഇവ യഥാക്രമം 68 ഉം 63 ഉം ആണ്. വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും പൊതുജനങ്ങളുടെയും യോജിച്ച പ്രവർത്തനം വഴി രജിസ്ട്രേഷനിൽ കേരളം തുടക്കം മുതൽ തന്നെ ദേശീയ തലത്തിൽ മുൻനിരയിലുണ്ട്. മികച്ച രജിസ്ട്രേഷൻ പ്രവർത്തനത്തിന് കേന്ദ്ര സർക്കാർ പുരസ്കാരം നൽകുന്നത് ആദ്യമായാണ്.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



ജനന മരണ രജിസ്ട്രേഷൻ : മികച്ച പ്രവർത്തനങ്ങൾക്കുള്ള പുരസ്ക്കാരം രജിസ്ട്രാർ ജനറൽ ഓഫ് ഇൻഡ്യ ഡി.കെ. സിക്രി കേരളത്തിന്റെ ജനന മരണ ചീഫ് രജിസ്ട്രാർ ഡോ. വി.എം. ഗോപാലമേനോന് സമ്മാനിക്കുന്നു.

# 13–ാം ധനകാര്യ കമ്മിഷൻ കല്ലിയൂർ ഗ്രാമപഞ്ചായത്ത് സന്ദർശിച്ചു

ധനവിഭവങ്ങൾ പങ്കുവയ്ക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി ചർച്ച നടത്തുന്നതിന് കേരളത്തിലെത്തിയ കേന്ദ്ര ധനകാര്യ കമ്മീഷൻ കേരളത്തിലെ പഞ്ചായത്തുകളുടെ പ്രവർത്തനം നേരിൽ കണ്ട് വിലയിരുത്തുന്നതിന് തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ ഗ്രാമപഞ്ചായത്ത് സന്ദർശിച്ചു. അതുൽ ശർമ്മ, സുമിത് ബോസ്, എൻ. ഭാസ്ക്കർ, രത്തിൻ റോയ് എന്നിവരാണ് സന്ദർശനം നടത്തിയത്. പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രസിഡന്റ് കെ.അശോക് കുമാർ പ്രതിനിധികളോട് വിശദീകരിച്ചു. പഞ്ചായത്ത് ജീവനക്കാരുടെയും കൈമാറികിട്ടിയ ഉദ്യോഗസ്ഥരുടെയും പുനർവിന്യാസം, നിയന്ത്രണം, നിയമനം, കുടുംബശ്രീ യൂണിറ്റിന്റെ പ്രവർത്തനം, വിഭവ സമാഹരണം തുടങ്ങിയ കാര്യങ്ങൾ പ്രതിനിധികൾ പഞ്ചായത്ത് അധികൃതരുമായി ചർച്ചചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, സെക്രട്ടറി ടി.കെ. ജോസ്, ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ഭാസി, പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ഈപ്പൻ ഫ്രാൻസിസ്, ജോയിന്റ് ഡയറക്ടർമാരായ ജെ. സദാനന്ദൻ, പി.പി. ഭാസ്ക്കരൻ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*




13–ാം ധനകാര്യ കമ്മിഷൻ കല്ലിയൂർ ഗ്രാമപഞ്ചായത്ത് സന്ദർശിച്ച വേളയിൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പഞ്ചായത്ത് പ്രസിഡന്റ് കെ. അശോക് കുമാർ വിശദീകരിക്കുന്നു.




# ജനസൗഹൃദ ഭരണവും ഫ്രണ്ട് ഓഫീസ് മാനേജ്മെന്റും

**എൻ. സുരാജ്**

ജനാധിപത്യ അധികാരവികേന്ദ്രീകരണം നടപ്പായതോടെ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസനത്തിന്റേയും ജനസേവനത്തിന്റേയും ജനകീയ കേന്ദ്രങ്ങളായി മാറി. പന്ത്രണ്ട് വർഷം പിന്നിടുമ്പോൾ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അധികാരം കൊണ്ട് അക്ഷരാർത്ഥത്തിൽ പൊറുതിമുട്ടുന്നു എന്ന് പറയാം. പദ്ധതിയുടെ മുപ്പത് ശതമാനത്തോളം തുകയ്ക്ക് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് സർക്കാർ നേരിട്ടു നല്കുന്ന ശമ്പളവും ബത്തകളും കൂടി കണക്കിലെടുത്താൽ സാമ്പത്തിക വികേന്ദ്രീകരണം 50 ശതമാനത്തിലും കൂടുതലാണെന്ന് കാണാം. പക്ഷേ, സർക്കാർ ചുമതലപ്പെടുത്തിയതും കൈമാറിയതുമായ അധികാരങ്ങൾ അവയുടെ അന്തസത്തയോടെ നടപ്പാക്കുന്നതിലും, അതിലൂടെ കേരളത്തിലെ സാമൂഹിക സാമ്പത്തിക സേവന മേഖലകളിൽ പ്രതീക്ഷയ്ക്കൊത്ത മുന്നേറ്റമുണ്ടാക്കാനും സാധിച്ചുവോ എന്ന ചോദ്യം ഗൗരവപൂർവ്വം പരിശോധിക്കേണ്ടതാണ്.

ഗ്രാമീണ മേഖലയിലെ ഏറ്റവും വലിയ ജനസേവനകേന്ദ്രമായ ഗ്രാമപഞ്ചായത്തുകളുടെ സ്ഥിതി പരിശോധിക്കാവുന്നതാണ്. അധികാരവും ചുമതലകളും പതിന്മടങ്ങ് വർദ്ധിച്ചതോടെ അവ കൈകാര്യം ചെയ്യുന്നതിനുള്ള സ്ഥലസൗകര്യവും ജീവനക്കാരും വേണ്ടത്ര ലഭ്യമായില്ല. നിലവിലുള്ളവർ അഹോരാത്രം ജോലി ചെയ് തിട്ടും ജനങ്ങൾക്കും ജനപ്രതിനിധിക ൾക്കും അവരവർക്ക് തന്നേയും സംതൃപ്തിയില്ലാത്ത അവസ്ഥ വന്നു. ഓഫീസുകൾ ജനക്കൂട്ടകേന്ദ്രങ്ങളായി. ജനസൗഹൃദ ഭരണത്തിന്റെ ഗ്രാമീണ കേന്ദ്രങ്ങളാകേണ്ട ഗ്രാമപഞ്ചായത്തുകൾ ഇപ്രകാരം വീർപ്പുമുട്ടുന്ന അവസ്ഥയിലാണ് ഇതിന്റെ പരിഹാരത്തിനായി പല തരത്തിലും തലത്തിലും ചിന്തകളുണ്ടായത്.



സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും കമ്പ്യൂട്ടർ സംവിധാനം നിലവിലുണ്ട്. അനുയോജ്യമായ സോഫ്റ്റ്വെയറുകൾ വികസിപ്പിച്ച് ലഭ്യമാക്കുന്ന പക്ഷം കൂടുതൽ കാര്യക്ഷമത കൈവരിക്കുവാനും ടച്സ്ക്രീൻ ഉപയോഗിച്ചുകൊണ്ട് ജനങ്ങൾക്ക് വിവരങ്ങൾ അറിയാനുള്ള സൗകര്യം ലഭ്യമാക്കുവാനും കഴിയുന്നതാണ്.



## ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് (TQM)

പേര് സൂചിപ്പിക്കുന്നതുപോലെ ഒരു സ്ഥാപനത്തിന്റെ സമ്പൂർണ്ണ ഗുണനിലവാര വർദ്ധനവിനുള്ള പരിശ്രമം തന്നെയാണ് TQM. ആധുനിക മാനേജ്മെന്റ് തന്ത്രത്തിന്റെ ഭാഗമായി ഇന്ന് പരക്കെ സ്വീകരിക്കപ്പെട്ടുപോരുന്ന ഒരു ശാസ്ത്രീയ സമീപനമാണിത്. വൻമൂലധന നിക്ഷേപത്തോടെയുള്ള പരിഷ്കരണമല്ല ഇതിലൂടെ അർത്ഥമാക്കുന്നത്. ഇവിടെ ക്വാളിറ്റി അഥവാ ഗുണനിലവാരം ഒരു ജീവിതരീതിയായി മാറുന്നു. അത് ഒരു മനോഭാവമായി പ്രകടമാവുന്നു. അത് ഏതെങ്കിലും തലത്തിൽ മാത്രമല്ല, സ്ഥാപനവുമായി ബന്ധപ്പെടുന്ന മുഴുവൻ പേരുടേയും മനോഭാവ വ്യതിയാനത്തിന്റെ ആകെത്തുകയാവുന്നു. അതുകൊണ്ട് തന്നെ ക്വാളിറ്റി വർദ്ധനവ് എന്നത് ലാളിത്യം പോലെ സുസാധ്യവും നിരന്തര വളർച്ചയുള്ളതുമായി മാറുന്നു. TQM എന്നത് സ്ഥാപനത്തിലെ മുഴുവൻ പേരുടേയും ചെറുതും നിരന്തരവുമായ കൂട്ടായ പരിശ്രമത്തിലൂടെയുണ്ടാകുന്ന നിതാന്തഗുണ നിലവാര വർദ്ധനവായി മാറുന്നു. ഇതിന് നിയതമായ ഒരു ഫോർമുലയോ പൊതുവായ ഒരു രീതി ശാസ്ത്രമോ സാധ്യമല്ല. അതുകൊണ്ടുതന്നെ വിവിധങ്ങളായ വ്യാഖ്യാനങ്ങളും നിർവ്വചനങ്ങളും TQM ന് നിലവിലുണ്ട്. എങ്കിലും പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതും സ്വീകാര്യവുമായ ചില തത്വങ്ങൾ പരിശോധിക്കാം.

- ➢ ഉപഭോക്താവിന്റെ അഥവാ ഗുണഭോക്താവിന്റെ സംതൃപ്തിയാണ് എപ്പോഴും ലക്ഷ്യമാക്കുക.
- ➢ നിരന്തരമായ ഗുണനിലവാര വർദ്ധനവിനുള്ള പരിശ്രമം.
- ➢ ഓരോ മേഖലയിലും ലക്ഷ്യമാക്കുന്ന ഏറ്റവും കുറഞ്ഞ ഗുണനിലവാരം അടയാളപ്പെടുത്തുകയും അത് കൈവരിക്കാൻ കൂട്ടായി യത്നിക്കുകയും ചെയ്യുക.
- ➢ ഓരോരുത്തരും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദിത്വം ഏറ്റെടുക്കുക.
- ➢ കൂട്ടായ പ്രവർത്തനത്തിന് പ്രാധാന്യം.
- ➢ പങ്കാളിത്തപരമായ പ്രശ്നപരിഹാരത്തിന് മുൻഗണന.
- ➢ പരിശീലനങ്ങളിലൂടെ വൈദഗ്ദ്ധ്യ വികസനം.
- ➢ ഉപഭോക്താവും നിർമ്മാതാവും ക്രിയാത്മക പാരസ്പര്യത്തിലൂടെ നടത്തുന്ന നിലവാര വർദ്ധനവിനുള്ള പരിശ്രമങ്ങൾ
- ➢ രീതിയിലും പ്രക്രിയയിലും അടിസ്ഥാന സൗകര്യങ്ങളിലും പരമാവധി ലാളിത്യം.

ഇവയൊക്കെ പൊതുവായ തത്വങ്ങളാണെങ്കിലും ഓരോ സ്ഥാപനത്തിന്റേയും സവിശേഷ സാഹചര്യങ്ങൾക്ക് അനുയോജ്യമായ സംവിധാനങ്ങൾ സ്വയം കണ്ടെത്തുകയും അവയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് പൊതുവായ രീതി. TQM നടപ്പാക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് രണ്ട് കർത്തവ്യങ്ങളാണ് ഉള്ളതെന്ന് പറയാറുണ്ട്.

ഒന്ന്: തന്നിൽ അർപ്പിതമായ ചുമതലാ നിർവ്വഹണം മികവുറ്റതാക്കുക.

രണ്ട്: ഒന്നാമത്തെ കർത്തവ്യ നിർവ്വഹണത്തിനുള്ള വഴികൾ തേടിക്കൊണ്ടേയിരിക്കുക.

കേരളത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ TQM അനുയോജ്യമായ രീതിയാ

ണെന്ന് കണ്ടെത്തുന്നതിന് സഹായക മായ ചില വസ്തുതകൾ പരിശോധിക്കാ വുന്നതാണ്.

- ഗ്രാമ പഞ്ചായത്തുകളിലെ ഓരോ ജീവനക്കാരനും ജനപ്രതിനിധിയും തന്നിൽ അർപ്പിതമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ നിരന്തരമായ ഗുണനിലവാര വർദ്ധനവിന് വേണ്ടി സ്വയം പരിശ്രമിക്കുവാൻ പ്രാപ്തിയു ള്ളവരാണ്.
- ഓരോരുത്തരും ജനസേവനവുമായി നേരിട്ടു ബന്ധപ്പെടുന്നതാണ്.
- കൂട്ടായ പ്രവർത്തനത്തിന് അനന്ത സാധ്യതകളുള്ള അനുകൂല സാഹ ചര്യം നിലനിൽക്കുന്നു.
- സാമൂഹ്യ നീതിയിൽ അധിഷ്ഠിത മായ സാമ്പത്തിക വളർച്ച കൈവരി ക്കുക എന്ന പൊതുവായ ലക്ഷ്യ ത്തിൽ ഓരോരുത്തരും പ്രതിബദ്ധത യുള്ളവരാണ്.
- പങ്കാളിത്തപരമായ ആസൂത്രണ ത്തിനും നിർവ്വഹണത്തിനും പ്രശ്ന പരിഹാരത്തിനുമുള്ള അവസരം.
- പ്രവർത്തനങ്ങളുടെ ഓരോ ഘട്ട ത്തിലും ഇടപെടുന്നതിനും ജനകീ യമായും സുതാര്യമായും പ്രവർത്തി ക്കുന്നതിനും പ്രവർത്തന ഫലങ്ങൾ നേരിട്ടു പരിശോധിക്കുന്നതിനും അവസരം. അതിലൂടെ സ്വയം കർമ്മോത്സുകരാകുന്നതിന് അവ സരം ലഭിക്കുന്നു.
- ഓരോരുത്തരുടേയും കഴിവും ശേഷിയും കണ്ടെത്താനും പരിശീ ലനങ്ങളിലൂടെ മികവുറ്റതാക്കാനും സന്നദ്ധമായ പരിശീലന കേന്ദ്ര ത്തിന്റെ സാന്നിദ്ധ്യം.
- പെർഫോമൻസ് പരിശോധിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നല്കാനും ശേഷിയുള്ള ആന്തരിക നിയന്ത്രണ സംവിധാനം.
- ഗുണഭോക്താവിന്റെ സംതൃപ്തി യുടെ സൂചികകൾ നേരിട്ട് മനസി ലാക്കാനുള്ള അവസരം.

**ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് (FOM)**

സമ്പൂർണ്ണ ഗുണനിലവാര വർദ്ധന വിന് അനുയോജ്യമായ പ്രവർത്തന അന്ത രീക്ഷം സൃഷ്ടിക്കുക എന്നത് പുരോഗ തിയുടെ പാതയിലേയ്ക്കുള്ള പ്രവേശന ബിന്ദുവാണ്. ഇന്ന് നിലനില്ക്കുന്ന ആൾ ക്കൂട്ട ഓഫീസുകളെ ചെറിയ ചില പരി ഷ്കരണങ്ങളിലൂടെ നിയന്ത്രണവിധേയ മാക്കാവുന്നതേയുള്ളൂ. ഏകജാലകം, കൗണ്ടർ തുടങ്ങിയ പേരുകളിൽ പല സ്ഥാപനങ്ങളിലും ഇത് നടപ്പാക്കിയിട്ടു ള്ളതാണ്. വീടിന്റെ പൂമുഖം പോലെ ഒരു സ്വീകരണമുറിയോ സ്വീകരണ സ്ഥലമോ ആയി ഇതിനെ സങ്കല്പിക്കുക. ആവശ്യ ങ്ങളുമായി സമീപിക്കുന്നവരെ സ്വീകരി ക്കാനും, അവർക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കാനും ഇവിടെ കഴി യണം. അപേക്ഷയോ പരാതിയോ തന്നാ ൽ അത് പരിശോധിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തിക്കാനും അവ സ്വീകരിച്ച് രസീത് നല്കാനും കഴിയണം. അപേക്ഷയിലെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം എപ്പോൾ അപേക്ഷ കന് ലഭിക്കും എന്ന വിവരവും രസീതിൽ ഉണ്ടാവണം. കാത്തിരിക്കേണ്ടി വരുന്ന വർക്ക് ഇരിപ്പിടവും, വെച്ചെഴുതാൻ മേശയും, ആവശ്യമായ ഫോറങ്ങളും ലഭ്യ മാവണം. പണമടക്കേണ്ടവർക്ക് അതിനുള്ള സൗകര്യവും ഉണ്ടാവണം. കുടിക്കാനുള്ള ശുദ്ധജലവും പ്രാഥമിക ആവശ്യങ്ങൾ ക്കുള്ള സൗകര്യവും കൂടി ആവുമ്പോൾ ഒരു 'കൗണ്ടർ' എന്നതിനപ്പുറം അതൊരു ഫ്രണ്ട് ഓഫീസായി പരിവർത്തനം ചെയ്തു കഴിഞ്ഞു.

സേവനങ്ങൾ സംബന്ധിച്ച് പൗരാവ കാശ രേഖയിൽ വാഗ്ദാനം ചെയ്യുന്ന കാര്യങ്ങളുടെ സംക്ഷിപ്തം, ആഫീസിലെ ജീവനക്കാരുടെ ഹാജർ സംബന്ധിച്ച വിവ രങ്ങൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിലെ സന്ദർശകർക്ക് കാണാൻ തക്കവിധത്തിൽ പ്രദർശിപ്പിക്കുന്നത് ഏറെ സഹായകരമാ യിരിക്കും. ഓഫീസിൽ നിലവിലുള്ള ജീവ നക്കാരെ റൊട്ടേഷൻ ക്രമത്തിൽ ഓരോ ദിവസവും ഫ്രണ്ട് ഓഫീസിന്റെ ചുമതല ക്കാരാക്കാവുന്നതാണ്. ഫ്രണ്ട് ഓഫീസ് ഡയറി, പൗരാവകാശ രേഖ, വിവിധ അപേ ക്ഷകളുടെ ചെക്ക് ലിസ്റ്റ്, ശാസ്ത്രീയമായ ജോലി വിഭജന ഉത്തരവ് തുടങ്ങിയ സാമ ഗ്രികളും ലഭ്യമാക്കേണ്ടതുണ്ട്. ഓരോ സ്ഥാപനത്തിന്റേയും സൗകര്യവും ഭാവ നയും ഉപയോഗിച്ച്കൊണ്ട് ഇതിന്റെ പ്രവർത്തനം കൂടുതൽ സരളവും സുന്ദ രവും സാരവത്തുമാക്കി മാറ്റാൻ സാധി ക്കുന്നതാണ്.

സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചാ യത്തുകളിലും കമ്പ്യൂട്ടർ സംവിധാനം നിലവിലുണ്ട്. അനുയോജ്യമായ സോഫ്റ്റ് വെയറുകൾ വികസിപ്പിച്ച് ലഭ്യമാക്കുന്ന പക്ഷം കൂടുതൽ കാര്യക്ഷമത കൈവരി ക്കുവാനും ടച്ച്സ്ക്രീൻ ഉപയോഗിച്ചു കൊണ്ട് ജനങ്ങൾക്ക് വിവരങ്ങൾ അറി യാനുള്ള സൗകര്യം ലഭ്യമാക്കുവാനും കഴിയുന്നതാണ്.

**നേട്ടങ്ങൾ**

- ജനങ്ങൾക്ക് സൗഹൃദപരമായ അന്ത രീക്ഷത്തിൽ ഓഫീസിനെ സമീപി ക്കാൻ കഴിയുന്നു.
- അന്വേഷണങ്ങൾക്ക് വ്യക്തവും സമ യബന്ധിതവുമായി മറുപടി ലഭി ക്കുന്നു.
- ആദ്യം വരുന്നവർക്ക് ആദ്യം എന്ന ക്രമത്തിൽ മുൻഗണനാക്രമം തെറ്റി ക്കാതെ സേവനം ലഭിക്കുന്നു.
- സന്ദർശകരെ സ്വീകരിക്കാൻ ഫ്രണ്ട് ഓഫീസിൽ സൗകര്യം ആവുന്ന തോടെ ഓഫീസിനുള്ളിലെ തിക്കും തിരക്കും ഒഴിയുന്നു; ജീവനക്കാർക്ക് സ്വസ്ഥമായി ജോലി ചെയ്യാൻ കഴി യുന്നു.
- ആവശ്യങ്ങളും ആവലാതികളുമായി ജനപ്രതിനിധികളെ സമീപിക്കേണ്ടിവ രുന്നില്ല.
- മുഴുവൻ തപാലുകളും ഫ്രണ്ട് ഓഫീ സിൽ രജിസ്റ്റർ ചെയ്യപ്പെടുന്നു എന്ന തിനാൽ ജോലിഭാരം തിട്ടപ്പെടുത്താൻ കഴിയുന്നു.
- സ്വീകരിക്കുന്ന അപേക്ഷകൾക്ക് രസീത് ലഭിക്കുന്നതിനാൽ ഉത്തരവാ ദിത്വമുണ്ടാകുന്നു.
- ജനങ്ങളുടെ നിത്യേനയുള്ള അപേ ക്ഷകൾ കൈകാര്യം ചെയ്യേണ്ടിവരു ന്നില്ല എന്നതിനാൽ ജനപ്രതിനിധി കൾക്ക് അവരിൽ അർപ്പിതമായ ആസൂത്രണത്തിലും മോണിട്ടറിം ഗിലും മറ്റും കൂടുതൽ കാര്യക്ഷമത കൈവരിക്കാൻ കഴിയുന്നു.
- അനുയോജ്യവും സ്വാസ്ഥ്യപൂർണ്ണവു മായ പ്രവർത്തന അന്തരീക്ഷം സംജാ തമാകുന്നതോടെ സ്വന്തം കഴിവും ശേഷിയും കൂടുതൽ പ്രയോജനപ്പെ ടുത്താനും സ്ഥാപനത്തിന്റെ നിരന്ത രമായ പ്രവർത്തനമികവിന് വേണ്ടി പ്രയത്നിക്കാനും ജീവനക്കാർക്ക് സാധിക്കുന്നു.
- സ്ഥാപനത്തിന് ജനസൗഹൃദ ഭരണ ത്തിന്റെ മനുഷ്യമുഖം കൈവരിക്കാൻ കഴിയുന്നു.

**ജനസൗഹൃദ ഭരണം**

ജനകേന്ദ്രീകൃതമായ ഒരു ജനസൗഹൃദ ഭരണം ലക്ഷ്യമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഹുദൂരം മുന്നോട്ടു പോകേണ്ടതുണ്ട്. എത്ര ദീർഘമായ യാത്രയ്ക്കും ഒരു ആദ്യചുവടുണ്ടല്ലോ? ജനസൗഹൃദ ഭരണത്തിന്റെ ആദ്യചുവ ടായി ഫ്രണ്ട്സ് ഓഫീസ് സംവിധാനത്തെ കാണാൻ കഴിയണം.

*ലേഖകൻ*
*വയനാട് ജില്ലയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്.*




കവർ സ്റ്റോറി



# ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്

ഗ്രാമപഞ്ചായത്തിനെയും ജനങ്ങ ളെയും നിർവഹണ തലത്തിലും സേവന തലത്തിലും പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന ഇടമാണ് അതിന്റെ ഓഫീസ്. ജന പക്ഷത്ത് നിലയുറപ്പിക്കുന്നതും അതേ സമയം നിയമവിധേയവുമായ ഒരു ഓഫീസ് സംവിധാനവും അപ്രകാരമുള്ള ഒരു ഭരണനിയന്ത്രണവും അതിന് ആവ ശ്യമാണ്. ഏറ്റവും വേഗത്തിലും കൃത്യത യിലും ഫലപ്രദമായും പ്രവർത്തിക്കാനാ വുന്ന രീതിയിലാവണം ഓഫീസിന്റെ ക്രമീകരണം. പൊതുജനങ്ങളെ സംബ ന്ധിച്ചിടത്തോളം സങ്കീർണ്ണതകളില്ലാതെ സേവനം ലഭ്യമാകുന്നതിനും ജീവന ക്കാരെ സംബന്ധിച്ചിടത്തോളെ കാര്യക്ഷ മമായി ജോലി ചെയ്യാൻ തക്കവണ്ണം ക്രമീ കരിച്ചതുമായിരിക്കണം ഓഫീസ്. പൗരാ വകാശം സ്ഥാപിക്കപ്പെടുകയും ജനാധി പത്യപരമായി നിർവഹിക്കപ്പെടുകയും ചെയ്യുമ്പോഴാണ് ജനപക്ഷ ഭരണനിർവ ഹണം സാധ്യമാവുന്നത്. ജനാഭിമുഖ്യമു ള്ളതും നിയമവിധേയവും സുതാര്യവും ക്രമബദ്ധവും അക്കൗണ്ടബിലിറ്റിയുമുള്ള ഓഫീസ് പ്രവർത്തനവും ചുറ്റുപാടും നമ്മുടെ അവകാശമാണ്. എന്നാൽ ഇന്ന് നമ്മുടെ ഗ്രാമപഞ്ചായത്തുകളിലെ സേവന പ്രദാനരംഗത്തെ കാര്യക്ഷമതാ വർദ്ധനവിന് ധാരാളം ഏറ്റക്കുറച്ചിലുകൾ ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് പല പ്രശ്ന ങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നുമുണ്ട്.

1. സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല
2. സേവനങ്ങൾക്ക് ഒട്ടേറെ തവണ പഞ്ചാ ത്താഫീസിൽ കയറിയിറങ്ങേണ്ടി വരുന്നു
3. ഓരോ സേവനവും ലഭിക്കുന്നതിനു ള്ള മാനദണ്ഡങ്ങൾ എന്താണെന്ന് അറിയാത്ത അവസ്ഥ
4. സേവനങ്ങൾ എപ്പോൾ ലഭിക്കുമെന്ന റിയാതിരിക്കുക
5. ഓരോ സേവനത്തിനും ആരെ സമീ പിക്കണമെന്നറിയാതിരിക്കുക
6. അപേക്ഷകൾ നൽകിയതിന് തെളി വില്ലാതിരിക്കുക
7. അപേക്ഷകൾ കാണാതാവുക
8. സേവനങ്ങൾ ലഭ്യമാക്കുന്നതിന് മുൻഗണനാ ക്രമം പാലിക്കപ്പെടാതി രിക്കുക
9. ഉദ്യോഗസ്ഥർ എപ്പോൾ വരുമെന്നറി യാതെ കാത്തിരിക്കേണ്ടി വരിക
10. ജീവനക്കാർക്ക് ദിനംപ്രതി വർദ്ധി ച്ചുവരുന്ന ജോലിഭാരം
11. വിവിധ പ്രവർത്തനങ്ങളിൽ ഒരേ സമയം ഇടപെടേണ്ടി വരുക. അതിനാൽ ചിട്ടയായി ജോലി ചെയ്യാനാവാതിരി ക്കുക
12. ഒരേ സമയം മിക്ക ജീവനക്കാരും ജന ങ്ങളുടെ സംശയം തീർക്കുന്നതിനും വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഏറെ സമയം ചെലവഴിക്കേണ്ടിവരിക



**വിനോദ് കുമാർ**

13 കൃത്യമായ ജോലി വിഭജനമില്ലാതിരിക്കുക
14 അപേക്ഷകളും മറ്റും തെരയുന്നതിൽ സമയം ചെലവഴിക്കേണ്ടി വരിക
15 മുൻഗണനാ ക്രമം പാലിക്കുന്നതിനു കഴിയാത്ത വിധത്തിൽ സമ്മർദ്ദമുണ്ടാവുക

എന്നാൽ സമ്പൂർണ്ണ ഗുണനിലവാര വർദ്ധനവ് എന്നത് വെറും സ്വപ്നമല്ലെന്നും ചിട്ടയായ പ്രവർത്തനങ്ങളിലൂടെ അത് സാധ്യമാണെന്നും കേരളത്തിലെ പല ഗ്രാമപഞ്ചായത്തുകളും തെളിയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം എന്നത് പഞ്ചായത്ത് ഓഫീസിന്റെ ഒരു ഭാഗം തന്നെയാണ്. ജനങ്ങൾ ജീവനക്കാരുടെയടുത്തോ സെക്രട്ടറിയുടെയടുത്തോ സേവനങ്ങൾക്കായി ചെല്ലുന്നതിനു പകരമുള്ള ഒരു ഏകജാലക സംവിധാനമാണിത്. അപേക്ഷ നൽകാനും സേവനം ലഭ്യമാക്കാനും ഈ ഏകജാലകത്തെ സമീപിച്ചാൽ മതി.

**ഫ്രണ്ട് ഓഫീസിൽ നടക്കുന്ന പ്രവർത്തനങ്ങൾ**

1 നേരിട്ട് ലഭിക്കുന്നതോ അല്ലാത്തതോ ആയ മുഴുവൻ തപാലുകളും ഫ്രണ്ട് ഓഫീസിലാണ് സ്വീകരിക്കുക.
2 കവറിൽ പേരോട് കൂടിയ തപാലൊഴികെ മുഴുവൻ തപാലുകളും തുറന്ന് രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് രസീത് നൽകണം. അതിൽ സേവനം ലഭിക്കുന്ന തീയതി കൂടി രേഖപ്പെടുത്തിയിട്ടുണ്ടാകും.
3 സ്വീകരിക്കുന്ന മുഴുവൻ തപാലുകളും പൂർണ്ണവും ആവശ്യമായ രേഖകളടങ്ങുന്നതാണെന്ന് ഫ്രണ്ട് ഓഫീസിൽ വെച്ച് തന്നെ ഉറപ്പ് വരുത്തണം. അപൂർണ്ണമെങ്കിൽ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണം.
4 പഞ്ചായത്തിലേക്കുള്ള പണവരവുകളും ഫ്രണ്ട് ഓഫീസ് വഴിയാണ് സ്വീകരിക്കേണ്ടത്. പണം നൽകലും ഇത് വഴി തന്നെയായിരിക്കണം.
5 വാഗ്ദാനം ചെയ്ത തീയതിയിൽ നിർബന്ധമായും സേവനം ലഭ്യമാക്കേണ്ടതും, ലഭ്യമാക്കാൻ നിയമാനുസൃതമായി തടസ്സമുള്ള പക്ഷം ആയത് കാണിച്ചുകൊണ്ടുള്ള വിവരം രേഖാമൂലം നൽകേണ്ടതുമാണ്.

ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കണമെങ്കിൽ പഞ്ചായത്ത് ഓഫീസ് ശാസ്ത്രീയമായും ക്രിയാത്മകമായും ചിട്ടപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്ത് ഓഫീസിനകത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ തന്നെയാണ് ഫ്രണ്ട് ഓഫീസ് എന്ന സ്വീകരണ മുറിയിലും നടത്തേണ്ടത് ഫ്രണ്ട് ഓഫീസ് ചുമതലകൾ ജീവനക്കാർ തന്നെ പ്രതിദിന റൊട്ടേഷൻ അടിസ്ഥാനത്തിൽ നിർവഹിക്കണം. ഫ്രണ്ട് ഓഫീസിന്റെ ചുമതല പൂർണ്ണ അർത്ഥത്തിൽ നിർവഹിക്കുന്നതിന് പഞ്ചായത്തുമായി ബന്ധപ്പെട്ട മുഴുവൻ വിഷയങ്ങളിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് അവഗാഹമുണ്ടാകേണ്ടതാണ്. ഈ പ്രവർത്തനത്തിനു സാഹയകമായി പഞ്ചായത്ത് നൽകുന്ന സേവനങ്ങളെ സംബന്ധിച്ച പരിശോധനാ പട്ടികകളും, പൗരാവകാശ രേഖയും ഉപയോഗപ്പെടുത്താവുന്നതാണ്. വാഗ്ദാനം ചെയ്ത തീയതിൽ സേവനം നൽകുന്നതിന് ഫ്രണ്ട് ഓഫീസ് ഡയറി പോലെയുള്ള സങ്കേതങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

**പിന്തുണാ സംവിധാനം**

ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിന്റെ പൂർണ്ണ ചുമതല ഓഫീസ് സൂപ്പർവൈസറായ ജൂനിയർ സൂപ്രണ്ടിനോ ഹെഡ് ക്ലാർക്കിനോ ആയിരിക്കും. ഇതിന്റെ മോണിട്ടറിങ്ങ് പൊതുഭരണ വിഷയം കൈകാര്യം ചെയ്യുന്ന ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവഹിക്കണം. മോണിറ്ററിങ്ങിന്റെ ഭാഗമായി ഇനിപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1 ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ കൃത്യമായി ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, അപാകങ്ങൾ പരിഹരിക്കുകയും ചെയ്യുക.
2 സിറ്റിസൺ സ്കോർ കാർഡ്, വിലയിരുത്തൽപെട്ടി പോലെയുള്ള സങ്കേതങ്ങളിലൂടെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും സേവനപ്രദാന നിലവാരവും അറിയുക.
3 പരാതി പരിഹാരസംവിധാനത്തിലൂടെ പരാതികൾ കണ്ടെത്തുകയും, അവ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

**നേട്ടങ്ങളും പ്രതിബന്ധങ്ങളും**


ചിട്ടയായ ഫ്രണ്ട് ഓഫീസ് പ്രവർത്തനം സരളവും ജനസൗഹൃദപരവും ക്രിയാത്മകവുമാണ്. അത്കൊണ്ട് തന്നെ ധാരാളം നേട്ടങ്ങൾ ഇത് കൊണ്ടുവരുന്നു.

1 പൗരാവകാശ രേഖക്കനുസൃതമായി സമയബന്ധിതമായ സേവനം നൽകാൻ സാധിക്കുന്നു.
2 പഞ്ചായത്ത് ഓഫീസിനകത്തെ തിരക്ക് കുറയുന്നു
3 വിവരങ്ങൾക്കായി ജനം പലയിടത്ത് അന്വേഷണം നടത്തുകയോ ഏതെങ്കിലും ഉദ്യോഗസ്ഥനെ കാത്തു നിൽക്കേണ്ടിയോ വരുന്നില്ല.
4 പരാതികൾ ഗണ്യമായി കുറയുന്നു. വിശ്വാസ്യത വർദ്ധിക്കുന്നു.
5 ജനങ്ങളും ഓഫീസുമായുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുന്നു.
6 ഓഫീസിന്റെയും ഉദ്യോഗസ്ഥരുടെയും കാര്യക്ഷമത വർദ്ധിക്കുന്നു.
7 വ്യക്തി പരിഗണനകൾ ആവശ്യമില്ല.
8 സേവനം എപ്പോൾ ലഭിക്കുമെന്ന് മുൻകൂട്ടി പ്രഖ്യാപിക്കപ്പെടുന്നു. നിശ്ചയിച്ച ദിവസം തന്നെ സേവനം ലഭിക്കുന്നു. ശുപാർശകൾ ആവശ്യമില്ല.
9 തപാലുകളും, ഫയലുകളും നഷ്ടപ്പെടാനുള്ള സാധ്യത ഒഴിവാകുന്നു.
10 എല്ലാ തപാലുകളും രജിസ്റ്റർ ചെയ്യപ്പെടുന്നു.
11 ബാഹ്യ ഇടപെടലുകൾ ഒഴിവാകുന്നതിനാൽ ഓഫീസിനകത്ത് ഉദ്യോഗസ്ഥർക്ക് കൃത്യമായി ജോലി ചെയ്യാൻ സാധിക്കുന്നു.
12 ആദ്യം വരുന്നവർക്ക് ആദ്യം സേവനം ലഭിക്കുന്നു. മുൻഗണനാക്രമം പാലിക്കപ്പെടുന്നു.
13 ഓഫീസ് ക്രമീകരിക്കപ്പെടുന്നു. തപ്പൽ ഒഴിവാകുന്നു. സമയം ലാഭിക്കുന്നു.
14 നടപടികൾ കൂടുതൽ സുതാര്യമാകുന്നു.
15 പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്തം വർദ്ധിക്കുന്നു.
16 സേവന പ്രദാന സംവിധാനത്തിന് നിയതമായ ക്രമീകരണമുണ്ടാകുന്നതോടെ ജനപ്രതിനിധികൾക്കും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്കും ചുമതലകളിൽ കൂടുതൽ ശ്രദ്ധിക്കാനാവുന്നു.
17 അഴിമതിക്കു കാരണമാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കപ്പെടുന്നു.
18 ഏതൊരു അപേക്ഷയുടെ വിവരവും അപ്പോഴത്തെ സ്ഥിതിയും ഫ്രണ്ട് ഓഫീസിൽ നിന്ന് തന്നെ അറിയാൻ കഴിയുന്നു.
19 റൊട്ടേഷൻ ക്രമത്തിൽ ജോലി ചെയ്യുന്നതിനാൽ എല്ലാ ജീവനക്കാർക്കും എല്ലാ വിഷയത്തിലും അവഗാഹമുണ്ടാകുന്നു.
20 ഉദ്യോഗസ്ഥർക്കിടയിലെ ജോലിവിഭജനം ശാസ്ത്രീയമാക്കാൻ സഹായിക്കുന്നു.
21 അറിയാനുള്ള അവകാശം കൂടുതൽ പ്രാപ്തമാകുന്നു.
22 സേവന പ്രദാനത്തിന് ഒരു ഏകജാലകം സാദ്ധ്യമാക്കുന്നു
23 നിയമാനുസൃത ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കാൻ സഹായിക്കുന്നു.
24 ജനസൗഹൃദ അന്തരീക്ഷം സാധ്യമാകുന്നു.

എന്നാൽ പഞ്ചായത്തുകളിലെ നിലവിലെ സൗകര്യങ്ങൾ ക്രമീകരിച്ചുകൊണ്ട് ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന് പലവിധ പ്രയാസങ്ങളുണ്ടാകാം.

1 സ്ഥലപരിമിതി.





2 ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും മനോഭാവത്തിലെ മാറ്റമില്ലായ്മ.
3 വ്യക്തിപരമായ താല്പര്യങ്ങൾ സംരക്ഷിക്കാനാകാത്ത സാഹചര്യത്തിൽ നിന്നുമുണ്ടാകുന്ന ഇടപെടലുകൾ.
4 ജീവനക്കാരുടെ കുറവ്.
5 എല്ലാ വിഷയങ്ങളിലും എല്ലാ ജീവനക്കാർക്കും അവഗാഹമില്ലാത്തത്.
6 പ്രായോഗികമല്ലാത്തതും യഥാർത്ഥ ബോധ്യത്തോടു കൂടിയല്ലാത്തതുമായ പൗരാവകാശ രേഖ.
7 അപേക്ഷകൾ പൂർണ്ണമാണെന്നുറപ്പ് വരുത്തുന്നതിനുള്ള തടസ്സങ്ങൾ.
8 ജനങ്ങൾ ക്യൂ നില്ക്കേണ്ടി വരുന്നത്.
9 മുൻഗണനാക്രമം അട്ടിമറിക്കപ്പെടുന്നത്.
10 ഫ്രണ്ട് ഓഫീസിൽ ചുമതലയുള്ള ദിവസം ജീവനക്കാരന്റെ സെക്ഷൻ ചുമതല തടസ്സപ്പെടുന്നത്.
11 കൃത്യാന്തര ബാഹുല്യമുണ്ടാകുമ്പോൾ, വാഗ്ദാനം ചെയ്ത തീയതിയിൽ സേവനം നൽകാൻ കഴിയാതിരിക്കുന്നത്.
12 ചുമതലകൾ സമയബന്ധിതമായി നിർവഹിക്കാതിരിക്കുന്നത്.
13 തപാലുകളുടെ തരം തിരിവിൽ വരാവുന്ന പിഴവുകൾ.
14 ഫ്രണ്ട് ഓഫീസ് ഡയറി പോലെ നിലവിലുള്ളതിൽ കൂടുതൽ രേഖകൾ ഉപയോഗിക്കേണ്ടി വരുന്നത്.
15 അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയ പ്രശ്നങ്ങൾ സാധാരണമായി ഉയർന്നുവരാവുന്നതാണ്.

**പരിഹാര മാർഗ്ഗങ്ങൾ**

പെട്ടെന്ന് ചെയ്യാവുന്നതും, സമയമെടുത്ത് ചെയ്യേണ്ടതുമായ വിവിധ പ്രവർത്തനങ്ങളിലൂടെ ഈ പ്രതിസന്ധികളെ മറികടക്കാനാവും.

1 ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പരിശീലനം നൽകുന്നതിലൂടെ.
2 പൗരാവകാശ രേഖ യാഥാർത്ഥ്യബോധത്തോടെ കാലാനുസൃതമായി പരിഷ്കരിക്കുന്നതിലൂടെ.
3 പൗരാവകാശ രേഖ എല്ലാ ജനങ്ങൾക്കും ലഭ്യമാക്കുന്നതിലൂടെ.
4 അടിസ്ഥാന സൗകര്യങ്ങൾ ഭരണനിർവഹണ പദ്ധതിയിലൂടെയും മറ്റും ഘട്ടംഘട്ടമായി ഒരുക്കുന്നതിലൂടെ. (എന്നാൽ ഫ്രണ്ട് ഓഫീസ് നടപടിക്രമങ്ങളാരംഭിക്കുന്നതിന് ഒരു മേശയും കസേരയും മതിയാകും).
5 ടോക്കൺ സംവിധാനവും ഇലക്ട്രോണിക്ക് ഡിസ്പ്ലേ സംവിധാനവും ഏർപ്പെടുത്തുന്നതിലൂടെ.
6 ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള സൂചിക സോഫ്റ്റ് വെയർ സഹായത്തോടെ ഇ-ഗവേണൻസ് സാധ്യതകൾ ഉപയോഗിക്കുന്നതിലൂടെ.
7 അപേക്ഷകൾ നൽകുന്നതിന് പൊതുജനങ്ങളും സ്വീകരിക്കുന്നതിന് ഫ്രണ്ട് ഓഫീസ് ചുമതലക്കാരും സേവന നിബന്ധന പട്ടിക (check list) കൾ ഉപയോഗിക്കുന്നതിലൂടെ.
8 ജോലിവിഭജനം നടത്തുന്നതിലൂടെ.
9 അധികാരങ്ങൾ താഴേയ്ക്ക് നൽകുന്നതിലൂടെ (delegation of power).
10 ഇന്റർകോം സൗകര്യം ഏർപ്പെടുത്തുന്നതിലൂടെ.
11 പൊതുജന സൗഹൃദപരമായ രീതിയിൽ വിവരവിനിമയം നടത്തുന്നതിന് ഇനിപ്പറയുന്ന ജനാഭിമുഖ്യ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ.

1. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ ഇരിപ്പിടം, സ്റ്റേഷണറി സാധനങ്ങൾ, കുടിവെള്ളം, ജന്റർ സൗഹൃദ മൂത്രപ്പുരകൾ, പൊതുവായ ഫോൺ സൗകര്യം തുടങ്ങിയവ.
2. നോട്ടീസ് ബോർഡ്, സേവന വിവര ബോർഡുകൾ, ഹാജർ ബോർഡ്, ഗ്രാമസഭാ ബോർഡ് തുടങ്ങിയവ.
13 പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും മറ്റും ചെയ്യുന്നതിന് പരാതിപ്പെട്ടിയും നിർദ്ദേശപ്പെട്ടിയും സ്ഥാപിക്കുകയും എപ്പോൾ, ആര് തുറക്കുമെന്നും, എന്തു നടപടി സ്വീകരിക്കുമെന്നും എഴുതി വെക്കുകയും ചെയ്യുന്നതിലൂടെ.
14 ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിനു ശേഷവും, അവധി ദിവസങ്ങളിലും അപേക്ഷകളും മറ്റും സ്വീകരിക്കാൻ തപാൽപെട്ടി സ്ഥാപിക്കുന്നതിലൂടെ.
15 ഫ്രണ്ട് ഓഫീസ് കൗണ്ടറിൽ ഇനിപ്പറയുന്ന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിലൂടെ.
1 അപേക്ഷകളും പണവും സ്വീകരിക്കുന്നതിനും സേവനം നൽകുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ.
2 ടെലിഫോൺ ഡയറക്ടറി, വാർഡ്തല വിവരങ്ങൾ മുതലായ വിവര സഞ്ചയങ്ങൾ.
3 ആവശ്യമായ രജിസ്റ്ററുകൾ, അപേക്ഷാഫോറങ്ങൾ, വിഷയതല പരിശോധന പട്ടികകൾ.
4 പൗരാവകാശ രേഖ, റഫറൻസിനാവശ്യമായ നിയമങ്ങൾ, ചട്ടങ്ങൾ.
5. മാതൃകാ അപേക്ഷാഫോറങ്ങൾ തുടങ്ങി ചെലവു കുറഞ്ഞതും, എന്നാൽ ഫലപ്രദവുമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെയും ആന്തരിക നിയന്ത്രണ പ്രവർത്തനങ്ങളിലൂടെയും ചിട്ടപ്പെടുത്തലിലൂടെയും നമുക്ക് ഉയർന്ന ഗുണനിലവാരമുള്ള സേവന സംവിധാനം സാധ്യമാക്കാൻ കഴിയും.


ഇന്ന് കേരളത്തിൽ നൂറിലധികം ഗ്രാമപഞ്ചായത്തുകളിൽ ചിട്ടയായ ഫ്രണ്ട് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് എന്നത് വളരെ ആഹ്ലാദകരമായ സംഗതിയാണ്. മുഴുവൻ പഞ്ചായത്തുകളിലും ഏകീകൃതവും ശാസ്ത്രീയവുമായ രീതിയിൽ ഇത് സാധ്യമാവുകയും ഇ-ഗവേണൻസ് ഏർപ്പെടുത്തുകയും ചെയ്യുന്നതിലൂടെ സേവന പ്രദാന രംഗത്തും, കാര്യക്ഷമമായ ഓഫീസ് ഭരണ നിർവഹണ രംഗത്തും ഉയർന്ന ഗുണനിലവാരം നേടാനാവുമെന്നത് ഉറപ്പാണ്.

*ലേഖകൻ കിലയിൽ അസിസ്റ്റന്റ് ഡയറക്ടറാണ്.*



# തൊഴിലുറപ്പ് പദ്ധതിയിലെ കേരള മാതൃകകൾ

## ദിശാബോധം നൽകുന്ന നീർത്തട വികസനപദ്ധതികൾ



അജിത് വെണ്ണിയൂർ

ഗ്രാമങ്ങളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനൊപ്പം സുസ്ഥിരവികസനത്തിന് സഹായകമായ പ്രവൃത്തികളിലൂടെ സാമൂഹിക ആസ്തി സൃഷ്ടിക്കുക കൂടി ലക്ഷ്യമാക്കിയ പദ്ധതിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി. അതാണ് ഇതിനു മുമ്പ് വിവിധ സർക്കാരുകൾ ആവിഷ്ക്കരിച്ച തൊഴിൽദാന പദ്ധതികളിൽനിന്ന് ഇതിനെ വ്യത്യസ്തമാക്കുന്നതും.

പതിനൊന്നാം പദ്ധതിയിൽ സുസ്ഥിരവികസനത്തിനും പദ്ധതി സംയോജനത്തിനും ഊന്നൽ നൽകിയിരിക്കുന്ന കേരളം, തൊഴിലുറപ്പുപദ്ധതിയിൽ ഈ രണ്ടുഘടകങ്ങൾക്കും പ്രാധാന്യമുള്ള പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിന് പഞ്ചായത്തുകളെ പ്രേരിപ്പിക്കുകയും അതിനു സഹായകമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. അതിലൂടെ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിക്ക് ദിശാബോധം നൽകുന്ന ഒട്ടേറെ പ്രവൃത്തികൾ ഉരുത്തിരിയുകയും ചെയ്തു.

അധികാരവികേന്ദ്രീകരണത്തിൽ കേരളത്തിൻെറ സംഭാവനയായ ജനകീയാസൂത്രണത്തിൽ പ്രാരംഭം മുതൽ പ്രാധാന്യം നൽകിയിരുന്ന രണ്ടു പ്രക്രിയകളാണ് വിഭവഭൂപട നിർമ്മാണവും നീർത്തടാധിഷ്ഠിത വികസനാസൂത്രണവും. അതിൻെറ അന്തസത്ത ഉൾക്കൊണ്ട് ഒട്ടേറെ പഞ്ചായത്തുകൾ മാതൃകാപരമായ പദ്ധതികൾക്ക് രൂപം നൽകി. അവ ദേശീയ, അന്തർദേശീയ തലങ്ങളിൽ അനുകരണീയ മാതൃകകളായി പ്രചാരം നേടുകയും ചെയ്തു. എന്നാൽ അത്തരം ഉദ്യമങ്ങൾ വ്യാപിപ്പിക്കുന്നതിനും ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും പല കാരണങ്ങളാൽ കഴിഞ്ഞിട്ടില്ല.

തൊഴിലുറപ്പുപദ്ധതി നൽകിയ അവസരങ്ങൾ പ്രയോജനപ്പെടുത്തി നീർത്തട വികസനവും വിഭവപരിരക്ഷയും സാധ്യമാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് മാതൃക കാട്ടിയ രണ്ട് ഗ്രാമപഞ്ചായത്തുകളാണ് കാസർഗോഡ് ജില്ലയിലെ മടിക്കൈയും വയനാട് ജില്ലയിലെ പൊഴുതനയും.

### മാതൃകയായി മടിക്കൈ

ജനകീയാസൂത്രണത്തിന്റെ പ്രാരംഭം മുതൽ തന്നെ നീർത്തടാധിഷ്ഠിത വികസനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയ ഗ്രാമപഞ്ചായത്താണ് കാസർഗോഡ് ജില്ലയിലെ മടിക്കൈ.

ഭൂപ്രകൃതിക്കനുസരിച്ച് പഞ്ചായത്തിനെ പതിനേഴു ചെറുനീർത്തടങ്ങളായി വിഭജിച്ച് ജനകീയ പങ്കാളിത്തത്തോടെ വിഭവഭൂപടം തയ്യാറാക്കി വികസന പദ്ധതികൾ[illegible] ത്തറയൊരുക്കിയ മടിക്കൈ നിര[illegible] സുസ്ഥിരവുമായ വികസന പ്രവർ[illegible] ളിലൂടെ ഒട്ടേറെ സംസ്ഥാന – ദേശീയ പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.

പശ്ചിമഘട്ട വികസന പരിപാടിയിൽപ്പെടുത്തി പഞ്ചായത്തിൽ നടത്തിയ വികസന പദ്ധതികളിൽ നിലനിന്ന വിടവുകൾ നികത്തുന്നതിന് ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിലെ അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി മടിക്കൈ വീണ്ടും സമഗ്ര വികസന കാഴ്ചപ്പാട് തെളിയിച്ചു. സൂക്ഷ്മമായ ആസൂത്രണത്തിലൂടെ നീർത്തട വികസന പദ്ധതിയിലേയ്ക്ക് തൊഴിലുറപ്പു പദ്ധതിയെ ഉൾച്ചേർത്ത് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത പ്രവൃത്തികൾ പദ്ധതി സംയോജനത്തിലും മററു പഞ്ചായത്തുകൾക്ക് മാതൃകയായി.

തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ഉപരിതല ജലസംഭരണികൾ കഴിഞ്ഞ മഴക്കാലത്ത് വൻ മഴക്കൊയ്ത്തിന് വഴിയൊരുക്കി. മഴക്കാലത്ത് നൈസർഗികമായി രൂപപ്പെടുന്ന നീർച്ചാലുകൾ വിപുലീകരിച്ച് പാർശ്വഭിത്തികൾ കെട്ടിയാണ് ജലസംഭരണികൾ രൂപപ്പെടുത്തിയത്. ഇതിനു പുറമെ ഒഴുകിപ്പാഴാകുന്ന വെള്ളം തടഞ്ഞുനിർത്തുന്നതിന് നൂറിലധികം ചെറുതടയണകളും നിർമ്മിച്ചു കഴിഞ്ഞു.

മഴക്കാലത്ത് ഉപരിതലത്തിലൂടെ ഒഴുകുന്ന വെള്ളം ഒരു മിനിററുകൊണ്ട് മൂന്നു മീററർ ദൂരത്തേക്ക് ഒഴുകുമെന്നാണ് കണക്ക്. ഇതിനെ തടഞ്ഞു സംഭരിച്ചു നിർത്തിയാൽ ഒരു മീററർ ദൂരം മണ്ണിനടിയിൽ കൂടി ഒഴുകാൻ മൂന്നു ദിവസമെടുക്കും. മണിക്കൂറുകൾക്കുള്ളിൽ പുഴയിലും കടലിലുമെത്തുന്ന മഴവെള്ളത്തെ ഇപ്രകാരം 48 ദിവസത്തോളം ഭൂമിക്കടിയിലൂടെ കിനിഞ്ഞിറങ്ങി കൃഷിയിടങ്ങളെ ഈർപ്പമണിയിച്ചു നിർത്താൻ ഇത്തരം തടയണകൾ സഹായിക്കും. പരമ്പരാഗത ജലസ്രോതസ്സുകളുടെ ഉറവ സംരക്ഷിക്കാനും ജല പുനർജീവനത്തിലൂടെ മേൽമണ്ണിന്റെ ഒഴുകിപ്പോക്ക് തടയാനും സഹായകമാണ് ഈ പദ്ധതികൾ.

പങ്കാളിത്താധിഷ്ഠിതമായ പ്രക്രിയയിലൂടെയാണ് തുടക്കം മുതൽ തന്നെ ഗ്രാമപഞ്ചായത്ത് നീർത്തട വികസന പദ്ധതിക്ക് രൂപം നൽകിയത്. നീർത്തട ഗ്രാമസഭകൾ, സർവ്വേ പഠനങ്ങൾ, പങ്കാളിത്ത ഗ്രാമപഠനം എന്നിവ അതിന് ഏറെ സഹായകമായി.

### നീർത്തട ഗ്രാമസഭ

നീർത്തടങ്ങളിലെ മുഴുവൻ ഗുണഭോക്താക്കളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഗ്രാമസഭയാണ് ആദ്യം ചേർന്നത്. നീർത്തട വികസനപദ്ധതിയുടെ ആവശ്യകത, നടപ്പാക്കാവുന്ന പദ്ധതി, പ്രവൃത്തി ഇനങ്ങൾ എന്നിവ ഈ യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടു.

### സർവ്വെ പഠനങ്ങൾ

പദ്ധതി നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും നീർത്തടത്തിന്റെ നിലവിലെ അവസ്ഥകളും പ്രശ്നങ്ങളും അതിനുള്ള പരിഹാര നിർദ്ദേശങ്ങളും നേരിട്ടു ശേഖരിക്കുന്നതിനുമായി വിശദമായ ഫോറത്തിന്റെ അടിസ്ഥാനത്തിലുള്ള വീടുവീടാന്തരം കയറിയുള്ള സാമൂഹ്യ-സാമ്പത്തിക സർവ്വെ ആയിരുന്നു ആദ്യഘട്ടം.

### പങ്കാളിത്ത ഗ്രാമപഠനം

സർവ്വെ പഠനത്തിനു പുറമെ പങ്കാളിത്ത ഗ്രാമപഠനത്തിന്റെ വിവിധ സാങ്കേതിക രീതികൾ ഉപയോഗിച്ചുള്ള വിവരശേഖരണവും വിശകലനവും നടത്തി. ഭൂപട നിർമ്മാണം, പഠനയാത്ര, ജലത്തിന്റെ ഋതുഭേദകലണ്ടർ, കൃഷിയിടപഠനം, സാങ്കേതിക പഠന പര്യടനങ്ങൾ



ജൈവ പുതയിടൽ

**പ്രകൃതിയിലെ പാഴായിപ്പോകുന്ന ജൈവവസ്തുക്കൾ ഉപയോഗിച്ച് ചെടികൾക്കു ചുറ്റും പുതയിട്ട് മണ്ണിലെ ജലാംശം സംരക്ഷിക്കുന്നതിന് പൊഴുതനയിലെ ഇടിയംവയൽ നീർത്തടത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ ഈ മേഖലയിലെ വിഭവപരിരക്ഷയ്ക്കും പരിസ്ഥിതി സംരക്ഷണത്തിനും സഹായകമായി.**

**തൊഴിലുറപ്പുപദ്ധതി നൽകിയ അവസരങ്ങൾ പ്രയോജനപ്പെടുത്തി നീർത്തട വികസനവും വിഭവപരിരക്ഷയും സാധ്യമാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് മാതൃക കാട്ടിയ രണ്ട് ഗ്രാമപഞ്ചായത്തുകളാണ് കാസർഗോഡ് ജില്ലയിലെ മടിക്കൈയും വയനാട് ജില്ലയിലെ പൊഴുതനയും.**

തുടങ്ങിയ പങ്കാളിത്ത ഗ്രാമപഠന സങ്കേതങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. ഇത്തരത്തിൽ നടത്തിയ പഠനപ്രവർത്തനങ്ങളിൽ നിന്നും ഗ്രൂപ്പ് ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ രൂപീകരിച്ചാണ് പദ്ധതിയുടെ ലക്ഷ്യവും പ്രവർത്തനങ്ങളും രുപപ്പെടുത്തിയിരിക്കുന്നത്.

പെയ്തിറങ്ങുന്ന മഴവെള്ളത്തെ പരമാവധി വീഴുന്നിടങ്ങളിൽ തന്നെ പ്രാദേശികമായ മണ്ണ് ജലസംരക്ഷണപ്രവൃത്തികളിലൂടെ തടഞ്ഞു നിർത്തി മണ്ണിലേക്ക് അരിച്ചിറങ്ങാൻ സഹായിക്കുക, ജലസ്രോതസുകളിലെ ജലവിതാനം പടിപടിയായി ഉയർത്തിക്കൊണ്ടു വരികയും, കുടിവെള്ള ക്ഷാമം പൂർണ്ണമായി പരിഹരിക്കുകയും കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കുകയും ചെയ്യുക, ഫലഭൂയിഷ്ഠമായ മണ്ണ് സംരക്ഷിച്ചു നിർത്തി അതിലൂടെ കാർഷിക ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക, നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിച്ചു നിർത്തുക, നീർത്തടാധിഷ്ഠിത വികസന സംസ്ക്കാരം വളർത്തിയെടുക്കുക, കൃഷിയെ പരിപോഷിപ്പിക്കുക, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തു ന്നതിനുള്ള വരുമാന വർദ്ധന പദ്ധതികൾ ആവിഷ്കരിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.


ഷട്ടർ ചെക്ക് ഡാം

നീർത്തടത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതി പ്രവൃത്തികളുടെ നിർവഹണത്തിനുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി നീർത്തടഗ്രാമസഭകൾ യഥാസമയം ചേരുകയും ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി അംഗീകരിക്കുകയും ചെയ്തു.

ഓരോ നീർത്തടത്തിലും 20-25 കുടുംബങ്ങളെ ചേർത്ത് രുപീകരിച്ചിരിക്കുന്ന നീർത്തട സംഘത്തിന്റെ നേതൃത്വത്തിലാണ് നീർത്തടസംഘം പരിധിയിൽപെടുന്ന ഗുണഭോക്താക്കളുടെയും ഗുണഭോക്തൃപ്രദേശത്തിന്റെയും പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നത്.

നീർത്തടത്തിനകത്തെ കർഷകർ, കുടുംബശ്രീ പ്രവർത്തകർ, പഞ്ചായത്ത് മെമ്പർമാർ, നിർവഹണഉദ്യോഗസ്ഥർ, സാങ്കേതിക വിദഗ്ദ്ധർ, സന്നദ്ധസംഘടന പ്രവർത്തകർ എന്നിവർ ഉൾപ്പെട്ട നീർത്തടകമ്മിറ്റി എല്ലാ മാസവും യോഗം ചേർന്ന് പ്രവൃത്തി പുരോഗതി വിലയിരുത്തി തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## ഗതി നിയന്ത്രണ കമ്മിറ്റി

പദ്ധതി പ്രവൃത്തികൾ കൃത്യമായും ഗുണമേന്മയോടും കൂടി നടക്കുന്നു എന്നുറപ്പു വരുത്തുന്നതിനായി കർഷക പ്രതിനിധികളും സാങ്കേതിക വിദഗ്ധരും ഉൾപ്പെടുന്ന കമ്മിറ്റി പദ്ധതി പ്രവൃത്തികൾ പരിശോധിക്കുകയും ഫണ്ട് നല്കുന്നതിനായി ശുപാർശ നടത്തുകയും ചെയ്യുന്നു.

നീർത്തടവികസന പ്രവർത്തനത്തിന്റെ ഫലമായി ലക്ഷകണക്കിന് ലിറ്റർ വെള്ളമാണ് ഒഴുകിപ്പോകാതെ തടഞ്ഞു നിർത്തപ്പെടുന്നത്. ഉദാഹരണമായി ഒരു നീർക്കുഴിയിൽ ശേഖരിക്കപ്പെടുന്ന ജലം നീർത്തട വികസന പദ്ധതിയിലുൾപ്പെടുത്തി ഇതുവരെ പദ്ധതിപ്രവൃത്തികൾ നടത്താത്ത കോതോട്ട് നീർത്തടവും (819 ഹെക്ടർ) നേരത്തെ പദ്ധതി പ്രവർത്തനം നടത്തിയ മുഴുവൻ സ്ഥലത്തും പൂർണ്ണമായി പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത വെണ്ണന്നൂർ നീർത്തടവു(394 ഹെക്ടർ) മാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നീർത്തട പരിപാലന പ്രവൃത്തിക്കായി നിശ്ചയിച്ചിട്ടുള്ളത്. വിശദമായ പദ്ധതി നിർദ്ദേശങ്ങൾ രൂപപ്പെടുത്തി അംഗീകാരം നേടി പദ്ധതി ആരംഭിക്കുന്നതിനായി വ്യക്തമായ പ്രവർത്തനകലണ്ടർ ആവിഷ്കരിച്ചിട്ടുണ്ട്.

## ജൈവപുതയിടലിലൂടെ നീർത്തട വികസനം

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി നീർത്തട സംരക്ഷണത്തിൽ മാതൃകാപരമായ ഉദ്യമങ്ങൾക്ക് തുടക്കം കുറിച്ച ഗ്രാമ പഞ്ചായത്താണ് വയനാട് ജില്ലയിലെ പൊഴുതന. പ്രകൃതിയിലെ പാഴായിപ്പോകുന്ന ജൈവവസ്തുക്കൾ ഉപയോഗിച്ച് ചെടികൾക്കു ചുറ്റും പുതയിട്ട് മണ്ണിലെ ജലാംശം സംരക്ഷിക്കുന്നതിന് ഇടിയംവയൽ നീർത്തടത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ ഈ മേഖലയിലെ വിഭവപരിരക്ഷയ്ക്കും പരിസ്ഥിതി സംരക്ഷണത്തിനും സഹായകമായി. ഒപ്പം ഒട്ടനേകം പേർക്ക് നിരന്തരമായ തൊഴിലവസരവും മികച്ച വരുമാനവും ലഭിച്ചു.

## പഴമയിലെ പുതുമ

പരമ്പരാഗതമായി നമ്മുടെ പൂർവ്വികർ പിന്തുടർന്നുപോന്ന ഒരു കാർഷിക സമ്പ്രദായമാണ് ജൈവപുതയിടൽ. ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കാച്ചിൽ എന്നിവ കൃഷി ചെയ്ത് കഴിഞ്ഞാൽ തവാരണക്ക് മുകളിൽ ചപ്പ് ചവറുകൾ വിരിച്ച് തവാരണ പൂർണ്ണമായും മൂടുന്നതോടുകൂടി, ശക്തമായ വേനൽ ചൂടിൽ മണ്ണിനടിയിലിരിക്കുന്ന വിത്തുകളും മററു നടീൽ വസ്തുക്കളും ഉണങ്ങി നശിക്കാതെ വളരെ സുരക്ഷിതമായി നിൽക്കുന്നു. അനുകൂല കാലാവസ്ഥ വരുന്നതുവരെ ഇവയെ സംരക്ഷിക്കാൻ പുതയിടൽ കൊണ്ട് സാദ്ധ്യമാവുന്നു. നീർത്തട സംരക്ഷണത്തിൽ നാട്ടറിവുകളെ പ്രയോജനപ്പെടുത്തി പൊഴുതന ഗ്രാമപഞ്ചായത്ത് ആവിഷ്ക്കരിച്ച ഈ പ്രവൃത്തി ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ പഴമയിലെ പുതുമ കൊണ്ട് ശ്രദ്ധേയമായി.

പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന ജൈവവസ്തുക്കൾ ഉപയോഗിച്ച് ചെടിയുടെ ചുററും വേരുപടലങ്ങൾ വ്യാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ഒരു ആവരണം സൃഷ്ടിക്കുകയാണ് ജൈവപുതയിടൽ പ്രവർത്തനം. ചെടികൾക്ക് ചുറ്റും നിൽക്കുന്ന പാഴ്ചെടികൾ, സസ്യങ്ങൾ, മറ്റ് കളകൾ എന്നിവ ചെത്തിക്കൂട്ടി ഒരടിയോളം വരുന്ന കുഴികൾ എടുത്ത് ചെടികൾക്ക് ചുറ്റും കുഴിച്ച് മൂടുന്നു.

താപനില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയും ജലലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ ജൈവപുതയിടലിന് വളരെയധികം പ്രാധാന്യം ഉണ്ട്. തൊഴിലുറപ്പു പദ്ധതിയിലെ മുൻഗണനകൾ നിശ്ചയിക്കാൻ ചേർന്ന ആലോചനായോഗത്തിലാണ് നീർത്തട സംരക്ഷണത്തിന് പുതയിടൽ ഒരിനമാക്കാമെന്ന അഭിപ്രായം ഉയർന്നുവന്നത്.

വിവിധ ഓഫീസുകളിൽ നിന്ന് വിവരശേഖരണം, സർവേ, ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സാമൂഹികപ്രവർത്തകരുമായുള്ള കൂടിയാലോചനകൾ എന്നിവയിലൂടെ ഓരോ പ്രദേശത്തിനും ഇണങ്ങുന്ന ആവശ്യാധിഷ്ഠിതപദ്ധതികൾ തിരഞ്ഞെടുക്കുകയായിരുന്നു ആദ്യപ്രവർത്തനം. 2007-08 വർഷത്തേയ്ക്ക് 25 പ്രവൃത്തികൾ അങ്ങനെ പട്ടികയിൽ ഇടം പിടിച്ചു.

കരട് രേഖ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത ശേഷം പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർത്തു. ഗ്രാമസഭകളിലെ ചർച്ചകളിൽ ജൈവ പുതയിടൽ മുൻഗണനാ പട്ടികയിൽ മുന്നിലെത്തി. വീണ്ടും പഞ്ചായത്ത് യോഗം വിളിച്ചുകൂട്ടി ഗ്രാമസഭാ നിർദ്ദേശം അംഗീകരിച്ചു. തുടർന്ന് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടി പ്രവൃത്തി ആരംഭിച്ചു.

2007-08 വർഷത്തിൽ ഈ പദ്ധതി പ്രകാരം അഞ്ച് ഏക്കർ ഭൂമിയിൽ ജൈവ പുതയിടൽ നടത്തി. 2,34,14,432 രൂപയാണ് ഇതിനായി ചെലവഴിച്ചത്. 142330 തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്യാനായി. വേതന ഇനത്തിൽ കർഷക തൊഴിലാളികൾക്ക് ലഭിച്ചത് 1,11,5125 രൂപ.

## നീർത്തട ഭൂപടനിർമ്മാണം

ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ (2007-08) ഉൾപ്പെടുത്തി നീർത്തട ഭൂപടനിർമാണത്തോടെയാണ് പ്രവൃത്തികൾക്ക് തുടക്കം കുറിച്ചത്. ജനകീയ പങ്കാളിത്തത്തോടെ പൂർത്തിയാക്കിയ ഭൂപടത്തിന്റെ സഹായത്തോടെ വിശദമായ പ്രവർത്തന രേഖ


മഴക്കുഴി

തയ്യാറാക്കി.

വാർഡ് മെമ്പർ ചെയർമാനും പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായി മുപ്പതംഗ നീർത്തട വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മിററിയാണ് പ്രവൃത്തികൾക്ക് മേൽനോട്ടം നിർവ്വഹിക്കുന്നത്. മാസത്തിൽ കുറഞ്ഞത് ഒരു തവണ കമ്മിററി യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തുന്നു. ആവശ്യമെങ്കിൽ അടിയന്തര യോഗം ചേരുന്നു.

ഇതിനു പുറമെ ഒരു ടാസ്ക് ഫോഴ്സും നിലവിലുണ്ട്. പഞ്ചായത്തിലെ സ്റ്റിയറിംഗ് കമ്മിററിയംഗങ്ങളും രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധികളും കുടുംബശ്രീ സി.ഡി. എസ്. ചെയർപേഴ്സനും ഉൾപ്പെടെ 14 അംഗങ്ങളുള്ള ഈ സമിതി രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തുന്നു.

നീർത്തട സാങ്കേതിക സമിതിയാണ് സാങ്കേതിക കാര്യങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നത്. നീർത്തട വികസനത്തിൽ സാങ്കേതിക പരിജ്ഞാനമുള്ളവരും അനുഭവസമ്പത്തുള്ള കർഷകരും വിവിധ വകുപ്പുദ്യോഗസ്ഥരുമുൾപ്പെട്ട 12 അംഗ സമിതിയാണിത്. പൊഴുതന ഗ്രാമ പഞ്ചായത്ത് കൃഷി ഭവനും ഇക്കാര്യത്തിൽ മികച്ച സേവനം ലഭ്യമാക്കി. ബ്ളോക്ക് തല സാങ്കേതിക സമിതി, മണ്ണ് സംരക്ഷണ വിദഗ്ദ്ധർ, ജില്ലാ പഞ്ചായത്ത്, മഴയെക്കുറിച്ച് വിവരശേഖരണം നടത്തുന്ന ഹാരിസൺ മലയാളം ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനം, മീനങ്ങാടിയിലെ ഭൂഗർഭജല ഓഫീസ് എന്നിവയുടെ സേവനങ്ങളും ഈ പദ്ധതിക്ക് ഏറെ പ്രയോജനപ്രദമായി.

## നേട്ടങ്ങൾ

ഏറെപ്പേർക്ക് തൊഴിലും വേതനവും ലഭിച്ചു എന്നതിലുപരി ഒരു പ്രദേശത്തിന്റെ സുസ്ഥിര വികസനത്തിന് വിത്തുപാകി എന്നതാണ് ഈ പദ്ധതിയുടെ ഒരു പ്രധാന നേട്ടം. മിക്ക കൃഷിയിടങ്ങളിലും വസ്തു ഉടമകൾ തന്നെ തൊഴിലാളികളായി. എല്ലാ ജാതിമതസ്ഥർക്കും ഒരുമയോടെ പ്രവൃത്തിയെടുക്കാൻ പദ്ധതി വേദിയൊരുക്കി. കുറഞ്ഞ കൂലി എല്ലാ പ്രദേശത്തും സ്ത്രീ പുരുഷഭേദമെന്യെ 125 രൂപയായി ഉയർന്നു. കുടുംബങ്ങളിൽ സമ്പാദ്യശീലം വർദ്ധിച്ചു. തൊഴിലിന് അപേക്ഷ നൽകിയ മുഴുവൻ പേർക്കും തൊഴിൽ ലഭിച്ചു. സർവേ പ്രവർത്തനങ്ങൾ അതിൽ പങ്കെടുത്തവരിൽ സേവനമനോഭാവം വളർത്താൻ വഴിയൊരുക്കി. കുടുംബശ്രീ പ്രവർത്തകരുടെ കാര്യശേഷി ഉയർത്താനും സ്ത്രീ ശക്തി വികസന പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്താനും പദ്ധതി പ്രവർത്തനം ഇടയാക്കി.

**പെയ്തിറങ്ങുന്ന മഴവെള്ളത്തെ പരമാവധി വീഴുന്നിടങ്ങളിൽ തന്നെ പ്രാദേശികമായ മണ്ണ് ജല സംരക്ഷണപ്രവൃത്തികളിലൂടെ തടഞ്ഞു നിർത്തി മണ്ണിലേയ്ക്ക് അരിച്ചിറങ്ങാൻ സഹായിക്കുക വഴി ജലസ്രോതസുകളിലെ ജലവിതാനം പടിപടിയായി ഉയർത്തിക്കൊണ്ടു വരാനും, കുടിവെള്ള ക്ഷാമം പൂർണ്ണമായി പരിഹരിക്കുവാനും കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കുവാനും കഴിയും.**

(കില പഠനം ആസ്പദമാക്കി തയ്യാറാക്കിയത്)

*ലേഖകൻ*
*കേരള സംസ്ഥാന സുസ്ഥിര നഗരവികസന പദ്ധതിയുടെ ഐ.ഇ.സി. എക്സ്പർട്ടാണ്*

അമൃതമഥനം എന്ന ലേഖനപരമ്പരയുടെ അവസാനഭാഗം

മദ്ധ്യപ്രദേശ്

ഭോപ്പാലിൽനിന്നും രാജേഷ് സിറോഠിയ
വിവർത്തനം: ഡോ.എം.എസ്. രാധാകൃഷ്ണപിള്ള

## തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ മുട്ടുകുത്തിക്കുന്ന

# ഉന്മാദംപൂണ്ട അധികാരിവർഗ്ഗം

### പഞ്ചായത്ത് വികസന പ്രമേയങ്ങൾ പാസ്സാക്കുന്നു എന്നാൽ അവയ്ക്ക് ഇടംകിട്ടുന്നത് ചവറ്റുകുട്ടയിൽ

**66,000** ഗ്രാമങ്ങൾ....27,000 പഞ്ചായത്തുകൾ....9,800ൽപരം വനിതാ സർപഞ്ചുകൾ...പഞ്ചായത്തുകളിലെ 4.85 ലക്ഷം തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ..... ഇതിൽ 1.85 ലക്ഷം വനിതകൾ മാത്രം. 33 ശതമാനം സംവരണത്തിന് പകരം 36 ശതമാനം വനിതകൾ പഞ്ചായത്തുകളിൽ ഉണ്ട്. പ്രതിവർഷം എട്ട് കോടിയിലധികം തുക പഞ്ചായത്തുകളിൽകൂടി ഗ്രാമീണ വികസനത്തിനായി ചെലവഴിക്കപ്പെടുന്നു.

ഇത് മദ്ധ്യപ്രദേശിലെ സ്ഥിതിയാണ്. 75 ശതമാനത്തിലധികം ഗ്രാമീണ ജനസംഖ്യയുള്ള ഈ സംസ്ഥാനത്ത് പഞ്ചായത്തീരാജിനെ സംബന്ധിച്ച ഈ കണക്കുകൾ ഉപരിപ്ലവമായി നോക്കിയാൽ തിളക്കമുള്ളതാണെന്നു തോന്നും. എന്നാൽ യാഥാർത്ഥ്യങ്ങൾ കുറച്ച് പരുപരുക്കനാണ്. ഈ തിളക്കം അദൃശ്യമാകുന്നതായി കാണാം. പ്രതീക്ഷ അപ്രത്യക്ഷമാകുന്നു. മഹാത്മാഗാന്ധിയുടെ പഞ്ചായത്തീരാജ് എന്ന സ്വപ്നം വെറും ആകാശകോട്ടയായി തോന്നുന്നു. സ്വാശ്രയത്വം കാതങ്ങളോളം പിറകിലാണ്. പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ ഢംഭ്, നിയമത്തിന്റെ വടികൊണ്ട് സർക്കാർ ഉദ്യോഗസ്ഥർ അവർക്ക് തോന്നുമ്പോൾ തച്ചുടക്കുവാൻ തുടങ്ങുന്നു. സർക്കാർ പഞ്ചായത്തുകൾ വഴി പ്രവർത്തനങ്ങൾ നടത്തിക്കുന്നതായി അവകാശപ്പെടുന്നു. എന്നാൽ സർക്കാരും പഞ്ചായത്തിലെ പ്രതിനിധികളും തമ്മിൽ ഉള്ളാലെയുള്ള ബന്ധം യജമാനനും സേവകനും തമ്മിലുള്ളതുപോലെയുള്ളതാണെന്നതാണ് വാസ്തവം.

മദ്ധ്യപ്രദേശിൽ പഞ്ചായത്തീരാജ് ഭരണകൂടത്തിൽ സർപഞ്ചുകൾക്ക് ഉത്തരവാദിത്വങ്ങൾ ഒട്ടനവധിയാണ് നൽകിയിരിക്കുന്നത്. എന്നാൽ അധികാരങ്ങൾ ലവലേശംപോലും നൽകിയിട്ടില്ല. അവർക്ക് സ്വനിശ്ചയപ്രകാരം ഒരു ചില്ലിക്കാശുപോലും ചെലവാക്കാനുള്ള അധികാരം ഇല്ല. അവർ ദില്ലിയിലോ ഭോപ്പാലിലോ തയ്യാറാക്കിയ പദ്ധതിയിനത്തിൽ ലഭിച്ച തുക കൊണ്ട് ജോലി ചെയ്യുന്ന ഗുമസ്ഥന്മാരാണ്. സർക്കാരിൽനിന്നും കളക്ടർമാരുടെ പക്കൽഎത്തിച്ചേരുന്ന തുക ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഓഫീസർ ജില്ലാ പഞ്ചായത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർവരെ എത്തിക്കുന്നു. ഈ ഓഫീസർ ഗ്രാമത്തിൽ എന്ത് പ്രവർത്തി നടക്കണമെന്ന് സർപഞ്ചുകളെ അറിയിക്കുന്നു. എന്നാൽ ബാപ്പുജി പറഞ്ഞിരുന്നത് ഗ്രാമത്തിലെ പദ്ധതികൾ ഗ്രാമത്തിൽത്തന്നെ തയ്യാറാക്കപ്പെടണമെന്നും, ഗ്രാമ വികസനം എങ്ങനെ നടക്കണമെന്നു ഗ്രാമവാസികൾ തീരുമാനിക്കണം എന്നുമാണ്. പഞ്ചായത്തുകൾ വികസന പ്രമേയങ്ങളും പാസ്സാക്കുന്നുണ്ട്. എന്നാൽ അവയ്ക്ക് സ്ഥാനം ചവറ്റുകൊട്ടയിലാണ്. പഞ്ചായത്തുകളും സർപഞ്ചുമാരും ഗുമസ്ഥന്മാരെപ്പോലെ ഓഫീസർമാരുടെ നിർദ്ദേശാനുസരണം പണം ചെലവാക്കുന്നു. സർക്കാർ അവരുടെ ഉത്തരവാദിത്തങ്ങൾ വികേന്ദ്രീകരിച്ച് അവ പഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞു. എന്നാൽ അധികാരങ്ങളും പണസഞ്ചിയും സ്വന്തം കീശയിൽതന്നെ സൂക്ഷിച്ചിരിക്കുകയാണ്.

മദ്ധ്യപ്രദേശിൽ
പഞ്ചായത്തീരാജ് ഭരണകൂട
ത്തിൽ സർപഞ്ചുകൾക്ക്
ഉത്തരവാദിത്വങ്ങൾ
ഒട്ടനവധിയാണ്
നൽകിയിരിക്കുന്നത്. എന്നാൽ
അധികാരങ്ങൾ
ലവലേശംപോലും
നൽകിയിട്ടില്ല.

മദ്ധ്യപ്രദേശിൽ പഞ്ചായത്തുകൾക്ക് ഗ്രാമീണറോഡുകൾ, ജലവിതരണപദ്ധതികൾ, സ്കൂളുകൾ, പഞ്ചായത്ത് കെട്ടിടങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പണം ലഭിക്കുന്നു. സർക്കാർ ബജറ്റ് മുപ്പത്തിനാലായിരം കോടിയിലധികം വരുന്നതാണ്. ഇതിൽ വികസനത്തിനുവേണ്ടി ചെലവാക്കുന്ന തുക 14,216.60 കോടിയാണ്. എന്നാൽ 76 ശതമാനം ജനസംഖ്യയുള്ള ഗ്രാമങ്ങളിലെ പഞ്ചായത്തുകൾ വഴി ചെലവാക്കുന്ന തുകയുടെ കണക്ക് ഒരായിരം കോടി പോലും കടക്കാറില്ല. കഴിഞ്ഞവർഷം 800 കോടിരൂപ പഞ്ചായത്തുകൾ വഴി ചെലവാക്കി.

പഞ്ചായത്തുകളിലെ പ്രശ്നങ്ങൾ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ അറിവിനേയും ആശ്രയിച്ചിരിക്കുന്നു. പിന്നോക്ക-ദളിത വിഭാഗങ്ങളിൽപ്പെട്ട അക്ഷരാഭ്യാസമില്ലാത്ത പ്രതിനിധികളുടെ അറിവ് വർദ്ധിക്കുന്നതിന് അധികാരികളുടെ തലത്തിൽവേണ്ട ശ്രമങ്ങളൊന്നും നടക്കാറില്ല. വിശേഷിച്ച് സംവരണവിഭാഗത്തിൽപ്പെട്ട പ്രതിനിധികളുടെയും ജില്ലാ പ്രതിനിധികളുടെയും ബുദ്ധിമുട്ടുകൾ വളരെ കൂടുതലാണ്. ഈ വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും സർപഞ്ച് കാര്യങ്ങൾ ഗ്രഹിച്ചു വരുമ്പോഴേയ്ക്കും അത് മറ്റാർക്കെങ്കിലും വേണ്ടി സംവരണം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കും. വനിതാ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഒരു പ്രവർത്തകയായ സാധനാ പാഠക് പറയുന്നത്-പിന്നാക്ക-ദളിത വിഭാഗങ്ങളിൽ മാത്രമല്ല, സവർണ്ണവിഭാഗത്തിൽ പ്പെട്ട വനിതകൾക്കിടയിലും പഞ്ചായത്തീരാജിനെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനമൊന്നും നടക്കുന്നില്ല എന്നാണ്.

സർപഞ്ചുകളെ സംബന്ധിച്ച് മറ്റൊരു ബുദ്ധിമുട്ട് അവരുടെ അധികാരങ്ങളെ സംബന്ധിച്ചുള്ളതാണ്. അവർ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണെന്നുള്ളത് ശരിയാണ്. എന്നാൽ അവർ സർപഞ്ചായി തുടരുന്നത് കളക്ടറുടെയും എഡിഎംന്റേയും താല്പര്യമനുസരിച്ചായിരിക്കും. സർപഞ്ചിനെ അവർക്ക് ഇഷ്ടപ്പെട്ടില്ല എന്നുവരികിൽ നാല്പതാം വകുപ്പ് അനുസരിച്ച് അദ്ദേഹത്തെ നീക്കം ചെയ്യാനുള്ള നോട്ടീസ് എ.ഡി.എം. പുറപ്പെടുവിക്കും. അതോടുകൂടി സർപഞ്ചിന്റെ വിരമിക്കൽ ഉറപ്പായി. സാധന പറയുന്നത് – ജനങ്ങൾ തെരഞ്ഞെടുത്ത ഒരു പ്രതിനിധിയെ ഒരു സർക്കാരുദ്യോഗസ്ഥൻ പറഞ്ഞുവിടുക. പഞ്ചായത്തീരാജിനെ സംബന്ധിച്ച് ഇതിൽക്കവിഞ്ഞ ഒരു വിധിവൈപരീത്യം മറ്റെന്തുണ്ട്? നാല്പതാം വകുപ്പിനെതിരെ ജബൽപൂർ ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ നിലവിലുണ്ട്. വിധി വരേണ്ടതേയുള്ളൂ. സർപഞ്ചുകൾക്ക് എതിരായി നാല്പതാം വകുപ്പ് പ്രയോഗിക്കുന്നത് നിയമാനുസൃതം അല്ലാ എന്ന് പറഞ്ഞു

ജനങ്ങൾ തെരഞ്ഞെടുത്ത ഒരു പ്രതിനിധിയെ ഒരു സർക്കാർ ഉദ്യോഗസ്ഥൻ പറഞ്ഞുവിടുക. പഞ്ചായത്തീരാജിനെ സംബന്ധിച്ച് ഇതിൽക്കവിഞ്ഞ ഒരു വിധിവൈപരീത്യം മറ്റെന്തുണ്ട്?



കഴിഞ്ഞു. ഇങ്ങനെയിരിക്കെ, ഓരോ ജില്ലയിൽനിന്നും ഒരു വർഷം ശരാശരി 35 മുതൽ 40 സർപഞ്ചുകൾ നാല്പതാം വകുപ്പ്പ്രകാരം ബലിയാടാക്കപ്പെടുന്നുണ്ട്. ആകെക്കൂടി നോക്കിയാൽ, പഞ്ചായത്തീരാജിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഒരു വശത്ത് ഉദ്യോഗസ്ഥ പ്രഭുത്വത്തിന്റെ വകയായുള്ള പീഡനം സഹിക്കുമ്പോൾ മറ്റൊരു ഗംഭീരമായ പ്രശ്നംകൂടിയുണ്ട്. അത് പഞ്ചായത്തീരാജിലെ പ്രതിനിധികളുടെ പരിവാരങ്ങൾ നടത്തുന്ന പരസ്പര പീഡനമാണ്. ഇതിന് ഒരു സാമൂഹ്യവശം കൂടിയുണ്ട്. സംവരണം കാരണം ഉണ്ടാകുന്ന ഇളക്കിമറിച്ചിലുകൾ ഗ്രാമങ്ങൾ പരമ്പരാഗതമായി ഭരിച്ചുവരുന്ന പ്രതിനിധികൾക്ക് ദഹിക്കുന്നില്ല.






**അവർ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണെന്നുള്ളത് ശരിയാണ്. എന്നാൽ അവർ സർപഞ്ചായി തുടരുന്നത് കളക്ടറുടെയും എഡിഎംന്റേയും താല്പര്യമനുസരിച്ചായിരിക്കും. സർപഞ്ചിനെ അവർക്ക് ഇഷ്ടപ്പെട്ടില്ല എന്നുവരികിൽ നാല്പതാം വകുപ്പ് അനുസരിച്ച് അദ്ദേഹത്തെ നീക്കം ചെയ്യാനുള്ള നോട്ടീസ് എ.ഡി.എം. പുറപ്പെടുവിക്കും. അതോടുകൂടി സർപഞ്ചിന്റെ വിരമിക്കൽ ഉറപ്പായി.**

ബൈത്തൂലിൽ ഒരു ദളിത വിഭാഗക്കാരിയായ അംഗം ഊർമ്മിളാബായി പണ്ടോലെയ്ക്ക് ഈ പ്രതാപികളെക്കൊണ്ട് ഗത്യന്തരമില്ലാതെ കളക്ടറേറ്റ് പരിസരത്ത് ആത്മഹത്യ ചെയ്യേണ്ടി വന്നു. ഊർമ്മിളയുടെ കുറ്റം, അവർ പ്രസിഡന്റിന്റെ ഒരു അഴിമതിക്കെതിരെ ശബ്ദമുയർത്തി എന്നുള്ളതു മാത്രമായിരുന്നു. കുപിതനായ പ്രസിഡന്റിന്റെ പുത്രൻ കല്ലൂയാദവ് അവരെ ബലാൽസംഗം ചെയ്തു. ഊർമ്മിള ബൈത്തൂലിൽ വന്ന് ഹരിജന ക്ഷേമ കാര്യാലയത്തിൽ ന്യായം ലഭിക്കണമെന്നഭ്യർത്ഥിച്ചു.എന്നാൽ പ്രതാപിയായ പ്രസിഡന്റ് പുത്രനെതിരെ കേസ്സെടുക്കുന്ന കാര്യമോ പോകട്ടെ, റിപ്പോർട്ടു പോലും രേഖപ്പെടുത്തിയില്ല. നിരാശയായ ഊർമ്മിള തിരിച്ച് ഗ്രാമത്തിൽവന്നപ്പോൾ പ്രസിഡന്റ് പുത്രൻ രണ്ടാമതും അവരോട് അപരാധം ചെയ്തു. ബൈത്തൂലിലെ അജാക്ക് സ്റ്റേഷനിൽ അവർക്ക് വീണ്ടും നിരാശയാകേണ്ടി വന്നപ്പോൾ കളക്ടർ മുമ്പാകെ സഹായമഭ്യർത്ഥിച്ചു. ഗ്രാമത്തിൽ മടങ്ങി എത്തിയപ്പോൾ ഗ്രാമസഭ അവരെ ഗ്രാമത്തിൽനിന്നും പുറത്താക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചു. ജില്ലാ ഭരണകൂടത്തിൽനിന്നും ന്യായം ലഭിക്കാതിരുന്നതിനെത്തുടർന്ന് ആത്മഹത്യാ ഭീഷണി മുഴക്കി. എന്നിട്ടും ഒന്നുംസംഭവിക്കാതിരുന്നപ്പോൾ ജില്ലാ ജുഡീഷ്യൽ മജിസ്ട്രേറ്റ് കാര്യാലയ പരിസരത്ത് 2007 നവംബർ 21ന് വിഷം കഴിച്ച് ജീവിതം അവസാനിപ്പിച്ചു. അവരുടെ ഭർത്താവും നാല് കുട്ടികളും ഇപ്പോൾ ആത്മഹത്യക്ക് പ്രേരിപ്പിച്ചു എന്നതിന് ജില്ലാ ഭരണകൂടത്തിനെതിരായി 306-ാം വകുപ്പ് പ്രകാരം കേസ്സെടുക്കുന്നതിന് ഹൈക്കോടതിയുടെ പടി കയറിയിറങ്ങുകയാണ്.

ഛത്തർപൂർ ജില്ലയിലെ മലേഹര വികസന ബ്ലോക്കിൽ ദളിത് വനിതാ സർപഞ്ചിനും അവരുടെ കുടുംബത്തിനും പ്രതാപിയായ മുൻ സർപഞ്ചിൽനിന്നും ജീവൻ രക്ഷിക്കാൻ വേണ്ടി മാസങ്ങളോളം സ്വന്തം ഗ്രാമം വിട്ട് പോലീസ് സ്റ്റേഷന് മുൻപിൽ വാടകയ്ക്ക് വീടെടുത്ത് താമസിക്കേണ്ടി വന്നു. ശിവപുരിയിലെ ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷ ജൂലി ആദിവാസികൾക്കുള്ള സർക്കാർ സൗകര്യങ്ങളെയും ഉപേക്ഷിച്ചു ഗ്രാമത്തിലെ വയലുകളിൽ കൂലിവേല ചെയ്യാൻ തുടങ്ങിയിരിക്കുന്നു. ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷ വസന്തി സോധിയും കൂലിവേല ചെയ്തിരുന്നു.

പഞ്ചായത്തിലെ പ്രവർത്തനങ്ങൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ദയാദാക്ഷണ്യങ്ങളിൽ മാത്രം നിർഭരമാണ്. അയാളുടെ നെറ്റി ചുളിഞ്ഞാൽ സർപഞ്ചിന് ഒന്നും ചെയ്യാൻ കഴിയില്ല. ശിവപുരി ജില്ല ഇതിന് ഉത്തമ ഉദാഹരണമാണ്. കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തികൾ നടപ്പാക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. വേതനം വിതരണം ചെയ്യേണ്ടത് സർപഞ്ചും പഞ്ചായത്ത് സെക്രട്ടറിയുമാണ്. എന്നാൽ ശിവപുരിയിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർപഞ്ചുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. സർപഞ്ചുകളുടെ തലത്തിൽ അഴിമതിയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് സർക്കാർ തൊഴിലാളികൾക്ക് നേരിട്ട് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ശിവപുരി ജില്ലയിൽ രണ്ടരലക്ഷം അക്കൗണ്ടുകൾ തുടങ്ങുകയെന്നത് ബാങ്കുകൾക്ക് അത്യന്തം ദുഷ്കരമായ കാര്യംതന്നെയാണ്. ഏതെങ്കിലും സർപഞ്ചിന് തന്റെ പ്രദേശത്തെ വേതനം വിതരണം ചെയ്യണമെങ്കിൽ ആദ്യം അദ്ദേഹത്തിനും ഓഫീസർമാർക്കും അവരുടെ കമ്മീഷൻ നൽകണമെന്നത് സ്പഷ്ടമാണ്.

കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ രാജാപട്ടേരിയ പറയുന്നത് - ഡെമോക്രസി പഞ്ചായത്തീരാജിന്റെ കഴുത്ത് ഞെരിച്ചിരിക്കുകയാണ്, ഓഫീസർമാർ കമ്മീഷൻ ഏജന്റുകളെപ്പോലെയാണ് പ്രവർത്തിക്കുന്നത്. എല്ലാ സർപഞ്ചുകളും പാൽ പോലെ ശുദ്ധമാകണമെന്നൊന്നുമല്ല. എന്നാൽ മുകളിൽനിന്നുതന്നെ പണം പറ്റുമ്പോൾ സർപഞ്ചും തന്റെ വിഹിതം കൈക്കലാക്കും. ഇങ്ങനെയുള്ള പഞ്ചായത്തീരാജ് കൊണ്ട് എന്ത് പ്രയോജനം? ഗ്രാമങ്ങളുടെ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകപ്പെടണം. എങ്കിൽ മാത്രമേ ഗാന്ധിജിയുടെ പഞ്ചായത്തീരാജ് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ - എന്നാണ്.

: 22-28
, 2008



അഭിമുഖം

### ഓഡിറ്റ് രംഗത്ത് മാതൃക

# നെല്ലനാട് മികച്ച പെർഫോമൻസ്

**2008 ജൂൺ 30നകം വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി ലോക്കൽ ഫണ്ട് ഓഡിറ്റിന് നൽകി നെല്ലനാട് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിനു കീഴിലുള്ള 15 ഗ്രാമപഞ്ചായത്തുകൾ മാതൃകാപരമായ പ്രവർത്തനം നടത്തിയിരിക്കുകയാണ്. അതിനു നേതൃത്വം നൽകിയ നെല്ലനാട് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിലെ സൂപ്പർവൈസർ കെ.പി. സാബുകുട്ടൻ നായരുമായി അസിസ്റ്റന്റ് എഡിറ്റർ ജി. ഹരികൃഷ്ണൻ നടത്തിയ അഭിമുഖത്തിൽ നിന്ന്.**

★ *സംസ്ഥാനത്തെ ഏറ്റവും നല്ല പെർഫോമൻസ് ഓഡിറ്റ് യൂണിറ്റായി (PAU)തെരഞ്ഞെടുക്കാൻ വേണ്ട വിധം എന്ത് പ്രവർത്തനങ്ങളാണ് നടത്തിയത്.?*

കേരള പഞ്ചായത്ത് രാജ് ആകട് വിഭാവനം ചെയ്ത രീതിയിൽ പെർഫോമൻസ് ഓഡിറ്റ് കൃത്യമായും ചിട്ടയായും നടത്തുവാൻ ശ്രമിച്ചിട്ടുണ്ട്. ഓഡിറ്റ് വേളയിൽ കണ്ടെത്തുന്ന അപാകതകൾ അപ്പോൾതന്നെ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ചുവരുന്നു. കൂടാതെ സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞത് ഓഡിറ്റിന് പരമാവധി സഹകരണം ലഭിക്കുന്നതിന് കാരണമായി. എല്ലാ മാസങ്ങളിലെയും രണ്ടാമത്തെ പ്രവൃത്തി ദിനങ്ങളിൽ കൂടുന്ന സെക്രട്ടറിമാരുടെയും രണ്ടാഴ്ചയിലൊരിക്കൽ കൂടുന്ന സൂപ്പർവൈസറി ജീവനക്കാരുടെയും ആഴ്ചതോറുമുള്ള മറ്റ് ജീവനക്കാരുടെയും മീറ്റിംഗുകൾ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിലെ ജീവനക്കാരുടെ കാര്യശേഷി വർദ്ധനവിന് ഉപകരിച്ചിട്ടുണ്ട്. ഇതിനുപുറമെ പഞ്ചായത്തുകളിൽ നടത്തിയിരുന്ന പ്രതിവാര സന്ദർശനം പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുവാൻ സഹായിച്ചിട്ടുണ്ട്.

★ *ഓഡിറ്റ് വേളയിലെ പരിശോധനാരീതിയെപ്പറ്റി വിശദീകരിക്കാമോ?*



*നെല്ലനാട് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർ കെ. പി. സൂബുകുട്ടൻ നായർക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ് കുട്ടി ഉപഹാരം നൽകുന്നു.*

ഓഡിറ്റ് പ്രോഗ്രാം സംബന്ധിച്ച അറിയിപ്പ് സെക്രട്ടറി മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നു. ആരംഭവേളയിൽ ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്നു. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ നിയമവിധേയമായിട്ടാണോ നടപ്പിലാക്കിയതെന്നും തീരുമാനങ്ങൾ യഥാസമയം എടുത്തിരുന്നോയെന്നും ചെലവുകൾക്ക് ആധികാരികമായ രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചുപോരുന്നുണ്ടോയെന്നും പരിശോധിക്കുന്നു. അപാകതകൾ പരിഹരിക്കുവാൻ കഴിയുന്നവ അപ്പോൾ തന്നെ പരിഹരിച്ചും അല്ലാത്തവ നിശ്ചിത സമയത്തിനുള്ളിൽ പരിഹരിക്കുന്നതിനും നിർദ്ദേശം നല്കിവരുന്നു. ഗുരുതരമായ ക്രമക്കേടുകൾ സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നു. ആവർത്തിച്ചാ

വശ്യപ്പെട്ടിട്ടും നടപ്പിലാക്കാത്ത കാര്യങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമായി ഉൾപ്പെടുത്തുന്നു. ഓഡിറ്റിന്റെ അവസാന വേളയിൽ ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു. മാത്രമല്ല ഓഡിറ്റ് റിപ്പോർട്ടുകൾ മേൽനടപടികൾക്കായി ജില്ലാ പെർഫോമൻസ് യഥാസമയം ഓഡിറ്റ് ഓഫീസർക്ക് കൈമാറുന്നു.

★ *ഓഡിറ്റ് യൂണിറ്റും ഗ്രാമപഞ്ചായത്തുകളും തമ്മിലുള്ള ബന്ധത്തെപ്പറ്റി വിശദീകരിക്കുമോ?*

കുറ്റം മാത്രം കണ്ടുപിടിക്കലല്ല, മറിച്ച് പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായകമാംവിധം അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനാണ് ഓഡിറ്റിൽ കൂടുതൽ ഊന്നൽ നൽകുന്നത്. അതുകൊണ്ടുതന്നെ പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പെർഫോമൻസ് ഓഡിറ്റ് ടീം നടത്തുന്ന ഇടപെടൽ പ്രസിഡന്റുമാരും സെക്രട്ടറിമാരും നിർവ്വഹണ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും സ്വാഗതം ചെയ്യുന്നു. ഇത് അവരുമായി ഒരു നല്ല ബന്ധം സ്ഥാപിക്കുവാൻ കാരണമാകുകയും ചെയ്തിട്ടുണ്ട്.



*നെല്ലനാട് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് അംഗങ്ങൾ.*

★ *പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിലും വികസനപ്രവർത്തനങ്ങളിലും യൂണിറ്റിന്റെ പങ്ക്?*

പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളിലും മറ്റ് വികസന പ്രവർത്തനങ്ങളിലും ആഴ്ചതോറും നടത്തിയ മോണിറ്ററിംഗ് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുവാൻ പഞ്ചായത്തുകളെ സഹായിച്ചിട്ടുണ്ട്. ലഭിക്കുന്ന അലോട്ട്മെന്റുകൾ യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കുന്നുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥർ യഥാസമയം ചെലവഴിക്കുന്നുണ്ടോയെന്നും ഭേദഗതി ആവശ്യമുള്ള പദ്ധതികളിൽ കൃത്യമായി നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്നുമുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കുവാനും കൃത്യമായി നിർദ്ദേശങ്ങൾ നല്കുവാനും കഴിഞ്ഞിട്ടുണ്ട്.

★ *ഗ്രാമപഞ്ചായത്തുകൾക്ക് PAU ഒരു ഹെൽപ്ലൈൻ ആയിരുന്നുവെന്ന് അറിഞ്ഞുവല്ലോ?*

പഞ്ചായത്തു ജനപ്രതിനിധികൾക്കും ജീവനക്കാർക്കും യൂണിറ്റിലെ മുഴുവൻ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുന്നതിനുള്ള സംവിധാനം നിലനിർത്തുകയും സംശയനിവാരണം നടത്തുകയും വഴി ഒരു ഹെൽപ്പ്ലൈനായി പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**കുറ്റം മാത്രം കണ്ടുപിടിക്കലല്ല, മറിച്ച് പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായകമാംവിധം അവർക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനാണ് ഓഡിറ്റിൽ കൂടുതൽ ഊന്നൽ നൽകുന്നത്. അതുകൊണ്ടുതന്നെ പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പെർഫോമൻസ് ഓഡിറ്റ് ടീം നടത്തുന്ന ഇടപെടൽ പ്രസിഡന്റുമാരും സെക്രട്ടറിമാരും നിർവ്വഹണ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും സ്വാഗതം ചെയ്യുന്നു.**

★ *പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്, പ്രത്യേകിച്ചും നികുതി പിരിവിന്റെ കാര്യത്തിൽ ഓഡിറ്റ് യൂണിറ്റിന് എന്തെങ്കിലും സംഭാവന ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ?*

കഴിഞ്ഞ വർഷത്തിൽ യൂണിറ്റിലെ പഞ്ചായത്തുകളുടെ കുടിശ്ശിക ഡിമാന്റ് തുക തിട്ടപ്പെടുത്തുന്നതിന് ഒരു തീവ്രയത്ന പരിപാടിയിലൂടെ നടപടികൾ സ്വീകരിച്ചു. ഈ തുക പിരിച്ചെടുക്കുന്നതിന് ജീവനക്കാർക്ക് ടാർജറ്റ് നിശ്ചയിച്ച് കൊടുക്കുകയും ചെയ്തു. തുടർന്ന് നടത്തിയ പ്രതിവാര മോണിറ്ററിംഗ് മീറ്റിംഗുകളിൽ കളക്ഷന്റെ അവലോകനം നടത്തി. കുടിശ്ശിക ഗണ്യമായി പിരിച്ചെടുക്കാൻ ഈ നടപടികൾ സഹായിച്ചു.

★ *പഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള അഭിപ്രായം എന്താണ്?*

ജനപ്രതിനിധികൾക്കും ജീവനക്കാർക്കും കൂട്ടായി ആറുമാസത്തിലൊരിക്കൽ വിഷയാധിഷ്ഠിത പരിശീലനങ്ങളും, സാമൂഹ്യ പ്രതിബദ്ധത ഉറപ്പുവരുത്തുന്നതിനുള്ള വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുന്നത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹായകമാകും. പ്രവർത്തനങ്ങൾക്ക് അർഹിക്കുന്ന അംഗീകാരങ്ങൾ നല്കുവാൻ ബന്ധപ്പെട്ടവർ തയ്യാറാകണം. പി.എ.യുവിന്റെ കാര്യക്ഷമമായ പ്രവർത്തനം പഞ്ചായത്തുകളുടെ വികസനത്തിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും സഹായകരമായിരിക്കും. പഞ്ചായത്തുകളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

★ *വരുംവർഷം പ്രത്യേക ലക്ഷ്യമെന്തെങ്കിലും?*

2009 മേയ് 30നകം യൂണിറ്റിന്റെ കീഴിലുള്ള എല്ലാ പഞ്ചായത്തുകളുടെയും വാർഷിക ധനകാര്യ പത്രിക ആഡിറ്റിന് നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയിൽ നിന്നും ലഭിച്ച അംഗീകാരം യൂണിറ്റിലെയും പഞ്ചായത്തിലെയും ജീവനക്കാരെ കൂടുതൽ കരുത്തോടെ പ്രവർത്തിക്കുന്നതിന് ഊർജ്ജസ്വലരാക്കിയിരിക്കുകയാണ്.



## അർത്ഥപൂർണ്ണമായി മാറിയ പഞ്ചായത്ത് ദിനാഘോഷം

*പേജ് 9 ന്റെ തുടർച്ച*

യത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് എം.എ. റസാക്ക് അഭിപ്രായപ്പെട്ടു. പാർപ്പിട പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തുന്നതിന് വേണ്ട എല്ലാ തയ്യാറെടുപ്പുകളും സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തണമെന്ന് ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ പ്രൊഫ. എം.കെ. പ്രസാദ് പറഞ്ഞു. പദ്ധതിയെ സംബന്ധിച്ച ബോധവത്ക്കരണം ഗുണഭോക്താക്കൾക്ക് നൽകണമെന്നും ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ വിദഗ്ധ സംഘം രൂപീകരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികൾ പദ്ധതിയെ സംബന്ധിച്ച കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു. സെമിനാറിൽ ഉയർന്ന വിവിധ ആശയങ്ങളെ മോഡറേറ്ററായിരുന്ന കോസ്റ്റ്ഫോർഡ് ചെയർമാൻ റ്റി.ആർ. ചന്ദ്രദത്ത് ക്രോഡീകരിച്ചു. ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ സാമ്പത്തിക ഉത്തേജനമായി മാറുന്നതിന് ഇ.എം.എസ് ഭവന പദ്ധതിയെ പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വ്യത്യസ്ത പ്രദേശങ്ങൾക്കനുയോജ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് ഭവന നിർമ്മാണ രംഗത്ത് പുതിയ സാക്ഷരതാ പ്രസ്ഥാനത്തിന് തുടക്കം കുറിക്കണമെന്നും ഇതിനാവശ്യമായ എല്ലാവിധ സാങ്കേതിക സഹായവും കോസ്റ്റ്ഫോർഡടക്കമുള്ള എല്ലാ സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു. സെമിനാറിന് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് കെ. നാരായണൻ സ്വാഗതവും, ജില്ലാ സെക്രട്ടറി പി.വി. രവീന്ദ്രൻ മാസ്റ്റർ നന്ദിയും പറഞ്ഞു.

ഉച്ചയ്ക്ക് ശേഷം നടന്ന സംസ്ഥാനത്തിന്റെ സാംസ്ക്കാരിക പൈതൃകം വിളിച്ചോതുന്ന ഘോഷയാത്രയിൽ തൃശൂർ ജില്ലയിലെ ഒട്ടുമിക്ക ഗ്രാമപഞ്ചായത്തുകളും പങ്കെടുത്തു. ഘോഷയാത്രയെ തുടർന്ന് നടന്ന സമാപന സമ്മേളനം തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യ സമര സേനാനി, സാമൂഹ്യ പരിഷ്ക്കർത്താവ്, സംഘാടകൻ, ഗവേഷകൻ, പാർലമെന്റേറിയൻ, ഭരണാധികാരി, അഖിലേന്ത്യാ പഞ്ചായത്ത് പരിഷത്തിന്റെ സ്ഥാപകാദ്ധ്യക്ഷൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച് അവസാനം 1965ലെ ഇന്ത്യാ-പാക് യുദ്ധത്തിന്റെ രക്തസാക്ഷിയായി മാറിയ ബൽവന്ത്റായ് മേത്തയുടെ സംഭാവനകളിലേയ്ക്ക് ഒരെത്തിനോട്ടം നടത്തിയ അദ്ദേഹം രണ്ട് ദിവസം പങ്കാളിത്തവും ആശയസമൃദ്ധമായ വിശകലനങ്ങളും കൊണ്ട് സമ്പുഷ്ടമായ ആഘോഷ പരിപാടികളുടെ പരിസമാപ്തിയിലേയ്ക്ക് കടന്നു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അമ്പാടി വേണു അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ ഉപസംഹാര പ്രസംഗം നടത്തി. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികളായ കെ. നാരായണൻ, എം.എസ്. മൊയ്തീൻ, മേരിതോമസ്, പി.വി. രവീന്ദ്രൻ മാസ്റ്റർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാർമ്മൽ ജോർജ് എന്നിവരും പങ്കെടുത്തു.

വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാതൃകാപ്രവർത്തനങ്ങൾ, കുടുംബശ്രീ ഉത്പന്നങ്ങൾ, കില, ഐ.കെ. എം, ശുചിത്വ മിഷൻ, ബയോഡൈവേഴ്സിറ്റി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സ്റ്റാളുകളടക്കമുള്ള പ്രദർശനവും ആഘോഷപരിപാടികളുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. ആഘോഷപരിപാടികളിൽ ആവേശപൂർവ്വവും ക്രിയാത്മകവുമായി പങ്കെടുത്ത പ്രതിനിധികൾക്ക് ഓർമ്മയിൽ സൂക്ഷിക്കാൻ രണ്ട് നല്ല നാളുകൾ മേത്തയുടെ 110-ാം ജന്മദിനം അവസരമൊരുക്കി എന്നതിൽ സംശയമില്ല.


**പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ശ്രദ്ധയ്ക്ക്.**

പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റികളിലേയ്ക്കും ആവശ്യമായ സാഹചര്യങ്ങൾക്കനുസൃതമായി വിവിധതരം കായിക പരിശീലനത്തിനും കായികഉപകരണങ്ങളുടെ വിതരണത്തിനും വേണ്ട പ്രോജക്റ്റ് റിപ്പോർട്ടുകൾ, പരിശീലനം, പദ്ധതി നടത്തിപ്പുകൾ പങ്കാളിത്ത സർട്ടിഫിക്കറ്റുകൾ തുടങ്ങി പദ്ധതി നടത്തിപ്പിനാവശ്യമായ എല്ലാകാര്യങ്ങളും ഒരു കുടക്കീഴിൽ വിദഗ്ധരുടെ സഹായത്തോടേയും ഉത്തരവാദിത്വത്തിലും നടത്തപ്പെടുന്നു. താൽപ്പര്യമുള്ളവർ ബന്ധപ്പെടുക.

**ബോക്സർ സ്പോർട്സ് ഗുഡ്സ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്**

ബിൽഡിംഗ് നമ്പർ 5 / 533 - ബി
കുറ്റിക്കാട് പി. ഒ.
ചാലക്കുടി - 680724
തൃശ്ശൂർ ജില്ല.
Phone - 0480 3205009, 3251158
Mobile -9745006851, 9745006858, 9745006868

Advt.

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി - തിരിച്ചുവരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് - എങ്കിലും സാർത്ഥകമായ തുടക്കം.



മുരളീധരൻ തഴക്കര





# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

"മണ്ണിനടിയിൽ പൊന്നമ്മ" എന്നൊരു കടങ്കഥയുണ്ട്. ഉത്തരം മണ്ണിനടിയിലെ ഫലവർഗ്ഗം എന്നാണ്. ഓരോയിടത്ത് ഓരോ ഉത്തരമാകാം. എന്തായാലും മണ്ണിൽ കഠിനാദ്ധ്വാനം ചെയ്ത് മെയ്യ് വിയർക്കുന്നവന്റെ പശിയടക്കാൻ അവതരിക്കുന്ന ഭൂമിയുടെ നന്മയാണ്-നിധിയാണ് കിഴങ്ങുവർഗ്ഗ വിളകൾ. കപ്പയും മീനും, ചേമ്പും ചേനയും പുഴുങ്ങിയതും ചമ്മന്തിയും, കാച്ചിലിട്ട അസ്ത്രം അഥവാ കൂട്ടുകറിയും കഞ്ഞിയും- ഇങ്ങനെയെത്രയെത്ര രുചിദായകമായ കോമ്പിനേഷനുകൾ, തനി നാടൻ കേരളീയ ഭക്ഷണക്കൂട്ടുകൾ, മലയാളിയുടെ വിശപ്പാറ്റിയ ഈ കുറുമ്പൂപ്പു വിളകളിലേറെയും നമ്മുടെ വീട്ടുവളപ്പുകളിൽ നിന്നും തിരോഭവിച്ചു കഴിഞ്ഞു. എങ്കിലും അവയുടെ തരംതിരിവുകളിലേയ്ക്കും കൃഷിയുടെ ഭിന്നമായ സംജ്ഞകളിലേയ്ക്കും ഒന്നു കടന്നുപോകാം.

### മരിച്ചീനി

മാനിഹോട്ട് എസ്ക്കുലെന്റാ (Manihot esculenta) എന്നാണ് ശാസ്ത്രീയ നാമം.

ശ്രീവിശാഖം തിരുനാളിന്റെ കാലത്താണ് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി വിദേശിയായ ഈ കാർഷിക വിള കടൽകടന്ന് കേരളത്തിലെത്തിയത്.

ഏത്തക്ക, ഏത്തക്ക അരിയൻ, നെടുമങ്ങാടൻ തുടങ്ങി പ്രാദേശികമായി പല പേരുകളിൽ നിരവധി നാടൻ ഇനങ്ങളുണ്ട്. എന്നാൽ ഉല്പാദനക്ഷമതയാർന്നതും നല്ല പാചക ഗുണമുള്ളതുമായ ധാരാളം ഇനങ്ങളും ഉരുത്തിരിച്ചെടുക്കുകയുണ്ടായിട്ടുണ്ട്.

കിഴങ്ങുവർഗ്ഗ വിളകളുടെ ഗവേഷണത്തിനായുള്ള ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഗവേഷണ സ്ഥാപനവും കേരളത്തിലാണ്. തിരുവനന്തപുരത്ത് ശ്രീകാര്യത്ത്. ശ്രീവിശാഖം, ശ്രീസഹ്യ, ശ്രീപ്രകാശ്, ശ്രീജയ, ശ്രീവിജയ, ശ്രീഹർഷ, ശ്രീരേഖ, ശ്രീപ്രഭ എന്നിങ്ങനെ ധാരാളം പുതിയ ഇനങ്ങൾ. H-97, H-165, H-226, M-4 എന്നിവയും ഏറെ പ്രചുര പ്രചാരമുള്ള ഇനങ്ങളാണ്. നട്ട് 5-6 മാസം കൊണ്ടുവിളവെടുക്കാവുന്ന ഇനങ്ങളാണ് നിധി, വെള്ളായണി ഹൃസ്വ എന്നിവ.

### കാച്ചിൽ

'ഡയോസ്ക്കോറിയ' എന്നാണ് ഇംഗ്ലീഷിൽ പറയുക. ഡയോസ്ക്കോറിയ അലാറ്റാ എന്നാണ് ഇതിന്റെ ശാസ്ത്രീയ നാമം. (Diascoria alata)

നിരവധി നാടൻ ഇനങ്ങൾക്ക് പുറമേ വിളപ്പൊലിമയാർന്ന ശ്രീകീർത്തി, ശ്രീരൂപ, ഇന്ദു, ശ്രീശില്പ, ശ്രീകാർത്തിക എന്നീ ഇനങ്ങളും ലഭ്യമാണ്.

8-9 മാസംകൊണ്ട് മൂപ്പെത്തുന്ന ഇവ ഇടവിളകൃഷിക്ക് ഏറ്റവും പറ്റിയ വിളയാണ്.



### ചേമ്പ്

'കൊളൊക്കേഷ്യ' എന്നാണ് ഇംഗ്ലീഷിൽ പറയുക. കൊളോക്കേഷ്യ എസ്ക്കുലെന്റാ ( Colacasia esculenta)എന്നാണ് ശാസ്ത്രീയ നാമം.

നാടൻ ഇനങ്ങൾ കൂടാതെ ശ്രീരശ്മി, ശ്രീപല്ലവി, ശ്രീകിരൺ എന്നീ ഉല്പാദനക്ഷമതയാർന്ന പുതിയ ഇനങ്ങളുമുണ്ട്. നട്ട് 5-6 മാസംകൊണ്ട് വിളവെടുക്കാവുന്ന ചേമ്പ് ഇടവിളയായും തനിവിളയായും കൃഷി ചെയ്യാം.

### 1. കുറുമ്പൂപ്പു വിളകൾ

കിഴങ്ങുവർഗ്ഗ വിളകളായ ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, ചെറുകിഴങ്ങ് തുടങ്ങിയവയെയാണ് മൊത്തത്തിൽ കുറുമ്പൂപ്പുവിളകൾ എന്നു പറയുന്നത്.

### 2. ഇടവിളകൾ


കേരളത്തിലെ കൃഷിയുടെ പൊതുവായ ഒരു സാമ്പ്രദായിക രീതി വീടും വീടിനോടു ചേർന്നുള്ള പുരയിടവും അതിൽ തെങ്ങും മറ്റു ഫലവൃക്ഷങ്ങളും അവയ്ക്കിടയിലായി അത്യാവശ്യം കുറുമ്പൂപ്പുവിളകളും വാഴയും, പച്ചക്കറികളുമൊക്കെ കൃഷി ചെയ്യുക എന്നതാണല്ലോ. ഇപ്രകാരം തെങ്ങിൻ തോട്ടത്തിലും മറ്റും ഇടസ്ഥലം കണക്കാക്കി കൃഷി ചെയ്യുന്ന രീതിക്കാണ് ഇടവിള കൃഷി എന്നുപറയുന്നത്.

### 3. സമ്മിശ്ര കൃഷി

ഒരു കൃഷിയിടത്തിൽ ഏകതാനമായി ഒരേ വിളമാത്രം കൃഷിചെയ്യുന്നതിന് പകരം പലവിളകളും സംയോജിപ്പിച്ച് കൃഷി ചെയ്യുന്നതാണ് സമ്മിശ്ര കൃഷി. ഒരു കൃഷിയിടത്തിൽ തെങ്ങോ കമുകോ ജാതിയോ മാത്രം കൃഷിചെയ്യുന്നത് ഏകവിളകൃഷി. എന്നാൽ തെങ്ങിനോടൊപ്പം കുറച്ച് ജാതി, കൊക്കോ, വാനില എന്നിങ്ങനെയുള്ള വിളകളും കൃഷി ചെയ്യുമ്പോൾ അത് സമ്മിശ്ര കൃഷിയായി. മാത്രമല്ല കൃഷിയോടൊപ്പം പശു, ആട്, കോഴി, മുയൽ എന്നിവയെയും വളർത്താം. ഇങ്ങനെ എല്ലാംകൂടി ചേർന്നുള്ള ഒരു കൃഷി രീതി, ഏതെങ്കിലും ഒരു വിളയ്ക്ക് വില കുറഞ്ഞുപോയാൽ മറ്റേതെങ്കിലും വിളകൾക്ക് തരക്കേടില്ലാത്ത വില ലഭിച്ചെന്നിരിക്കും. 'ഉപ്പിൽ പോയാൽ മുളകിൽ' എന്ന പഴമൊഴി ഇവിടെ പ്രസക്തമാകുന്നു.

### 4. പടങ്ങിടുക

മുമ്പുകാലത്ത് കുറുമ്പുപ്പൂവിളകൾ നട്ടു കഴിഞ്ഞാൽ തടത്തിൽ ധാരാളമായി കരിയിലയും തൂപ്പും മറ്റുംകൊണ്ട് തടം മൂടും. കഠിനമായ വേനൽചൂടിന്റെ ആഘാതത്തിൽ തടത്തിൽ നട്ട വിത്തിന് ഉണക്കേൽക്കാതിരിക്കുന്നതിനും ക്രമേണ ജൈവവളമായി മാറുന്നതിനുമാണ് ഇപ്രകാരം ചെയ്യുന്നത്. ഇതിനായി പരമ്പരാഗത കൃഷിക്കാർ മുൻകൂട്ടി തന്നെ ഓലകൊണ്ട് വലിയ വല്ലമുണ്ടാക്കി അതിൽ കരിയില നിറച്ച് പടങ്ങുകെട്ടി അതിലാണ് സൂക്ഷിക്കുന്നത്. മിക്കപ്പോഴും പുരയിടത്തിൽ നില്ക്കുന്ന വൃക്ഷങ്ങളോട് ചേർത്ത് ഒന്നു രണ്ട് തൂണുകൾ തുരന്നിട്ട് ഭൂനിരപ്പിൽ നിന്ന് പൊക്കത്തിൽ ഒരു സംവിധാനമുണ്ടാക്കുന്നതിനാണ് പടങ്ങിടുക എന്ന് പറയുന്നത്.



മരച്ചീനി



> കപ്പയും മീനും, ചേമ്പും ചേനയും പുഴുങ്ങിയതും ചമ്മന്തിയും, കാച്ചിലിട്ട അസ്ത്രം അഥവാ കൂട്ടുകറിയും കഞ്ഞിയും- ഇങ്ങനെയെത്രയെത്ര രുചിദായകമായ കോമ്പിനേഷനുകൾ, തനി നാടൻ കേരളീയ ഭക്ഷണക്കൂട്ടുകൾ, മലയാളിയുടെ വിശപ്പാറ്റിയ ഈ കുറുമ്പൂപ്പു വിളകളിലേറെയും നമ്മുടെ വീട്ടുവളപ്പുകളിൽ നിന്നും തിരോഭവിച്ചു കഴിഞ്ഞു.

### 5. പൂളുവെട്ടുക

കാച്ചിൽ, ചേന, ചേമ്പ് തുടങ്ങിയുള്ള നടുതലകൾ കടംകോരി നടുന്നതിനായി ചെറിയ കഷ്ണങ്ങളാക്കി മുറിക്കുന്നതിനാണ് പൂളുവെട്ടുക എന്ന് പറയുക. കിളക്കാനുള്ള കണ്ണ് കണക്കാക്കി, കൃത്യമായ വലിപ്പത്തിൽ നടീൽ വസ്തുക്കൾ പൂളുവെട്ടിയെടുക്കുന്നതിന് കർഷകർക്ക് നല്ല കൈത്തഴക്കമുണ്ട്.

### 6 ചാണകപ്പാൽ മുക്കുക

നടീൽ വസ്തുക്കൾ പൂളുവെട്ടി കഷ്ണങ്ങളാക്കിയ ശേഷം നല്ല പച്ചചാണകം വെള്ളത്തിൽ കലക്കി കുഴമ്പു പരുവത്തിലാക്കി അതിൽ അല്പസമയം മുക്കിവെച്ച് തണലിൽ ഉണക്കിയശേഷമാണ് ഇവ നടുന്നത്. വിളയ്ക്ക് രോഗപ്രതിരോധശേഷി ഉണ്ടാകുന്നതിനും, കീടാക്രമണം കുറയുന്നതിനും ഈ രീതി ഏറെ ഫലപ്രദമാണെന്നാണ് കർഷകരുടെ അനുഭവം. പച്ചചാണകം വെള്ളത്തിൽ കലക്കി കുഴമ്പു പരുവത്തിലാക്കുന്നതിനാണ് 'ചാണകപ്പാൽ' എന്ന് പറയുക.

### 7 കണ്ണ് കളയുക

ചേനയും മറ്റും നടുന്നതിനായി പൂളുവെട്ടുമ്പോൾ ഓരോ പൂളിലും ഒന്നിലധികം കണ്ണുകൾ അഥവാ മുള ഉണ്ടെങ്കിൽ ഒരെണ്ണം നിർത്തിയിട്ട് ബാക്കിയുള്ളവ

ചൂഴ്ന്നു കളയുന്നു. ഇങ്ങനെ ചെയ്തില്ലെങ്കിൽ ഒന്നിലധികം കിളിർപ്പുകൾ ഉണ്ടാകുകയും അത് വിളവിനെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

**8. ഏറ്റം കെട്ടുക**

കാച്ചിൽ (കാവത്ത്), ചെറുകിഴങ്ങ് എന്നിവ നടുമ്പോൾ അവ വളർന്ന് വള്ളി വീശിത്തുടങ്ങുമ്പോൾ പടർന്നു വളരുന്നതിനായി പുരയിടത്തിൽ നില്ക്കുന്ന വൃക്ഷങ്ങളിലേയ്ക്കും മറ്റും കയറുകെട്ടി കൊടുക്കുന്നതിനാണ് ഏറ്റം കെട്ടുക എന്ന് പറയുന്നത്. കയറിന്റെ അഗ്രഭാഗത്ത് ചെറിയ കല്ല്കെട്ടി അത് മരച്ചില്ലകളിലും മറ്റും എറിഞ്ഞു പിടിക്കുകയും ചെയ്യാറുണ്ട്.

**9. ചേമ്പിൻ താള്**

'താളല്ലിയോ കറി' എന്നത് ഗ്രാമീണമായ ഒരു പ്രയോഗമാണ്. വെട്ടുചേമ്പ് അഥവാ കണ്ടിചേമ്പിന്റെ ഏറ്റവും ഉള്ളിലുള്ള ഇലവിരിയാത്ത കിളിന്നു ഭാഗമാണ് 'താള്'. ഇലയും തണ്ടുമെല്ലാംകൂടി ചേർന്നിരിക്കും. ഇത് കറിവയ്ക്കുവാൻ ഏറ്റവും നന്നാണ്. നാം വലിയ വില കൊടുത്തു വാങ്ങുന്ന ക്യാബേജിലുള്ളതിനേക്കാൾ ജീവകം നാം നിസ്സാരമെന്ന് കരുതുന്ന ഈ ചേമ്പിൻ താളിലാണുള്ളത്. അതിനാൽ 'താളല്ലിയോ കറി' എന്ന ആക്ഷേപകരമായ പ്രയോഗം ശാസ്ത്രീയമായി തെല്ലും ശരിയല്ല.

**10. കാച്ചിലിന്റെ മൂടി**

കാച്ചിൽ കിളച്ചെടുത്ത് ആഹാരാവശ്യത്തിന് ഉപയോഗിച്ചശേഷം അതിന്റെ ഏറ്റവും മുകൾഭാഗം നടുന്നതിനായി മുറിച്ചു മാറ്റാം. ഈ ഭാഗത്തിന് കാച്ചിലിന്റെ മൂടി എന്നാണ് പറയുക.

**11. കരിക്കൻ തിന്നുക**


ചേനയും മറ്റും യഥാസമയം കിളച്ചെടുക്കാതെ നിർത്തിയാൽ അത് കരിക്കൻ തിന്നുക സാധാരണമാണ്. മണ്ണിനടിയിൽ വളരുന്ന വിളകൾ തിന്ന് നശിപ്പിക്കുന്ന ഉപദ്രവകാരികളായ ഒരു കീടമാണിത്.

**12. മടന്ത**

ചേമ്പിനോടു സാദൃശ്യമുള്ള സസ്യ



ചേമ്പ്



മാണ്. ഇത് കൃഷി ചെയ്യുന്നതല്ല. വെളിമ്പറമ്പുകളിലും വെള്ളപ്പശപ്പുള്ള പ്രദേശങ്ങളിലും ഇവ പെട്ടെന്ന് വളർന്ന് കാടു മൂടും.

**13. കാച്ചിൽ കിഴയ്ക്ക**

കാച്ചിൽ വിളഞ്ഞ് മൂപ്പെത്തുന്നതോടെ ചിലയിനം കാച്ചിലിന്റെ വള്ളികളിൽ തീരെ ചെറിയ കാച്ചിൽ കിഴയ്ക്ക ഉണ്ടാകാറുണ്ട്. പുതുതായി നടുന്നതിനും മറ്റും ഈ കാച്ചിൽ കിഴയ്ക്ക ഉപയോഗിക്കുകയും ചെയ്യും.

**14. ചീനി**

കപ്പ, പൂള, കൊള്ളി, മരച്ചീനി, ചീനി എന്നിങ്ങനെയെല്ലാം പല പേരുകളിൽ പ്രാദേശിക ഭേദങ്ങൾക്കനുസരിച്ച് മരച്ചീനി അറിയപ്പെടുന്നു. തിരുവിതാംകൂർ പ്രദേശങ്ങളിൽ 'മരച്ചീനി' ലോപിച്ചാകാം ചീനിയായത്.

**15. ചീനിവിള**

മരച്ചീനി സ്ഥിരമായി കൃഷിചെയ്തു വരുന്ന പുരയിടങ്ങളെ വിളിക്കുന്ന പേര്. കൃഷി അപ്രത്യക്ഷമായെങ്കിലും പേര് അങ്ങനെ തന്നെ നിലനിൽക്കുന്ന കൃഷിയിടങ്ങൾ ഇപ്പോഴുമുണ്ട്.

**16. ചീനി വറ്റൽ**

മരച്ചീനി പുഴുങ്ങി ചെറു കഷ്ണങ്ങളാക്കി അരിഞ്ഞ് വെയിലത്ത് നന്നായി ഉണക്കി എണ്ണയിൽ വറുത്തെടുക്കാൻ പാകത്തിൽ സൂക്ഷിക്കുന്നു ഇതിനെയാണ് ചീനി വറ്റൽ എന്ന് പറയുന്നത്. ആലപ്പുഴ ജില്ലയിലെ തഴക്കര പഞ്ചായത്തിൽ ഒരു ജംഗ്ഷൻ 'വറ്റൽ മുക്ക്' എന്നാണ് അറിയപ്പെടുന്നത്. ഇവിടെ ഒട്ടുവളരെപ്പേരുടെ ജീവിതമാർഗ്ഗമായിരുന്നു വറ്റലുണക്കി കച്ചവടം ചെയ്യുന്നത്. മരച്ചീനിയുടെ കാലമായാൽ റോഡിന്റെ ഓരം ചേർന്ന് ചിക്കുപായയിൽ ചീനി വറ്റൽ ഉണങ്ങുവാനായി ഇട്ടിരിക്കുന്നത് ഇവിടെ ഒരു കാഴ്ചയായിരുന്നു.

**17. ഉണക്ക കപ്പ**

മരച്ചീനി തൊലി കളഞ്ഞ് അതേപടി ചെറിയ കഷ്ണങ്ങളാക്കി അരിഞ്ഞ് വെയിലത്തുണക്കുന്നതാണ് ഉണക്കകപ്പ. മരച്ചീനിയുടെ സീസൺ കഴിഞ്ഞാൽ ഇങ്ങനെ ഉണക്കി സൂക്ഷിച്ചിരിക്കുന്ന കപ്പയാണ് ഉപയോഗിക്കുന്നത്. ഇങ്ങനെ അരിഞ്ഞെടുക്കുന്ന പച്ചക്കപ്പ ചൂടുവെള്ളത്തിലിട്ട് വാട്ടിയെടുത്ത് വെയിൽ ഉണക്കിയും ഉപയോഗിക്കാറുണ്ട്. ഇതിന് വാട്ടു കപ്പ (വാട്ട് കപ്പ) എന്നാണ് പറയുക.

**18. ചീനി കട്ട്**


മരച്ചീനിയുടെ ഇല പച്ചയ്ക്ക് അതേപടി അല്പം കൂടുതലായി തിന്നാൽ കന്നുകാലികൾക്ക് അത് അത്യന്തം മാരകമാണ്. ഇതിന് ചീനി കട്ടുപിടിക്കുക എന്നാണ് പറയുന്നത്. കപ്പയിലയിൽ അടങ്ങിയിട്ടുള്ള ഹൈഡ്രോസൈനിക്ക് ആസിഡാണ് ഇതിന് കാരണം. വായിൽ നിന്ന് നുരയും പതയും വന്ന് ആടുമാടുകളുടെ വയറും വീർത്ത് പെരുകുകയും യഥാസമയം ചികിത്സ ലഭ്യമായില്ലെങ്കിൽ ഇവ ചത്തുപോകുകയും ചെയ്യും.

*(തുടരും)*


*ലേഖകൻ*
*തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.*






ഡോ. തോമസ് വർഗ്ഗീസ് MBBS, DCH, DPH, PHD


# ആസ്തമ
# Asthma

ശ്വാസകോശത്തിലെ ശ്വാസക്കുഴലുകൾ ചുരുങ്ങി ശ്വാസതടസ്സം ഉണ്ടാക്കുന്ന രോഗാവസ്ഥയാണ് ആസ്തമ. വലിവ്, ശ്വാസംമുട്ടൽ എന്നിങ്ങനെ പേരുകളിലും ഈ രോഗം അറിയപ്പെടുന്നു. ശ്വാസനാളിയുടെ ഭിത്തി ചുരുങ്ങുന്നു. ഭിത്തികൾക്ക് നീർവീക്കം വന്ന് വായു കടന്നു പോകാനുള്ള ഇടം കുറയുകയും ശ്വാസം മുട്ടലുണ്ടാകുകയും ചെയ്യുന്നു.


**ലക്ഷണങ്ങൾ**

ശ്വാസമെടുക്കുമ്പോൾ ചൂളം വിളിക്കുന്നതുപോലെയുള്ള ശബ്ദം, കടുത്ത ചുമയും കിരുകിരുപ്പും, ചെറിയ ജോലികളിൽ അമിത കിതപ്പു തോന്നുക, നെഞ്ചിൽ ഭാരം തോന്നുക എന്നിവയാണ് രോഗലക്ഷണങ്ങൾ.

**മൂന്നുതരം**

1. അടിക്കടിയുണ്ടാകുന്ന ആസ്തമ (Persistant asthma)
2. വല്ലപ്പോഴുമുണ്ടാകുന്ന ആസ്തമ ( Intermittent asthma)
3. ഗുരുതരമായ ആസ്തമ (Acute severe asthma)

അടിക്കടിയുണ്ടാകുന്ന ആസ്തമ മരുന്നു കഴിക്കുന്നതോടെ പൂർണ്ണശമനം ഉണ്ടാകുന്നു. വീണ്ടും തണുപ്പടിക്കുമ്പോഴോ ചുമയുണ്ടാകുമ്പോഴോ ആസ്തമ ഉണ്ടാകും. വല്ലപ്പോഴുമുണ്ടാകുന്ന ആസ്തമ മരുന്നു കഴിക്കുമ്പോൾ ഭേദമാകും. ഗുരുതരമായ ആസ്തമയിൽ സാധാരണ ഉപയോഗിക്കുന്ന മരുന്നുകൾ ഫലപ്രദമാകാതെ





ആശുപത്രിയിൽ അഭയംപ്രാപിക്കേണ്ടി വരുന്നു.

അലർജിക്ക് ആദാരമായ വസ്തുക്കളാണ് ആസ്തമയ്ക്ക് പ്രധാന കാരണം.

ചിലയിനം വൈറസുകളുടെ ആക്രമണം മൂലം ആസ്തമയുണ്ടാകാറുണ്ട്. അണുബാധമൂലം ആസ്തമയുണ്ടാകുന്നു. ഇക്കൂട്ടർ പ്രധാനമായും സ്ത്രീകളാണ്. 35 വയസ്സിനു മുകളിലുള്ളവർക്കാണ് അലർജി കൊണ്ട് ആസ്തമ ഉണ്ടാകാറുള്ളത്.

പ്രായം, കാലം തുടങ്ങിയ വ്യത്യാസം ആസ്തമയ്ക്ക് പ്രശ്നമല്ല. ഏതു വയസ്സുള്ളവർക്കും എവിടെവച്ചും ആസ്തമ ഉണ്ടാകാം. പ്രധാന ഘടകങ്ങൾ ചുവടെ

**ആസ്തമയുണ്ടാക്കുന്ന ഘടകങ്ങൾ**

1. പനി, ചുമ, ജലദോഷം
2. പൊടിപടലങ്ങൾ
3. സിഗരറ്റു പുക
4. വാഹന പുക
5. പൂമ്പൊടികൾ
6. വളർത്തു മൃഗങ്ങളുമായി ഇടപഴകൽ.
7. പെയിന്റ്, പെർഫ്യൂം എന്നിവയുടെ ഗന്ധം.
8. അതികഠിനമായ വ്യായാമം.
9. ചിലയിനം മരുന്നുകൾ.
9. കിടക്കകളിലും കട്ടിലുകളിലുമുണ്ടാകുന്ന പൂപ്പലുകൾ.

**ചികിത്സ**

രോഗം വന്നിട്ടു ചികിത്സിക്കുന്നതിനേക്കാൾ വരാതെ സൂക്ഷിക്കുന്നതാണ് നല്ലത്. വീടും പരിസരവും പൊടിപടലങ്ങളിൽ നിന്നും പുകയിൽനിന്നും സൂക്ഷിക്കുക. പനിയും, ചുമയുമുണ്ടാക്കുന്ന തണുത്ത കാറ്റ് കൊള്ളാതിരിക്കണം. ആസ്തമയുണ്ടാകുന്ന മേല്പറഞ്ഞ ഘടകങ്ങളെ ഒഴിവാക്കണം.

ഞണ്ട്, കക്ക, ചെമ്മീൻ, മുട്ട, ചിലയിനം ഇറച്ചി തുടങ്ങിയ ചില ഭക്ഷണ സാധനങ്ങൾ ചിലരിൽ അലർജിയും ആസ്തമയും ഉണ്ടാക്കും. അച്ചാറുകൾ ഉണ്ടാക്കുന്ന സോഡിയം ബെൻസോവൈറ്റ് ആസ്തമ കൂട്ടാനിടയുണ്ട്. ബേക്കറി സാധനങ്ങളിൽ ഉപയോഗിക്കുന്ന ടാർട്ടറിസിൻ ആസ്തമ വരുത്തും. തണുത്ത വെള്ളം, ഐസ്ക്രീം, തണുപ്പിച്ച തൈര്, സംഭാരം എന്നിവ ആസ്തമ രോഗികൾക്ക് നന്നല്ല. രാത്രി കിടക്കുന്നതിന് മുമ്പ് അമിതഭക്ഷണം കഴിക്കാനും പാടില്ല.


ആസ്തമ രോഗികൾ പഞ്ഞികൊണ്ടുള്ള കിടക്ക, തലയണ എന്നിവ ഉപയോഗിക്കരുത്. ഫോംകിടക്കയാണ് നല്ലത്. വീട്ടിൽ കൊതുകുതിരി, ചന്ദനത്തിരി ഉപയോഗിക്കുമ്പോൾ ആസ്തമയുണ്ടാക്കുന്നെങ്കിൽ അതും ഒഴിവാക്കണം. ആസ്തമ രോഗികൾക്ക് മിതമായ വ്യായാമമേ പാടുള്ളു. അമിത വ്യായാമം ആസ്തമയുണ്ടാക്കും. സൈക്കിളിംഗ്, ജോഗിംഗ് എന്നിവ ചെയ്താൽ ആസ്തമ ഉണ്ടാകാൻ ഇടയുണ്ട്. യോഗമുറകൾ നന്നാണ്. ശ്വസനശേഷി വർദ്ധിപ്പിക്കുന്നതിന് ധ്യാനമാർഗ്ഗങ്ങൾ ശീലിക്കാം.

സാൽബുട്ടാമോൾ, ഡറിഫിലിൻ തുടങ്ങിയ പല മരുന്നുകളും ശരിയായ തോതിൽ ഡോക്ടറുടെ നിർദ്ദേശാനുസരണം രോഗികൾക്കു നൽകാം.

ശരിയായ തോതിൽ മരുന്നുകൾ കഴിച്ചാൽ ആസ്തമ നിയന്ത്രിക്കാൻ സാധിക്കും.


*ലേഖകൻ*
*നഗരകാര്യവകുപ്പിലെ ആരോഗ്യ വിഭാഗം ജോയിന്റ് ഡയറക്ടറാണ്*
*email:drthomasvarghese2003@yahoo.co.in*
*Mobile:* 9847430210

ലേഖന പരമ്പര - 15



**റോയ് ചാക്കോ ഇളമണ്ണൂർ**

# തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ

മദ്രാസ് സംസ്ഥാനത്തിന്റെ പേര് 'തമിഴ്നാട്' എന്നാക്കിമാറ്റിയത് 1969 ജനുവരി 14-ാം തീയതിയാണ്. തലസ്ഥാന നഗരിയുടെ പേര് 'മദ്രാസ്' എന്നായിരുന്നു. 1996 ലാണ് അത് 'ചെന്നൈ' എന്നാക്കി മാറ്റിയത്. തമിഴ്നാട്ടിലെ 32 ജില്ലകളിലായി 234 അസംബ്ലി മണ്ഡലങ്ങളും 39 പാർലമെന്റ് മണ്ഡലങ്ങളുമുണ്ട്. കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയിൽ ഒരു പാർലമെന്റ് മണ്ഡലമുണ്ട്. ജില്ലകളിൽ ഏറ്റവും വലുത് ഈറോഡ് ആണ്. 8209 ചതുരശ്ര കിലോമീറ്ററാണ് ഇതിന്റെ വിസ്തൃതി. 1,300,58 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുണ്ട് തമിഴ്നാടിന്. അതായത് കേരളത്തിന്റെ മൂന്ന് മടങ്ങിലധികം. എന്നാൽ അവിടുത്തെ ജനസംഖ്യ കേരളത്തിലുള്ളതിന്റെ മൂന്നു മടങ്ങ് ഇല്ലതാനും. കേരളത്തിലേതിന്റെ ഇരട്ടിയോളം ജനങ്ങളേ അവിടെയുള്ളൂ.




കോയമ്പത്തൂർ, ഈറോഡ് ജില്ലകളിൽ നിന്ന് രൂപീകൃതമായ തിരുപ്പൂർ ജില്ലയാണ് തമിഴ്നാട്ടിലെ ഏറ്റവും പുതിയ ജില്ല. തമിഴ്നാട്ടിൽ ഏറ്റവും കൂടുതൽ വനപ്രദേശമുള്ള 3 ജില്ലകളിൽ ഒന്നാണ് ധർമ്മപുരി. ഊട്ടി സ്ഥിതി ചെയ്യുന്ന നീലഗിരി ജില്ലയാണ് ഒന്നാം സ്ഥാനത്ത്. തേനിയാണ് മറ്റൊരു വനപ്രദേശ ജില്ല. തേനിയും നീലഗിരിയുമെല്ലാം കേരളവുമായി അതിർത്തി പങ്കിടുന്നവയാണ്. കോയമ്പത്തൂർ, ദിണ്ടിഗൽ, വിരുദു നഗർ, തിരുനെൽവേലി, കന്യാകുമാരി എന്നീ ജില്ലകളും കേരളത്തിന്റെ അയൽവാസികൾ ആണ്. ഇതിൽ വിരുദുനഗർ, ദിണ്ടിഗൽ എന്നിവയുടെ വളരെ കുറച്ചു ഭാഗങ്ങൾ മാത്രമേ കേരളത്തിന്റെ അതിർത്തിയിൽ വരുന്നുള്ളൂ. മൂന്നാറിനു സമീപമാണ് ദിണ്ടിഗൽ ജില്ലയുടെ ഒരു വാൽഭാഗം. അതുപോലെ വിരുദുനഗർ ജില്ലയുടെ ഒരു വാൽഭാഗം തേക്കടി പ്രദേശത്തിനു സമീപത്താണെന്നും പറയാം. കോയമ്പത്തൂർ, തിരുനെൽവേലി ജില്ലകളുടെ ഏറെ പ്രദേശങ്ങൾ കേരളവുമായി അതിർത്തി പങ്കിടുന്നുണ്ട്.

കേരളത്തിലെന്നതുപോലെ ആ സംസ്ഥാനത്തിന്റെ ഒരറ്റത്താണ് തലസ്ഥാന നഗരമായ ചെന്നൈ. ഇന്ത്യയിലെ ഒരു മെട്രോപ്പോലിറ്റൻ നഗരമായ ചെന്നൈയുമായി നമ്മുടെ തലസ്ഥാന നഗരിയെ താരതമ്യം ചെയ്യാൻപോലും സാധിക്കില്ല. അത്രയ്ക്കും വലുതും വികസനം പ്രാപിച്ചതുമാണ്. ഈ വൻ നഗരം. ബംഗാൾ ഉൾക്കടൽ തീരത്തുള്ള ചെന്നൈ നഗരത്തിന് സമീപമാണ് തമിഴ്നാട്ടിലെ തിരുവള്ളൂർ, കാഞ്ചീപുരം, വെല്ലൂർ എന്നീ ജില്ലകൾ. ആന്ധ്രാപ്രദേശിലെ ചിറ്റൂർ ജില്ലയ്ക്കു സമീപമാണ് വെല്ലൂർ. തെക്കേ അറ്റത്തുനിന്ന് ആരംഭിച്ചാൽ കന്യാകുമാരി, തൂത്തുക്കുടി, രാമനാഥപുരം, നാഗപട്ടണം, കടലൂർ, കാഞ്ചീപുരം, തിരുവള്ളൂർ, എന്നിവ സമുദ്ര തീരപ്രദേശ ജില്ലകളാണ്. തിരുനെൽവേലി, പുതുക്കോട്ട, തഞ്ചാവൂർ, വില്ലുപുരം എന്നീ ജില്ലകളുടെ കുറെ ഭാഗങ്ങളും കടൽതീരപ്രദേശങ്ങളാണ്. കേന്ദ്രഭരണപ്രദേശമായ പോണ്ടിച്ചേരി (പുതുച്ചേരി) വില്ലുപുരം ജില്ലയ്ക്കു സമീപമാണ്. തിരുവനന്തപുരം-നാഗർകോവിൽ, കൊല്ലം-തെങ്കാശി, കുമളി/തേക്കടി-തേനി, പാലക്കാട്-കോയമ്പത്തൂർ, പാലക്കാട്-പൊള്ളാച്ചി എന്നിവയൊക്കെയാണ് കേരളത്തിൽനിന്ന് തമിഴ്നാട്ടിലേയ്ക്കുള്ള പ്രധാന പാതകളിൽ ചിലത്.

തമിഴ്നാട്ടിലെ ഏറ്റവും നീളമുള്ള നദിയായ കാവേരി (760 കിലോമീറ്റർ) കർണാടകത്തിലെ കൂർഗിൽ നിന്നും ആരംഭിക്കുന്നു. (ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ നദി ഗംഗയാണ് -2480 കിലോമീറ്റർ.) ഏറ്റവും ചെറിയ ജില്ല ചെന്നൈയാണ്-1177 ചതുരശ്രകിലോമീറ്റർ. കേരളത്തിന്റെ ഭാഗമായിരുന്ന കന്യാകുമാരി ജില്ല, നീലഗിരി ജില്ല എന്നിവയാണ് മറ്റു ചെറിയ ജില്ലകൾ. ഇന്ത്യയുടെ ഏതാണ്ടു മധ്യഭാഗത്തായി ഭോപ്പാൽ സിറ്റി എന്നതുപോലെ തൃശ്ശിനാപ്പള്ളി നഗരമാണ് തമിഴ്നാടിന്റെ ഏതാണ്ടു മധ്യഭാഗത്തു കിടക്കുന്നത്. ഇതുവരെ പരാമർശിക്കാത്ത മറ്റ് ജില്ലകളുടെ പേരുകൾ ചേർക്കുന്നു. ശിവഗംഗ, മധുര, തിരുവരൂർ, പെരുമ്പല്ലൂർ, കരൂർ, നാമക്കൽ, സേലം, അരിയാലൂർ,തിരുവണ്ണാമല. പ്രസിദ്ധ തീർത്ഥാടന കേന്ദ്രങ്ങളായ നാഗൂർ മുസ്ലീം ദേവാലയം, വേളാങ്കണ്ണിപ്പള്ളി എന്നിവ നാഗപട്ടണം ജില്ലയിലാണ്. സെന്റ് തോമസ് മൗണ്ട് ചെന്നൈയിലാണ്. ഇന്ത്യയിലെ പ്രസിദ്ധമായ മധുരമീനാക്ഷി ക്ഷേത്രം മധുര നഗരത്തിൽ തന്നെയാണ്. ശ്രീകൃഷ്ണന്റെ ജീവചരിത്രവുമായി ബന്ധപ്പെട്ട മഥുര ഉത്തർപ്രദേശിലാണ്. ആ 'മഥുര'യല്ല ഈ 'മധുര'.

ഇന്ത്യയിലെ പ്രസിദ്ധമായ തിരുപ്പതിയിലെ ശ്രീ വെങ്കിടേശ്വര ക്ഷേത്രം, ചെന്നൈയിൽ നിന്നും വളരെ അകലെയല്ല. ആന്ധ്രാപ്രദേശിലെ ചിറ്റൂർ ജില്ലയിലാണ് തിരുപ്പതി. ധനുഷ്ക്കോടിപ്പട്ടണം, പാമ്പൻ പാലം, പുണ്യകേന്ദ്രമായ രാമേശ്വരം എന്നിവയാൽ രാമനാഥപുരം ജില്ല പ്രസിദ്ധമാകുന്നു.

*(തുടരും)*

*ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്*

സ്ഥലപരിമിതിമൂലം "ഇടമലക്കുടി- ഒരു യാത്രാനുഭവം"- എന്ന ലേഖനത്തിന്റെ 2-ാം ഭാഗവും, സ്ത്രീകൂട്ടായ്മയുടെ വിജയഗാഥ എന്ന പരമ്പരയും ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല

- എഡിറ്റർ

# ഭീകരവാദത്തോടുള്ള സാമൂഹിക പ്രതികരണം

**എ.പി. മഹേശ്വരി**

എല്ലാവർക്കും ന്യായമായ അവസരങ്ങൾ നൽകിക്കൊണ്ട് മാനവരാശിക്ക് നിലനിൽക്കാനുള്ള സമാധാനപരമായ മാർഗ്ഗങ്ങൾ കണ്ടെത്താൻ ആദ്യമായി ശ്രമിക്കുന്നത് നാമല്ല, അവസാനമായി ശ്രമിക്കുന്നതും നാം ആയിരിക്കുകയുമില്ല. പരസ്പര ബഹുമാനത്തോടെയുള്ള നിർഭയമായ ഒരു ജീവിതം സാദ്ധ്യമാക്കാനുള്ള വിവിധ സമൂഹങ്ങളുടെ പരിശ്രമത്തിന്റെ ചാലകശക്തി ചരിത്രത്തിലൂടെ ഒന്നു കണ്ണോടിച്ചാൽ മനസ്സിലാകും. സമൂഹത്തിനുള്ളിൽ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ വ്യത്യസ്ത തട്ടുകളിൽ നിന്ന് പ്രവഹിക്കുന്ന ചില സംഘട്ടന തലങ്ങൾ ഏതെങ്കിലും തരത്തിലുള്ള ചൂഷണമായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. നാമെല്ലാം അതിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. സമൂഹങ്ങൾ ഭരണകൂടം സ്പോൺസർ ചെയ്യുന്ന അക്രമത്തിനും സ്വകാര്യവ്യക്തികൾ നടത്തുന്ന ഭരണകൂടങ്ങളുടേതല്ലാത്ത ഭീകര പ്രവർത്തനങ്ങൾക്കുമിടയിൽ ചാഞ്ചാടുകയായിരുന്നു. അതിപ്പോൾ ഫ്രാഞ്ചൈസ് ഭീകരവാദമായി രൂപാന്തരപ്പെട്ടിരിക്കുന്നു.

സമാധാനം പുലർത്തുന്നതിനുള്ള പ്രധാന കടമ മനസ്സിലാക്കിക്കൊണ്ട്, പരമ്പരാഗതമായി സമൂഹങ്ങൾ ഭീകരപ്രവർത്തനങ്ങൾക്കെതിരെയുള്ള യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അക്രമികൾക്കെതിരെ തങ്ങളെ സംരക്ഷിക്കാൻ ചുമതലപ്പെടുത്തിയ സമാധാന സംരക്ഷകർക്ക് രഹസ്യവിവരങ്ങൾ നൽകിക്കൊണ്ടാണ് അവർ അത് ചെയ്തിരുന്നത്. ഇതിന്റെ അർത്ഥം തങ്ങൾക്ക് ചുറ്റും നടക്കുന്നത് എന്താണെന്ന് സശ്രദ്ധം വീക്ഷിക്കേണ്ടത് തങ്ങളുടെ സുപ്രധാന കടമയാണെന്ന് ജനങ്ങൾ മനസ്സിലാക്കണമെന്നും അവർ നൽകുന്ന വിവരങ്ങൾ അനുസരിച്ച് പ്രവർത്തിക്കാൻ ബാദ്ധ്യതയുള്ളവർക്ക് പ്രധാന വിവരങ്ങൾ നൽകണമെന്നുമാണ്. സുരക്ഷാ ഏജൻസികളുടെ നിർവ്വഹണമെന്ന അപകടകരമായ തൊഴിൽ ഏറ്റെടുക്കാൻ ഉത്തമ പൗരന്മാർ മുന്നോട്ടുവരണമെന്നും അതിന് അർത്ഥമുണ്ട്. അവർ ജീവിതത്തിൽ പ്രലോഭനങ്ങൾക്ക് വശംവദരാകരുത്; ആ സംവിധാനത്തെ ഉത്തരവാദിത്തം കുറഞ്ഞവരെ ഏൽപ്പിക്കുകയും അരുത്. ഇത് തങ്ങളുടെ കാര്യമല്ലെന്നും മറ്റുള്ളവരുടെ തലവേദനയാണെന്നുമുള്ള ഉത്തമ പൗരന്മാരുടെ മനോഭാവത്തിൽ മാറ്റം വരണമെന്നും അതിന് അർത്ഥമുണ്ട്.

ഭീകര പ്രവർത്തകരുടെ ശൃംഖല തകർക്കുന്നതിന് ഉത്തമ പൗരന്മാർ ഭീകരതയ്ക്കെതിരായി ഒത്തൊരുമിച്ച് ഒരു ദേശീയ പ്രചാരണം നടത്തണമെന്ന മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. മറ്റു തരത്തിലും, സിവിൽ ഡിഫൻസ് സൊസൈറ്റികൾ, ഹോം ഗാർഡുകൾ, എൻ.സി.സി., സ്കൗട്ട്, പബ്ലിക് ക്ളബ്ബുകൾ തുടങ്ങിയ രൂപങ്ങളിൽ വിവിധ ശക്തികൾ നാം വികസിപ്പിച്ചിട്ടുണ്ട്. സാധാരണക്കാർക്ക് അറിവ് പകരുന്നതിന് ഇതേ വേദി ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. അപ്പോൾ വിദ്യാസമ്പന്നരുടെ പങ്ക് സുപ്രധാനമായിത്തീരുന്നു. നമ്മുടെ ഔദ്യോഗിക പദവിയുടെയോ ക്ഷേമൈശ്വര്യങ്ങളുടെയോ സമ്പന്നർക്കിടയിലുള്ള നമ്മുടെ സാമൂഹിക ബന്ധങ്ങളുടെയോ പശ്ചാത്തലത്തിൽ നമ്മുടെ വ്യക്തിതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് പകരം പൊതുവേ സമൂഹത്തിനും അവഗണിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും വേണ്ടി നാം വേണ്ടത് ചെയ്തുവോ എന്ന് സ്വയം ചിന്തിക്കുന്നതിനായി ഏതാനും നിമിഷങ്ങൾ നീക്കിവയ്ക്കേണ്ടതുണ്ട്.

ഒരു ചട്ടപ്പടിയുള്ള സംവിധാനത്തിന് അതിന്റേതായ പങ്ക് വഹിക്കാനുണ്ട്. തിന്മകൾക്കെതിരെയുള്ള വൈമുഖ്യവും സാമൂഹിക സമ്മർദ്ദവും കാലക്രമേണ അലിഞ്ഞില്ലാതായിട്ടുണ്ട്. ഇന്ന് രാഷ്ട്രീയത്തിലും ഭരണത്തിലും അക്രമവൽക്കരണമാണ് നാം കാണുന്നത്. എന്തുകൊണ്ട് ഏതൊരു തെരഞ്ഞെടുപ്പിലും വോട്ടിംഗ് നൂറുശതമാനം ആയിക്കൂടാ? എന്തുകൊണ്ട് ചില പ്രത്യേകാവകാശങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്ന് നമുക്ക് ഒഴിഞ്ഞു നിൽക്കാനോ എളുപ്പമാർഗ്ഗങ്ങൾ തേടുന്നത് ഒഴിവാക്കാനോ പൊതുസേവനമേഖലകളിൽ ദല്ലാളുകൾ വിഹരിക്കുന്നത് തടയാനോ കഴിയുന്നില്ല? സമൂഹത്തിന്റെ പിൻതുണയ്ക്ക് അത്ഭുതങ്ങൾ ചെയ്യാൻ കഴിയും. പ്രായോഗിക സർവ്വേകൾ അനുസരിച്ച് പ്രതികൂല സാഹചര്യങ്ങളിൽപോലും ഭരണ സംവിധാനത്തിലെ 20% പേർ നല്ലവരായിരിക്കും. എത്ര ശ്രമിച്ചാലും 20% പേർ ചീത്തയായി തുടരും. ഇടയ്ക്കുള്ള 60% പേർ ധ്രുവീകരണം അനുസരിച്ച് ഇരുവശങ്ങളിലേയ്ക്കും ചായും. ബഹുജന പിൻതുണയ്ക്ക് ഇവിടെയാണ് മാറ്റം വരുത്താൻ കഴിയുക. എന്നാൽ രാഷ്ട്രീയ ധ്രുവീകരണത്തിന്റെ പശ്ചാത്തലത്തിൽ പറയുന്നതുപോലെ എളുപ്പമല്ല പ്രവർത്തിക്കുന്നത്. എന്നാൽ നമുക്ക് അതങ്ങനെ വേണ്ടെന്നു വയ്ക്കാനാവില്ല. സാമൂഹിക സ്ഥാപനങ്ങൾ തങ്ങളുടേതായ മാർഗ്ഗം കണ്ടെത്തേണ്ടതുണ്ട്.

നമ്മുടെ സമൂഹം പോലീസ് പരിഷ്ക്കരണത്തിന്റെയും പ്രൊഫഷണലിസത്തിന്റെയും പ്രശ്നങ്ങൾ ഏറ്റെടുക്കണം. എണ്ണത്തിനുമാത്രമല്ലാതെ മേന്മയ്ക്ക് ഊന്നൽ നൽകുന്ന ആസൂത്രിതവും സുപ്രധാനവുമായ ഒരു സർവ്വീസായി പോലീസിനെ പ്രഖ്യാപിക്കട്ടെ. അധികാരത്തിലിരിക്കുന്ന കക്ഷിയുടെ അടിച്ചമർത്താനുള്ള ഉപകരണമോ പ്രാകൃത വാസനകളിൽ അഭിരമിക്കുന്ന തരംതാണ മാനവവിഭവ സമാഹാരമോ അല്ലാതെയാകണം പോലീസ്. സമൂഹം ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും മെച്ചപ്പെട്ട പോലീസ് സംവിധാനം ആവശ്യപ്പെടുകയും വേണം. സമൂഹം സുരക്ഷാ സേവനങ്ങൾക്ക് കൂടുതൽ അന്തസ്സ് നൽകുകയും അതിന്റെ മുൻധാരണകൾ ഉപേക്ഷിക്കുകയും വേണം.

സാങ്കേതിക വൈദഗ്ദ്ധ്യത്തോടെ കയറ്റുമതി ചെയ്യപ്പെടുന്ന ഭീകര പ്രവർത്തനങ്ങളെ വിഫലമാക്കുന്നതിന് വിദഗ്ദ്ധ സേവനം ആവശ്യമായ ഒരു പങ്കാളിത്ത വേദി ഉണ്ടാക്കുകയാണ് ഉത്തരവാദിത്വമുള്ള ജനങ്ങൾക്ക് എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന ഒരു കാര്യം. ആവശ്യമായ സംവിധാനത്തിന്റെ അഭാവത്തിൽ ഉണ്ടാകുന്ന അമാന്തം മൂലം നഷ്ടപ്പെട്ടേക്കാവുന്ന ഭീകര പ്രവർത്തനത്തിന്റെ പല തെളിവുകളും കണ്ടെത്താനും വിശകലനം ചെയ്യാനുമായി ഏജൻസികളെ സഹായിക്കുന്നതിന് സൈബർ വിദഗ്ദ്ധർ, എൻജിനീയർമാർ, ഡോക്ടർമാർ, ഓഡിറ്റർമാർ തുടങ്ങി എല്ലാവർക്കും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ കഴിയും. ആവശ്യമായ പരിശോധനയ്ക്കുശേഷം അത്തരം വിദഗ്ദ്ധരെ തെരഞ്ഞെടുക്കുന്നതിന് വിവിധ സിവിൽ ഡിഫൻസ് വേദികൾ ഉപയോഗിക്കാവുന്നതാണ്. സുരക്ഷാ ഏജൻസികൾക്ക് അവരുമായി യോജിച്ച് പ്രവർത്തിക്കാം. ഓരോരുത്തരും ഒരു മാസം 24 മണിക്കൂർ മാത്രം ഇതിനായി നീക്കിവച്ചാലും ഏത് പ്രതിബന്ധവും തരണം ചെയ്യുന്നതിന് ഈ സഞ്ചിത വൈദഗ്ദ്ധ്യം മതിയാകും.

വിവിധ തലങ്ങളിലെ ഒരു പൊതു-സ്വകാര്യ സംയുക്ത സംരംഭമെന്ന നിലയിൽ രൂപീകരിക്കുന്ന പോലീസ് ദൗത്യ പരീക്ഷണങ്ങളും ശ്രമിച്ചുനോക്കാവുന്നതാണ്. വിവിധ രാജ്യങ്ങൾ ഫലപ്രദമായ സാമൂഹിക പോലീസ് സംവിധാനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഒരു ചെറിയ കാലയളവിൽ അമിത ഡോസുകൾ നൽകുന്നതിലൂടെയല്ല സമതുലിതമായ രീതിയിൽ ദിനംപ്രതി കൈക്കൊള്ളുന്ന ചെറിയ നടപടികളിലൂടെയാണ് ആരോഗ്യം നിലനിർത്താൻ കഴിയുന്നതെന്ന് നാം മറക്കരുത്.

അവസാനമായി മറ്റൊരു പ്രധാന കാര്യം-നാം സെൽഫ് പോലീസിംഗ് ചെയ്യുകയും സുരക്ഷാ നടപടിക്രമങ്ങളുമായി സഹകരിക്കുകയും വേണം. വെറുതെ ഒച്ചപ്പാടുണ്ടാക്കിയതുകൊണ്ടായില്ല. സുരക്ഷ ഒരു ഊർജ്ജസ്വല മേഖലയാണ്. അതുകൊണ്ട് തുടർച്ചയായ അവബോധവും ബോധവൽക്കരണവും സുസ്ഥിര സ്വഭാവമായി ഉരുത്തിരിയണം, ഒരു താൽക്കാലിക ഭ്രമമാകരുത്.

*ലേഖിക*
*ഉത്തർപ്രദേശ് ഡയറക്ടർ ജനറൽ*
*ഓഫ് പോലീസാണ്*

**Statement about ownership and other particulars about the Panchayat Raj (monthly) to be published in the first issue every year after the last day of February - Form IV (See Rule 8)**

1. Place of Publication : Thiruvananthapuram
2. Periodicity of the Publication : Monthly
3. Printer's Name : Dr. V.M. Gopala Menon IAS
   Nationality : Indian
   Address : Director of Panchayats, Thiruvananthapuram - 33
4. Publisher's Name : Dr. V.M. Gopala Menon IAS
   Nationality : Indian
   Address : Director of Panchayats, Thiruvananthapuram - 33
5. Editor's Name : Dr. V.M. Gopala Menon IAS
   Nationality : Indian
   Address : Director of Panchayats, Thiruvananthapuram - 33
6. Name and Address of individuals who own the newspaper and printer or shareholders holding more than 1% of the total capital : Government of Kerala

I, Dr. V.M. Gopala Menon IAS hereby declare that the particulars given above are true to the best of my knowledge and belief.

Thiruvananthapuram
1-3-2009

Sd/-
Director of Panchayats





## വാർത്തകളും വിശേഷങ്ങളും

### പഞ്ചായത്ത് വകുപ്പിൽ 190 ക്ലാർക്ക് തസ്തികകൾ അനുവദിച്ചു

190 ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി.ക്ലാർക്ക് തസ്തികകൾ അനുവദിച്ച് ഉത്തരവായി. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നികുതി പിരിവിനായി 190 ബിൽ കളക്ടർ തസ്തികകൾ നിലവിലുണ്ടായിരുന്നു. 1994-ലെ പഞ്ചായത്ത് രാജ് ആക്ട് സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം ബിൽ കളക്ടർ തസ്തിക ഇല്ലാതായി. ജീവനക്കാർ വിരമിക്കുന്ന ഒഴിവിൽ പകരം നിയമനം നടത്തിയിരുന്നില്ല. ഇപ്രകാരം 160 ബിൽ കളക്ടർമാർ പിരിഞ്ഞുപോയി. അവശേഷിക്കുന്ന 30 പേർ മാത്രമാണ് സർവ്വീസിലുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ജോലി ഭാരം ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ നിറുത്തലാക്കിയ ബിൽ കളക്ടർ തസ്തികയിലേയ്ക്ക് പകരം എൽ.ഡി. ക്ലാർക്ക് തസ്തിക അനുവദിക്കണമെന്ന് പഞ്ചായത്തുകൾ നിരന്തരം ആവശ്യപ്പെട്ടു വരികയായിരുന്നു. ഇത് പരിഗണിച്ചാണ് നിറുത്തലാക്കിയ ബിൽ കളക്ടർ തസ്തികയിലേയ്ക്ക് പകരം എൽ.ഡി.ക്ലാർക്ക് തസ്തിക അനുവദിച്ചത്. ഇതനുസരിച്ച് 160 എൽ.ഡി.ക്ലാർക്കുമാർക്ക് ഉടൻ നിയമനം ലഭിക്കുന്നതാണ്. 30 ബിൽ കളക്ടർമാർ വിരമിക്കുന്ന മുറയ്ക്ക് ആ തസ്തികകൾ എൽ.ഡി.ക്ലാർക്ക് തസ്തികയായി മാറ്റാനും ഉത്തരവായിട്ടുണ്ട്.

### കെട്ടിട നികുതി കുടിശ്ശിക പിഴപ്പലിശയിൽ 50 ശതമാനം ഇളവ്

കെട്ടിടനികുതി കുടിശ്ശികയായിട്ടുള്ളവർ ഒറ്റത്തവണയായി കുടിശ്ശിക അടച്ചാൽ പിഴപലിശയിൽ 50 ശതമാനം ഇളവ് അനുവദിക്കും. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ഗാർഹിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, വാണിജ്യവ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടവറുകൾ എന്നിവയുടെ നികുതി പരിഷ്ക്കരിച്ച് നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലുള്ള കെട്ടിട നികുതി നിർണ്ണയം നടപ്പിൽ വരുത്തുന്നതിന് കാലതാമസം ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് പുതിയ തീരുമാനം. (സ.ഉ.(ആർ.റ്റി)നം. 497/09/തസ്വഭവ. തീയതി, 27.02.2009)

### ഗ്രാമീണ തൊഴിലുറപ്പിന് 829 കോടിയുടെ പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്ത് അടുത്തവർഷം 829 കോടി രൂപയുടെ ഗ്രാമീണ വികസന പരിപാടികൾ നടപ്പാക്കും. പദ്ധതിയിൽപ്പെടുത്തി 421 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും 7,98,000 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാനും തിരുവനന്തപുരത്ത് തദ്ദേശസ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ്കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന സമിതി തീരുമാനിച്ചു. ദേശീയപാതകൾ ഉൾപ്പെടെ സംസ്ഥാനത്തെ നിരത്തുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ പദ്ധതി പരിധിയിൽപ്പെടുത്തി. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ കഴിഞ്ഞവർഷം സംസ്ഥാനം മികച്ച നേട്ടം കൈവരിച്ചതായി മന്ത്രി പറഞ്ഞു. ദേശീയതലത്തിൽ സംസ്ഥാനത്തിനിപ്പോൾ മൂന്നാം സ്ഥാനമാണെന്ന് അദ്ദേഹം അറിയിച്ചു. കഴിഞ്ഞ വർഷം പദ്ധതി നടത്തിപ്പിൽ മികച്ച പ്രവർത്തനം നടത്തിയ ജില്ലയ്ക്കുള്ള പുരസ്കാരത്തിന് പാലക്കാട് അർഹമായി. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും പുരസ്കാരം നൽകണമെന്ന് യോഗം നിർദ്ദേശിച്ചു. സംസ്ഥാനത്ത് തൊഴിലാളികളുടെ കുറഞ്ഞ കൂലി 160 രൂപയാക്കി കരട് വിജ്ഞാപനമായിട്ടുണ്ടെന്ന് തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് യോഗത്തെ അറിയിച്ചു. അന്തിമ വിജ്ഞാപനം വരുന്ന മുറയ്ക്ക് അതിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കും. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കഴിഞ്ഞവർഷ പ്രവർത്തന റിപ്പോർട്ട് യോഗം അംഗീകരിച്ചു. പദ്ധതി വിഹിതം യഥാസമയം ലഭ്യമാക്കാൻ ഊർജ്ജിത നടപടി വേണമെന്ന് അംഗങ്ങൾ നിർദേശിച്ചു. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ 12-ാം ക്ലാസുവരെ പഠിച്ച പെൺകുട്ടികളെ പദ്ധതി പ്രവർത്തന മേൽനോട്ടത്തിനുള്ള ബെയർഫൂട്ട് എഞ്ചിനീയറായി നിയമിക്കും. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന് തദ്ദേശസ്വയംഭരണ മന്ത്രിയുടെ നേരിട്ടുള്ള പങ്കാളിത്തത്തോടെ മേഖലാതല അവലോകന യോഗങ്ങൾ നടത്തും. പദ്ധതിയിൽപെടുത്തി ഇതുവരെ 17 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ കാർഡ് നൽകി. ഇതിൽ രണ്ടര ലക്ഷംപേർ പട്ടികജാതിക്കാരാണ്. 8000 ത്തോളം പട്ടികവർഗ്ഗക്കാരാണ്. കഴിഞ്ഞവർഷം അഞ്ചുലക്ഷത്തിലധികം കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു.

### തദ്ദേശഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് മാത്രമേ അവതരിപ്പിക്കാവൂ

തെരഞ്ഞെടുപ്പ് മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2009-10 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ 2008-09 വർഷത്തേയ്ക്ക് അവതരിപ്പിച്ച ബഡ്ജറ്റ് മാത്രമേ അവതരിപ്പിക്കാൻ പാടുള്ളൂവെന്നും മറ്റ് മാറ്റങ്ങൾ തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ചശേഷം മാത്രമേ പാടുള്ളൂവെന്നും ചീഫ് ഇലക്ടറൽ ഓഫീസർ അറിയിച്ചു. മാതൃകാപെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ മാറ്റം വരുത്താൻ പാടില്ല.

### ചെറിയ വീടുകൾക്ക് മഴവെള്ള സംഭരണി നിർബന്ധമല്ല

ചെറിയവീടുകൾക്ക് മഴവെള്ള സംഭരണി നിർബന്ധമാക്കിയിട്ടില്ലെന്ന് സർക്കാർ അറിയിച്ചു. അഞ്ച് സെന്റിൽ കൂടുതലുള്ള സ്ഥലത്ത് പണിയുന്ന 100 ചതുരശ്രമീറ്ററിൽ (1100 സ്ക്വയർ അടി) അധികം വലിപ്പമുള്ള ഭവനങ്ങൾ നിർമ്മിക്കുമ്പോൾ മാത്രമാണ് മഴവെള്ള സംഭരണി നിർബന്ധമാക്കിയിട്ടുള്ളത്. ഇത് കണക്കിലെടുക്കാതെ പഞ്ചായത്ത് നഗരസഭാ സെക്രട്ടറിമാരിൽ ചിലർ ചെറുവീടുകൾക്കും ഈ വ്യവസ്ഥകൾ ബാധകമാക്കുന്നതായി ആക്ഷേപം ഉണ്ടായിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിശേഷിച്ചും ചെറുഭവനങ്ങൾ നിർമ്മിക്കുന്നവർക്ക് പ്രയാസം ഉണ്ടാക്കുന്ന തരത്തിൽ ചട്ടത്തിൽ നിഷ്ക്കർഷിക്കാത്ത കാര്യം നടപ്പാക്കുന്നതിന് നിർബന്ധം പിടിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കും.

### 'റോഡ് ഞങ്ങളുടെ തറവാട്'

അപകടകരമായ രീതിയിൽ റോഡുകൾ ദുരുപയോഗം ചെയ്യുന്നതിനെതിരെ ബാലചന്ദ്രമേനോൻ രചനയും സംവിധാനവും നിർമ്മാണവും നിർവ്വഹിച്ച 'റോഡ് ഞങ്ങളുടെ തറവാട്' എന്ന ഡോക്യുമെന്ററിയുടെ സി.ഡി വാങ്ങുന്നതിന് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ അവയുടെ തനതു ഫണ്ടിൽ നിന്നും 100 രൂപ (നൂറ് രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവായി.
(സ.ഉ.(സാധാ) നം.535/2009/തസ്വഭവ, തീയതി 3.03.2009)

**കേരള സർക്കാർ**
**തദ്ദേശ സ്വയംഭരണ (ഇപിഎ) വകുപ്പ്**

നം.79865/ഇ.പി.എ1/08/തസ്വഭവ. തിരുവനന്തപുരം, തീയതി: 02.03.2009

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയം ഭരണം-പഞ്ചായത്തു വകുപ്പ്-സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത്-സംബന്ധിച്ച്-വിശദീകരണം.

സൂചന:- 1) സ.ഉ(പി) നമ്പർ 189/2000/LSGD തീയതി 4.07.2000

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി തേടി ധാരാളം ഗ്രാമപഞ്ചായത്തുകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. അധികാരവികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകളിലെ ജോലിഭാരം ലഘൂകരിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിലെ യോഗ്യരായവരുടെ മാനവശേഷി പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച്, സൂചനയിലെ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ ഉത്തരവിലെ താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ജോലിഭാരം ലഘൂകരിക്കുന്നതിനായി ഗ്രാമപഞ്ചായത്തകൾക്ക് ഗ്രാമവാസികളിൽ യോഗ്യരായവരുടെ മാനവശേഷി പ്രയോജനപ്പെടുത്താവുന്നതാണ്.

1. ഗ്രാമപഞ്ചായത്തിലുള്ള യോഗ്യരായവരുടെ സേവനം, പെൻഷൻ വിതരണം, കണക്കുകൾ തിട്ടപ്പെടുത്തൽ, ഫാറങ്ങൾ തയ്യാറാക്കൽ, പ്രോജക്ടുകൾ തയ്യാറാക്കൽ എന്നീ കാര്യങ്ങൾക്കും ഗ്രാമ പഞ്ചായത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും ഉപയോഗപ്പെടുത്താവുന്നതാണ്.
2. താൽക്കാലിക വേതനത്തിൽ ഒരാൾക്ക് പരമാവധി 100 പ്രവൃത്തി ദിവസങ്ങൾ ജോലി നൽകാവുന്നതാണ്.
3. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവരിൽ 50% സ്ത്രീകൾ ആയിരിക്കണം.
4. ഓരോ വർഷവും പുതിയ സംഘം ആളുകളുടെ സേവനമാണ് ഉപയോഗപ്പെടുത്തേണ്ടത്.

**ടി. കെ ജോസ്**
സെക്രട്ടറി

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

### പഞ്ചായത്ത് രാജ് മാസികയുടെ വരിസംഖ്യയും പരസ്യനിരക്കും വർദ്ധിപ്പിച്ചു

പഞ്ചായത്ത് രാജ് മാസികയുടെ വാർഷികവരിസംഖ്യയും, പരസ്യനിരക്കുകളും 1.4.2009 മുതൽ വർദ്ധിപ്പിച്ചു (ജി.ഒ. (ആർ റ്റി)നം: 115/09/തസ്വഭവ തീയതി. 13/01/2009)

**പരസ്യ നിരക്ക്**

*തുക രൂപയിൽ*

| | |
|---|---|
| കവർ (അവസാനപുറം) കളർ | : 12000/- |
| കവർ (ഉൾവശം) കളർ | : 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : 8000/- |
| മറ്റു പേജുകൾ കളർ | : 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : 6000/- |
| അര പേജ് (കളർ) | : 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം

**എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,**
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ.,
തിരുവനന്തപുരം -33

Edited and Published by Dr. V.M. Gopala Menon, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.

# പഞ്ചായത്തുകൾ പ്രാദേശിക സർക്കാരുകളാണ് അവയെ ശക്തിപ്പെടുത്തുക

വിഭവ സമാഹരണം
സമഗ്ര ഗ്രാമ വികസനത്തിന്



ഗ്രാമ വികസനത്തിന്റെ ചാലകശക്തി
ജനപങ്കാളിത്തവും
പഞ്ചായത്തുകളുടെ സമ്പത്തുമാണ്

വിഭവ സമാഹരണത്തിന്
പഞ്ചായത്തുകളുമായി സഹകരിക്കുക!

പഞ്ചായത്തുകൾക്ക് നൽകേണ്ട
വിവിധയിനം നികുതികൾ
ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക!

ഗ്രാമവികസനത്തിൽ പങ്കാളിയാവുക!

പിഴപലിശ, ജപ്തി, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ
ഒഴിവാക്കാൻ പഞ്ചായത്തുകളുമായി സഹകരിക്കുക

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്